T64
T36

ആസ്വാദനം



കെ.എം. തോമസ്, എം.എ.

ആസ്വാദനം

NATIONAL BOOK STALL
SPCS
LTD
BR. KOTTAYAM

സാഹിത്യപരിഷത് സഹകരണസംഘം
എറണാകുളം

ASVADANAM

(ESSAYS)

BY

K. M. THOMAS, M. A.

DISTRIBUTORS

SAHITHYA PARISHAT C. S. LTD.

Re. 1

ആസ്വാദനം

കെ. എം. തോമസ്, എം. ഏ.



T64
T36

വിതരണക്കാർ

സാഹിത്യപരിഷത് സഹകരണസംഘം

വില 1 ക

1957 April Copies 1000

RIGHTS RESERVED

Printed at
Parishanmudranalayam, Ernakulam

ഉള്ളടക്കം

		പേജ്
കത്തുകൾ	(1954)	9
അഗാധതയിൽ നിന്ന്	(1954)	27
ഇന്നു ഞാൻ, നാളെ നീ	(1954)	42
മോപ്പസാങ്ങും മേരിയും	(1954)	52
ഗെഥേ	(1953)	61
ടോൾസ്റ്റോയിയുടെ നാടകങ്ങൾ	(1953)	80
ആൻറൺ ചെഹോവ്	(1952)	86
ചെറുകഥ വിശ്വസാഹിത്യത്തിൽ	(1950)	102

ഉള്ളടക്കം

കൊല്ലുക	(1947)	9
ഗുരു മറിയത്തായമ്മ	(1964)	21
ദേവ ഇതാ ഇവിടെ നമ്മ	(1974)	48
ഒളിമങ്ങാ ഓലപ്പുരയും	(1994)	58
മാധവൻ	(1998)	71
മാതൃഭൂമിയെ ഞങ്ങൾക്കു	(1998)	80
ഗോപാലൻ മാസ്റ്റർ	(1982)	89
അറിയപ്പെടാത്ത രാജാക്കന്മാരും	(1990)	103

കത്തുകൾ

"കത്തുകൾ—അവയ്ക്കാത്മാവുണ്ട്, സംസാരിയ്ക്കുന്നതിനുള്ള ശേഷിയുണ്ട്, ഹൃദയത്തിന്റെ ഗതിവിഗതികൾ സമർത്ഥമായി പ്രകാശിപ്പിയ്ക്കുന്നതിനുള്ള ശക്തിയുമുണ്ട്. വികാരത്തിന്റെ മാധുര്യം അവയിൽ ഉറിയൂറി നില്ക്കുന്നു. വ്യക്തികളുടെ ശാരീരികമായ സാന്നിദ്ധ്യം എന്നപോലെ വികാരോത്തേജനത്തിനു കത്തുകളും ഉപകരിയ്ക്കുന്നു. അഭിമുഖസംഭാഷണത്തിൻറേതായ ലാളിത്യവും നൈർമ്മല്യവും ഉണ്ടെന്നു മാത്രമല്ല, അതിനില്ലാത്തതായ ആശയപ്രകാശനധീരതയും അവയ്ക്കുണ്ട്.....എന്നെപ്പോലെയുള്ള നിസ്സഹായരെ ആശ്വസിപ്പിയ്ക്കുന്നതിനായിരിയ്ക്കണം, ആദ്യമായി കത്തുകൾ കണ്ടുപിടിയ്ക്കപ്പെട്ടതു്.....അങ്ങയെ കാണുന്നതിനും അങ്ങുമായുള്ള ജീവിതം ആസ്വദിയ്ക്കുന്നതിനും അവകാശവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടിരിക്കുന്ന എനിയ്ക്ക് ആ നഷ്ടം പരിഹരിക്കുവാൻ സാധിയ്ക്കുന്നതു്, അങ്ങയുടെ എഴുത്തുകളിൽക്കൂടി മാത്രമാണ്. അവയിലൂടെ ഞാൻ അങ്ങയുടെ വിശ്വാസമായ ചിന്തകളെ ഗ്രഹിക്കുന്നു"
—പന്ത്രണ്ടാം നൂറ്റാണ്ടിൽ ഫ്റാൻസിലെ ഒരു കന്യാസ്ത്രീ

9 മഠത്തിന്റെ വീപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിലിരുന്നുകൊണ്ട് ഹെലോയിസ്, അകലെയൊരാശ്രമത്തിൽ കഴിഞ്ഞുകൂടിയിരുന്ന അവളുടെ ഇഷ്ടകാമുകനായ അബെലാർഡിന് എഴുതിയ ഒരു കത്തിലെ വാചകങ്ങളാണിവ. വിരഹദുഃഖാർത്തയായ ഒരു കാമുകിയുടെ കണ്ണിൽ കത്തുകൾ എത്ര വിലപ്പെട്ട വയാണെന്ന് അവ വെളിപ്പെടുത്തുന്നു. "ഒരു സ്ത്രീയുടെ കത്തിനു തുല്യമായി ലോകത്തിൽ യാതൊന്നുംതന്നെയില്ല" എന്നു കവിയായ ബെയറൺ പറഞ്ഞിരിയ്ക്കുന്നു. ഫ്രഞ്ചു ചിന്തകനായ വോൾട്ടയറിനാകട്ടെ "കത്തുകൾ ജീവിതത്തിന്റെ ആശ്വാസമായിരുന്നു." ഫ്രാൻസിസ് ബേക്കന്റെ ഉക്തിയിൽ "എഴുതപ്പെട്ടിട്ടുള്ള മനുഷ്യവചനങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ്ഠം കത്തുകളാണ്." മുരുകിപ്പറഞ്ഞാൽ രസമുള്ളവയാണ് കത്തുകൾ. കാമുകിയും കവിയും രാഷ്ട്രീയചിന്തകനും നിരൂപകനും എന്നുവേണ്ടാ എല്ലാവരും അവ വായിക്കുവാൻ ഇഷ്ടപ്പെടുന്നു.

പാശ്ചാത്യലോകത്തു വഴിഞ്ഞുകൊണ്ടിരിയ്ക്കുന്ന കത്തുകളുടെ സമാഹാരങ്ങൾ ഈ വാസ്തവം തന്നെയാണു വെളിപ്പെടുത്തുന്നത്. സാമൂഹ്യമോ, സാമ്പത്തികമോ, രാഷ്ട്രീയമോ ആയ ഏതെങ്കിലും മണ്ഡലത്തിൽ പ്രശസ്തിയാർജ്ജിച്ച വ്യക്തികളുടെ കത്തുകൾ അവരുടെ മരണശേഷം സമാഹരിച്ചു പ്രസിദ്ധം ചെയ്യുന്ന ഏർപ്പാട് അവിടെ സർവ്വസാധാരണമായിത്തീർന്നിട്ടുണ്ട്. തന്മൂലം പാശ്ചാത്യസാഹിത്യങ്ങളിലെല്ലാം തന്നെ കത്തുകൾ വ്യതിരിക്തമായ ഒരു പ്രസ്ഥാനമായി വളർന്നുകഴിഞ്ഞിരിയ്ക്കുന്നു.

കത്തുകൾ വായിക്കുന്നതിനും ആസ്വദിയ്ക്കുന്നതിനുമുള്ള സാധാരണക്കാരന്റെ അഭിനിവേശത്തെ കഥാകാരൻ

സഹകരിച്ചായി ചൂഷണം ചെയ്തിട്ടുണ്ട്, ചെയ്യാറുമുണ്ട്. ഏതൊരു സാഹിത്യം പരിശോധിച്ചാലും കാണാം, കത്തുകളുടെ രൂപത്തിലുള്ള നോവലുകളും ചെറുകഥകളും. ഇംഗ്ലീഷു സാഹിത്യത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവലെന്നു വിളിച്ചുവരുന്ന സാമുവൽ റിച്ചാഡ്സന്റെ 'പമേല' അത്തരമൊരു കൃതിയാണ്. നമ്മുടെ ഭാഷയിൽ സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയുടെ 'നരകത്തിൽ നിന്നു' അതേ സാങ്കേതികമാർഗ്ഗം അവലംബിച്ചുള്ളതാണ്.

കത്തുകൾ സാധാരണക്കാരനെ ഇത്രത്തോളം ആകർഷിക്കുന്നതു് എന്തുകൊണ്ടായിരിയ്ക്കാം? അവയിൽ നിഴലിയ്ക്കുന്ന ആത്മാർത്ഥതയാണതിന്നു കാരണമെന്നു് തോന്നുന്നു. ഹൃദയത്തിന്റെ ഹൃദയത്തിൽ നിന്നും ഉതിർന്നുവരുന്ന വികാരങ്ങളും ചിന്താശകലങ്ങളും യാതൊരു കൃത്രിമത്വവും കൂടാതെ അതേപടി ലളിതമായി നാം കത്തുകളിലേക്കു പകർത്തുന്നതുകൊണ്ടാണു് അവയ്ക്കു് ആ ഗുണം ഉണ്ടായിരിയ്ക്കുന്നതു്. ഡോ. ജോൺസന്റെ ഭാഷയിൽ പറഞ്ഞാൽ, കത്തുകളിൽ അവ എഴുതിയ വ്യക്തിയുടെ ആത്മാവു നഗ്നമായി പ്രകാശിപ്പിയ്ക്കപ്പെടുന്നതുകൊണ്ടു്.

കലാഭംഗിയുള്ള കത്തുകൾ എഴുതുക നിഷ്പ്രയാസമായ ഒരു കാര്യമല്ല. എപ്പോഴും എല്ലായ്പോഴും അതു സാധിച്ചുവെന്നും വരികയില്ല. നല്ല കത്തെഴുത്തുകാരെന്നു പ്രശസ്തി നേടിയിട്ടുള്ളവർ പോലും മൂന്നാംതരം കത്തുകളുടെകൂടി കർത്താക്കന്മാരാണെന്ന വാസ്തവം അതാണു നമ്മെ പഠിപ്പിക്കുന്നതു്. ഒരു വ്യക്തിയ്ക്കു് ഒരു നല്ല കത്തെഴുതുവാൻ കഴിഞ്ഞെന്നുവെച്ചു് അയാളെഴുതുന്ന കത്തുകളെല്ലാം മെച്ച

പ്പെട്ടവയാണെന്ന് വരുന്നതല്ല. കത്തെഴുതുന്ന സാഹചര്യ മാണ്, തുലികയല്ല, പലപ്പോഴും കത്തിനെ മഹത്തരമാ ക്കിത്തീർക്കുന്നത്. കവിയ്ക്കും സാഹിത്യകാരനും മാത്രമേ മ നോഹരമായ കത്തുകളെഴുതുവാൻ കഴിയുകയുള്ളുവെന്ന ഒരു ധാരണയുണ്ടെങ്കിൽ, അതു തെറ്റാണ്. കേവലം ഒരു സാ ധാരണക്കാരന് ആത്മസ്പർശിയായ ഒരു ജീവിതാനുഭവം ഉ ണ്ടായാൽ അതിനെ പരാമർശിച്ചു നല്ലൊരു കത്തെഴുതുവാൻ സാധിച്ചേയ്ക്കാം. അനുഭവത്തിന്റെ മൂശയിൽ നിന്നും ചൂ ടോടുക്കുടെ വികാരം കത്തിലേയ്ക്കു പകർന്നാൽ ആത്മാർത്ഥ തയും നാടകീയതയും അതിനു താനേ ഉണ്ടായിക്കൊള്ളും. കാലത്തെ അതിജീവിയ്ക്കുന്നതിനുപോലും ചിലപ്പോൾ അ തിനു സാധിയ്ക്കും.

നല്ല കത്തുകൾക്ക് അനുപേക്ഷണീയമായി ഉണ്ടായി രിക്കേണ്ട ഗുണവിശേഷങ്ങൾ എന്തെല്ലാമെന്ന് നിർദ്ദേശി യ്ക്കുക സാദ്ധ്യമല്ല. കാരണം ഓരോ വ്യക്തിയും ഓരോ ത രത്തിലുള്ള എഴുത്തുകളാണ് ഇഷ്ടപ്പെടുന്നതെന്നുള്ളതുത ന്നെ. വളരെ ചുരുക്കി, സമഗ്രമായി, എഴുതപ്പെട്ടുന്ന കത്തു കളെ ഇഷ്ടപ്പെടുന്നവരുണ്ടെങ്കിൽ, നീട്ടിവലിച്ചു വേണ്ടതും വേണ്ടാത്തതുമായ വിവരങ്ങൾ കുത്തിച്ചെലുത്തി ഒരുതരം അവിയൽ രൂപത്തിൽ ഏകാഗ്രത ഭീക്ഷിയ്ക്കാതെ എഴുത പ്പെട്ടുന്നവ അതുല്യമെന്നു വാദിയ്ക്കുന്നവരുമുണ്ട്. മാക്ക് ട യിനിന്റേയും, സ്റ്റീഫൻ ലീക്കോക്കിന്റേയും നമ്മരസപ്ര ധാനമായ കത്തുകൾ വായിച്ചു തലകുലുക്കുന്നവർ ഒരു വശ ത്തു്, അതേസമയം അവ ചവറുകൊട്ടയിൽ തള്ളേണ്ടതാ ണെന്നു വാദിയ്ക്കുകയും, വാൾട്ടർ റാലി, മേരി മൊണ്ടഗു മു തലായവരുടെ ഗൗരവഭാവത്തിലുള്ള കത്തുകൾ രസിയ്ക്കുക

യും ചെയ്യുന്നവർ മറുവശത്തു്. അങ്ങിനെ വരുമ്പോൾ, ഇന്ന തരത്തിൽ ഇന്നിന്ന പ്രത്യേകതകളോട്ടുകൂടെ എഴുതപ്പെടുന്ന കത്തുകളായിരിയ്ക്കും നല്ലതെന്നു തീർപ്പുകല്പിയ്ക്കുക പ്രയാസമാണു്. എങ്കിലും ഒന്നു പറയാം. ഒരാശയത്തേയോ വികാരത്തേയോ, അനുഭവത്തേയോ ശ്രുപഭദ്രതയോടെ കത്തിലാക്കുവാൻ കഴിയുമെങ്കിൽ, സാധാരണക്കാരനു രസിയ്ക്കുവാനുള്ള വക അതിൽ വേണ്ടുവോളമുണ്ടായിരിക്കും.

ആശയവിനിമയത്തിനുള്ള ഉപാധിയെന്ന നിലയിലാണു് ആദ്യമായി കത്തുകൾ രൂപം കൊണ്ടതു്. മനുഷ്യസമുദായത്തിന്റെ വളർച്ചയുടെ ചരിത്രത്തിൽ അഭിമുഖസംഭാഷണത്തിനുള്ള സാഹചര്യങ്ങൾ കുറഞ്ഞുതുടങ്ങുകയും ആശയവിനിമയത്തിന്റെ ആവശ്യകത ഒഴിച്ചുകൂടാതാവുകയും ചെയ്ത ആ കാലഘട്ടം മുതൽ ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ കത്തെഴുത്തു് ആരംഭിച്ചുവെന്നു കരുതണം. കടലാസ്സിലല്ല ആദ്യത്തെ കത്തുകൾ എഴുതിയതു്. പുരാതനമനുഷ്യന്റെ കയ്യിൽ ഇഷ്ടികയും തോലും കടലാസിനു തുല്യമായിരുന്നു. മുനയുള്ള ചില ഉപകരണങ്ങളായിരുന്ന അവന്റെ പേന. കരിയും പശയും ചേർത്തതായിരുന്ന അവന്റെ മഷി. ഇവയുടെ സഹായത്താൽ അനേകം മണിക്കൂറുകളുടെ പ്രയത്നഫലമായിട്ടാണു് അക്കാലത്തെ മനുഷ്യൻ ഒരു കത്തെഴുതി മുഴുമിപ്പിച്ചിരുന്നതു്. കാലം നീങ്ങുകയും, 'പാപ്പിറസ്' ഉപയോഗത്തിലാവുകയും ചെയ്തതോടെ ആ വിഷമങ്ങൾ കുറെയൊക്കെ നീങ്ങി. ക്രിസ്തുവിന്റെ ജീവിതകാലമായപ്പോഴേയ്ക്കു്, പുരാതന റോമാസാമ്രാജ്യത്തിന്റെ പ്രതാപകാലത്തു, കത്തെഴുത്തു് ഒരു കലയായി മാറുന്നതു് നാം കാണുന്നു. റോമൻ ചക്രവർത്തിമാരുടെ ഇട

യിൽത്തന്നെ നല്ല കത്തെഴുത്തുകാർ ഉണ്ടായിരുന്നു. സെൻറ പോളും മറ്റു ക്രിസ്തുമതപ്രചാരകരും ഇരുപതോളം നൂറ്റാണ്ടുകൾക്കു മുമ്പു് എഴുതിയ കത്തുകൾ ഇന്നും രൂപത്തിലും ഭംഗിയിലും അജയ്യമായി നിലക്കൊള്ളുന്നു. പ്രസംഗകലയിൽ വിദഗ്ധനായിരുന്ന സിസെറോ കത്തെഴുത്തിലും മിടുക്കനായിരുന്നുവെന്നു ചരിത്രം ഘോഷിയ്ക്കുന്നു.

മദ്ധ്യകാലഘട്ടം — ഏ. ഡി. 410 മുതൽ 1453 വരെയുള്ള കാലമാണു് യൂറോപ്യൻ ചരിത്രത്തിൽ ഇപ്പേരിലറിയപ്പെടുന്നതു് — സംസ്കാരത്തിൻെറയും സാഹിത്യത്തിൻെറയും ചരിത്രത്തിൽ പൊതുവെ ഇരുണ്ട ഒരദ്ധ്യായത്തിനുള്ള വിഷയമാണു്. നല്ല കത്തുകൾ അക്കാലത്തും എഴുതപ്പെട്ടിട്ടുണ്ടാവാം. പക്ഷേ വളരെക്കുറച്ചുമാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ.

പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളാണു് പല സാഹിത്യചരിത്രകാരന്മാരും കത്തെഴുത്തിൻെറ സുവർണ്ണദശയായി ചൂണ്ടിക്കാണിയ്ക്കുന്നതു്. ഫ്രഞ്ചുകാരിയായിരുന്ന മാഡം ഡി സെവിനെ, ഇംഗ്ലീഷുകവിയും സാഹിത്യകാരനുമായിരുന്ന വില്യം കൂപ്പർ, പ്രസിദ്ധ പാർലിമെൻറേറിയനായിരുന്ന ലോർഡ് ചെസ്റ്റർഫീൽഡ് തുടങ്ങിയ പ്രശസ്ത കത്തെഴുത്തുകാർ ആ കാലഘട്ടത്തിൽ ജീവിച്ചിരുന്നു. അതുകൊണ്ടുമാത്രം അക്കാലത്തെ കത്തെഴുത്തിൻെറ സുവർണ്ണദശയെന്നു വിളിയ്ക്കേണ്ടതില്ലെന്നു വാദിയ്ക്കുന്നവരുണ്ടു്. എല്ലാക്കാലത്തും നല്ല കത്തുകൾ ഉണ്ടായിട്ടുണ്ടു്. കാലത്തിൻെറ പോക്കിൽ അവയിൽ ഒരു നല്ല പങ്കു നശിച്ചുപോയെന്നു കരുതി, ഒരു പ്രത്യേക കാലയളവിൽ ജീവിച്ചിരുന്ന ഏതാ

നും വ്യക്തികളുടെ കത്തുകൾക്കും, തന്മൂലം ആ കാലഘട്ടത്തിനും മാത്രം കത്തെഴുത്തിന്റെ ചരിത്രത്തിൽ പ്രാധാന്യം കല്പിയ്ക്കുന്നതു് ശരിയല്ലെന്നാണു് അവരുടെ വാദം.

അതെങ്ങിനെയുമിരിയ്ക്കട്ടെ. ഒന്നാംതരം കത്തെഴുത്തുകാർ പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ ഉണ്ടായിയെന്നതു സത്യം. അന്നത്തെ സാഹചര്യമാണു് അവരെ സൃഷ്ടിച്ചതെന്നും സ്പഷ്ടം. വളരെക്കുറച്ചു വർത്തമാനപ്പത്രങ്ങളേ അക്കാലത്തു പ്രചാരത്തിലുണ്ടായിരുന്നുള്ളൂ. ഇക്കാലത്തെപ്പോലെ ഒരു പട്ടണത്തിൽ നിന്നു തന്നെ പന്ത്രണ്ടും ഇരുപത്തും ദിനപ്പത്രങ്ങൾ അന്നു പുറപ്പെട്ടിരുന്നില്ല. ഉള്ളവ വാർത്താപ്രചരണത്തിനു സമർത്ഥമായി ഉപകരിച്ചിരുന്നുമില്ല. രാഷ്ട്രീയലേഖകന്മാർക്കു കസർത്തു നടത്തുന്നതിനുള്ള ഗോഷ്ഠികളായിരുന്നു അവയിൽ നല്ല പങ്കും. തന്മൂലം കത്തുകളിലൂടെയാണു് വാർത്താവിനിമയം സാദ്ധ്യമായിരുന്നതു്. വാർത്തകൾ സ്വീകരിയ്ക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള ഒരാവേശം അന്നത്തെ ആളുകളിൽ വളരെ പ്രകടമായിരുന്നുതാനും. കത്തെഴുത്തിനു പ്രചാരം ലഭിച്ചതിനുള്ള ഒരു കാരണം അതാണു്. തപാലേർപ്പാടും ഇന്നത്തെപ്പോലെ കാര്യക്ഷമമായിരുന്നില്ല. ഒരു സ്ഥലത്തു നിന്നു് അതിനടുത്തുള്ള വേറൊരു സ്ഥലത്തേക്കു് കത്തയക്കുന്നതിനു് ദിവസങ്ങളും ആഴ്ചകളും അവശ്യമായിരുന്നു. സമയനഷ്ടത്തിന്റെ കാര്യം പോകട്ടെ. തപാൽക്കൂലിയാണെങ്കിൽ, സാധാരണക്കാരനു താങ്ങാവുന്ന തരത്തിൽ നിസ്സാരമായിരുന്നില്ല. അതുകൊണ്ടാകെ ഒരു കത്തെഴുതുന്നതിനുള്ള ആവശ്യം നേരിട്ടാൽ ആ അവസരം ശരിയായി വിനിയോഗിക്കുന്നതിനു സാധാരണക്കാരൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വാർത്താപ്രധാന

ങ്ങളായ നീണ്ട കത്തുകൾ അക്കാലത്തെ ധാരാളമുണ്ടാവാനി
ടയായതങ്ങനെയാണ്.

അത്തരം കത്തുകളിൽ മാഡം ഡി സെവിനെയുടേയും, ലേഡി മേരി വോർട്ട്‌ലി മൊണ്ടേഗുവിന്റേയും കത്തുകൾ മിക
ച്ചുനില്ക്കുന്നു. ലൂയി പതിനാലാമന്റെ രാജകീയസദസ്സിലെ ഒരംഗമായിരുന്ന മാഡം ഡി സെവിനെ. സരളവും ലളിത
വും ആയ ഒരു കത്തെഴുത്തുരീതി അവൾക്ക് വശമായിരുന്നു. മകൾക്ക് അവരെഴുതിയ കത്തുകളിൽ അക്കാലത്തെ പാരീ
സ് ജീവിതത്തിന്റെ തനിനിറം കാണാം. ഒരു കത്തെഴു
ത്തുകാരി എന്ന നിലയിൽ മാത്രമാണ് അവരുടെ പ്രശസ്തി
ലേഡി മേരിയുടെ കഥയും അതുപോലെതന്നെ. പതിനെ
ട്ടാംനൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ കോൺസ്റ്റാന്റിനോ
പ്പിളിൽ ഒരു രാജകീയപ്രതിപുരുഷന്റെ പത്നിയെന്ന
നിലയിൽ കഴിഞ്ഞുകൂടിയിരുന്ന അവൾക്ക് മറ്റാരേക്കാളും
ഏളുപ്പം വാർത്തകൾ ശേഖരിയ്ക്കുന്നതിനും പ്രചരിപ്പിയ്ക്കു
ന്നതിനും സാദ്ധ്യമായിരുന്നു. ഇക്കാലത്തെ വർത്തമാനപ്പത്ര
ങ്ങളും ടെലിഫോണും മറ്റു ആശയവിനിമയോപകരണ
ങ്ങളും ചെയ്യുന്നത് അക്കാലത്ത് അവർ ഒരൊറ്റ വ്യക്തി
തന്നെ ചെയ്തീർത്തിരുന്നുവെന്നതേ അവരേപ്പറ്റി ഒരെഴു
ത്തുകാരൻ പറഞ്ഞിട്ടുള്ളത്. അത്രമാത്രം വൃത്താന്തസമൃദ്ധ
മാണ് അവരുടെ കത്തുകൾ. സാധാരണക്കാരനു രസിയ്ക്കു
വാൻ അവയിൽ അധികമൊന്നും കാണുകയില്ലെങ്കിലും ച
രിത്രകാരന്മാർക്ക് അവ വളരെ ഉപകരിച്ചിട്ടുണ്ട്.

ടെലിഫോണിന്റേയും ടെലിഗ്രാഫിന്റേയും, ആവി
ർഭാവം കത്തെഴുത്തുകലയെ അധഃപതനോന്മുഖമാക്കിക്കള

ഞ്ഞുവെന്നു പരാതിപ്പെടുന്ന ചിലരുണ്ട്. ഇന്നും നല്ല നല്ല കത്തുകൾ ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നുവെന്നത് ആ വാദത്തിന്റെ പൊള്ളത്തം പൊളിച്ചുകാണിയ്ക്കുന്നു. എമിലി സോള, മാഡം ക്യൂറി, ബെത്തലോമിയോ വാൻസെറ്റി, ഡി. എച്ച്. ലോറൻസ്, ജോസഫ് കൊൺറാഡ്, ലിയോൺ ടോട്സ്കി, തോമസ്മാൻ, ബർണാഡ് ഷാ തുടങ്ങി എത്രയോ നല്ല കത്തെഴുത്തുകാർ ഈ നശ്വീനാശയവിനിമയോപാകരണങ്ങളുടെ കണ്ടുപിടുത്തത്തിനു ശേഷം ഉണ്ടായിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നു.

കഥകളെപ്പോലെ വായിച്ചാസ്വദിയ്ക്കുവാൻ മാത്രമാണോ കത്തുകൾ? അല്ല. ചരിത്രസംഭവങ്ങൾക്കു പലപ്പോഴും ഒരു വ്യാഖ്യാനമായി അവ ഉപകരിയ്ക്കുന്നു. ഇന്നു ചരിത്രമായിമാത്രം നാം അറിയുന്ന കാര്യങ്ങൾ ഒരു കാലത്തു യഥാർത്ഥസംഭവമായിരുന്നുവെന്ന് അവ നമ്മെ അനുസ്മരിപ്പിയ്ക്കുന്നു. ഉദാഹരണമായി സെൻറ് പോളിന്റെയും റോമൻ ചക്രവർത്തിമാരുടേയും കത്തുകളിലൂടെ ക്രിസ്തുമതാരംഭചരിത്രം പരിപൂർണ്ണവെളിച്ചത്തിലേയ്ക്കു വരുന്നു. ലിയാനാഡോ ഡാ വിഞ്ചിയുടേയും മൈക്കൽ ഏഞ്ചലോവിന്റെയും കത്തുകൾ നവോത്ഥാനത്തിന്റെ യുഗത്തിലേയ്ക്കു നമ്മെ ആവാഹിയ്ക്കുന്നു. വോൾട്ടയറിന്റേയും മാഡം ഡി സെവിനെയുടേയും എഴുത്തുകൾ നല്ലൊന്ന പശ്ചാത്തലത്തിൽ ഉറച്ചുനിന്നുകൊണ്ടു ഡാൻറന്റേയും റോബെസ്പിയറിന്റേയും കത്തുകളിലൂടെ ഫ്രഞ്ചു വിപ്ലവത്തിന്റെ മഹത്തായ സന്ദേശം നാം ശ്രവിയ്ക്കുന്നു. ജോർജ്ജ് വാഷിങ്ടൺ, തോമസ് പെയിൻ, ബെഞ്ചമിൻ ഫ്രാൻക്ലിൻ, തോമസ് ജെഫേഴ്സൺ മുതലായവരുടെ എഴുത്തുകളിൽക്കൂടെ നാം അമേരിക്കൻ സ്വാ

തന്ത്ര്യസമരത്തിൽ പങ്കാളികളാകുന്നു. പരിണാമസിദ്ധാന്തത്തിന്റെ ആവിർഭാവവും അതു ശാസ്ത്രലോകത്തിൽ വരുത്തിവെച്ച കോളിളക്കങ്ങളും മനസ്സിലാക്കുവാൻ ഡാർവിന്റേയും ഹക്സ്ലിയുടേയും കത്തുകൾ സഹായമായിരിയ്ക്കുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടന്ന റഷ്യൻവിപ്ലവം ലെനിന്റേയും ട്രോട്സ്കിയുടേയും കത്തുകളുടെ വെളിച്ചത്തിൽ കൂടുതൽ തെളിമയോടുകൂടെ കാണുവാൻ നമുക്കു സാധിയ്ക്കുന്നു.

ജീവചരിത്രകാരന്മാർക്ക് അവരുടെ കർത്തവ്യനിർവ്വഹണത്തിനു പലപ്പോഴും സഹായമായിത്തീരാറുണ്ട്, ചരിത്രപുരുഷൻ എഴുതിയിട്ടുള്ള കത്തുകളും അവയ്ക്കു ലഭിച്ചിട്ടുള്ള മറുപടികളും. ബോസ്വെൽ ഉണ്ടായിരുന്നതിനാലും ഡോ. ജോൺസനെ അനുഗമിച്ചതിനുശേഷം അദ്ദേഹത്തിന്റെ ജീവചരിത്രം പ്രണയനം ചെയ്തതുപോലെ എല്ലാ ജീവചരിത്രകാരനും സാധിച്ചുവെന്നു വരികയില്ല. ജീവചരിത്രപുരുഷൻ എഴുതിയിട്ടുള്ള കത്തുകൾ അങ്ങിനെയുള്ള അവസ്ഥയിൽ അയാളെ വളരെയധികം സഹായിയ്ക്കുന്നു. സ്വഭാവപ്രകാശനത്തിനു് ഉപകാരപ്രദമായ രീതിയിൽ കത്തുകൾ തിരഞ്ഞെടുത്തു ജീവചരിത്രഗ്രന്ഥത്തിന്റെ പല ഭാഗങ്ങളിലായി നിരത്തുവാൻ അയാൾക്കു സാധിയ്ക്കുന്നു. ഗ്രന്ഥത്തിന്റെ ആസ്വാദ്യത തന്മൂലം വർദ്ധിയ്ക്കുമെന്നുള്ളതു പറയേണ്ടതില്ലല്ലോ. കീറ്റ്സ്, ഷെല്ലി, നെപ്പോളിയൻ ആദിയായവരുടെ കത്തുകൾ പല ജീവചരിത്രകാരന്മാരും അപ്രകാരം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

സ്വകാര്യകത്തുകൾ പൊതുജനദൃഷ്ടിയുടെ മുമ്പിൽ പ്രതിഷ്ഠിയ്ക്കുന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടായിട്ടു

ണ്ട്. ഒരു വ്യക്തി പ്രസിദ്ധീകരണോദ്ദേശത്തോടുകൂടിയല്ലാതെ എഴുതുന്നതെന്തും, പ്രത്യേകിച്ചും കത്തുകൾ, പ്രസിദ്ധീകരിയ്ക്കുന്നതുപോലെ മോശമായ പ്രവൃത്തി സാഹിത്യലോകത്തിലില്ലെന്നു ഫൈൻറിഷ് ഫൈനേ പറയുന്നു. അതു വാസ്തവമെങ്കിൽ, ഹെറോഡോട്ടസ് മുതൽ ലിറ്റൺ സ്ട്രാച്ചിവരേയുള്ള എല്ലാ ജീവചരിത്രകാരന്മാരും ചെയ്തിട്ടുള്ള അനാശാസ്യപ്രവൃത്തികൾ ചില്ലറയൊന്നുമല്ല. ഒരു സഫോ രക്കത്തുപോലും ഉദ്ധരിയ്ക്കാത്ത ജീവചരിത്രങ്ങൾ ഇല്ല എന്നു സാരം. മേൽപ്രസ്താവിച്ച അഭിപ്രായഗതിയോടു വിയോജിയ്ക്കുന്നവരാണ് ആധുനികനിരൂപകരിൽ ബഹുഭൂരിപക്ഷം.

കത്തിനേക്കാൾ ആത്മപ്രകാശകമായ മറെറാരു ആശയവിനിമയമാർഗ്ഗമുണ്ടോ? ഉണ്ട്. ഹൃദയം തുറന്നുള്ള സംഭാഷണം. പക്ഷെ അതെത്ര വിരളമാണെന്നു പറയേണ്ടതില്ലല്ലോ. ഏറെക്കാലം ഒരു വ്യക്തിയുമായി രസകരമായ വിധത്തിൽ കത്തിടപാടുകൾ നടത്തിയ അനുഭവത്തെക്കുറിച്ചു കിപ്ലിങ്ങ് എഴുതിയിട്ടുണ്ട്. അഭിമുഖസംഭാഷണത്തിനു് ഒരവസരം ലഭിച്ചപ്പോൾ ആ വ്യക്തി അദ്ദേഹത്തെ വളരെയധികം നിരാശപ്പെടുത്തി. കാരണം അയാളുടെ കത്തുകൾക്കുണ്ടായിരുന്ന രസികത സംഭാഷണത്തിനില്ലായിരുന്നു. ഈ ഉദാഹരണത്തിൽ, സംഭാഷണം തോല്പിച്ചിടത്തു കത്തുകൾ ജയിയ്ക്കുന്നതായി നാം കാണുന്നു.

കത്തുകളെ, അവയിൽ പ്രതിപാദിയ്ക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി, തരംതിരിയ്ക്കുക അത്രയെളുപ്പമല്ല. കാരണം എല്ലാ വിഷയവും കത്തുകളിലൂടെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ടെന്നതു തന്നെ. പ്രേമവും, നിരാശയും, ജനന

വും, മരണവും, സന്തോഷവും, സന്താപവും എല്ലാം കുഞ്ഞുകവിതകൾക്കു വിഷയമായിട്ടുണ്ട്.

സ്നേഹിയ്ക്കുവാനും സ്നേഹിയ്ക്കപ്പെടുവാനുമുള്ള മനുഷ്യന്റെ സ്വാഭാവികമായ അഭിവാഞ്ഛയിൽ നിന്നും ഉയിരെടുത്തിട്ടുള്ള പ്രേമലേഖനങ്ങളെപ്പറ്റി ആദ്യമായി പറയാം. പ്രേമലേഖനങ്ങളും വായിയ്ക്കുവാൻ വേണ്ടി അത്യാഴമുപേക്ഷിച്ചു ബയറനെപ്പോലെയുള്ള അനേകമാളുകൾ ജീവിച്ചിരുന്നിട്ടുണ്ട്, ജീവിച്ചിരിയ്ക്കുന്നുമുണ്ടെന്നു മനസ്സിലാക്കുമ്പോൾ അവയുടെ ആസ്വാദ്യതയെക്കുറിച്ചു അധികം വിസ്തരിയ്ക്കേണ്ടതില്ലല്ലോ. 'ഞാൻ നിന്നെ എന്റെ കരവലയത്തിനുള്ളിലൊതുക്കി ഞെരിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്നു'വെന്നു നെപ്പോളിയൻ ജോസഫൈനിനും, 'നീയെന്റെ സ്വഭാവത്തിന്റെ ഒരംശമായിത്തീർന്നുപോയിരിയ്ക്കുന്നു'വെന്നു ബർണാഡ് ഷാ എലൻടെറിയ്ക്കും, 'നിന്നെക്കൂടാതെ എനിയ്ക്കു ജീവിതമില്ല' യെന്നു കീറ്റ്സ് ഫാനി ബ്രാണിനും എഴുതിയിട്ടുള്ളതു വായിയ്ക്കുമ്പോൾ നിത്യജീവിതത്തിൽ പ്രേമത്തിനുള്ള സ്ഥാനത്തെപ്പറ്റി നാം ഓർക്കുന്നു. അതിനെപ്പറ്റിയുള്ള മധുരചിന്തയിൽ നാം മതിമറക്കുകയും, ആനന്ദാത്മകമായ ഒരനുഭൂതി നമ്മെ വലയം ചെയ്യുകയും ചെയ്യുന്നു. നെപ്പോളിയനെപ്പോലെയുള്ള പരാക്രമികളും, ഹെൻറി എട്ടാമനെപ്പോലെയുള്ള ചക്രവർത്തിമാർ, ബീഥോവനെപ്പോലെയുള്ള പ്രതിഭാശാലികളും, മൈക്കൽ ഫാരഡേയെപ്പോലുള്ള ശാസ്ത്രജ്ഞന്മാർ — അങ്ങനെയങ്ങനെ ലക്ഷോപലക്ഷം വ്യക്തികളും പ്രേമത്തിന്റെ സന്നിധിയിൽ സാഷ്ടാംഗപ്രണാമം ചെയ്തിട്ടുള്ളവരാണെന്ന് അവരുടെ കുറിപ്പുകൾ വിളംബരം ചെയ്യുന്നു.

പ്രേമലേഖനങ്ങൾ ഒരു പ്രകാരത്തിൽ നമ്മെ ആനന്ദിപ്പിയ്ക്കുമ്പോൾ അന്ത്യസന്ദേശങ്ങൾ മറെറാരു വിധത്തിൽ നമ്മെ ആകർഷിയ്ക്കുന്നു. ശവക്കുഴിയുടെ വക്കിൽനിന്നു കൊണ്ടു, കഴിഞ്ഞുപോയ ജീവിതത്തിലേയ്ക്കു തിരിഞ്ഞുനോക്കുന്നവനാണു് അന്ത്യസന്ദേശകാരൻ. ഒന്നോ രണ്ടോ വ്യക്തികൾക്കോ, ഒരു കുടുംബത്തിനു പൊതുവെയോ ആയിരിയ്ക്കും അവസാനമായി അയാൾ ഒരു കത്തെഴുതുക. വികാരങ്ങളുടെ അനിയന്ത്രിതമായ പ്രവാഹമായിരിയ്ക്കും സാധാരണ അവയുടെ ജീവൻ. പത്തൊൻപതാംനൂറാണ്ടിന്റെ മദ്ധ്യദശകത്തിൽ അടിമത്വത്തിനെതിരായി ശബ്ദമുയർത്തിയെന്ന കുറ്റത്തിനു തടവിലാക്കപ്പെടുകയും അവസാനം വധിയ്ക്കപ്പെടുകയും ചെയ്ത ജോൺ ബ്രൌൺ, 1618-ൽ ലണ്ടൻ ടവ്വറിൽവെച്ചു കൊല്ലപ്പെട്ട സർ വാൾട്ടർ റാലി മുതലായവരുടെ അന്ത്യസന്ദേശങ്ങൾ ആത്തരത്തിൽ പെടുന്നു.

വേറൊരു തരം അന്ത്യസന്ദേശങ്ങളുണ്ടു്. ലോകമായിരിക്കും അവയിലെ മേൽവിലാസക്കാരൻ. ഇടപ്പിള്ളി രാഘവൻപിള്ള കൊല്ലുന്നതു വെച്ചു്, ആത്മഹത്യയ്ക്കു മുതിരുന്നതിനു മുമ്പു്, എഴുതിയ കത്തു് അക്കൂട്ടത്തിൽ ഉൾപ്പെടുത്താം. വിശ്വസാഹിത്യത്തിലെ ഏതൊരു അന്ത്യസന്ദേശത്തോടും കിടനിൽക്കുവാൻ കെൽപ്പുള്ള പ്രസ്തുത കത്തു താഴെ ഉദ്ധരിക്കുന്നു.

"ഞാൻ ഒന്നരങ്ങിയിട്ടു ദിവസങ്ങൾ, അല്ല, മാസങ്ങൾ വളരെയായി. കഠിനമായ വ്യഥയാണു വേദന. ഇങ്ങനെ അല്പാല്പം മരിച്ചുകൊണ്ടു് എന്റെ അവസാനദിവസത്തെ പ്രതീക്ഷിയ്ക്കുവാൻ ഞാൻ അശക്തനാണു്. ഒരു കമ്മ്യൂ

രനാകുവാൻ നോക്കി; ഒരു ഭ്രാന്തനായി മാറുവാനാണ് ഭാവം.

സ്വാതന്ത്ര്യത്തിനു കൊതി, അടിമത്വത്തിനു വിധി. മോചനത്തിനുവേണ്ടിയുള്ള ഓരോ മറിച്ചിലും ഈ ചരടിനെ കൊടുമ്പിരിക്കൊള്ളിയ്ക്കുമാത്രമാണു ചെയ്യുന്നതു്.

എന്റെ രക്ഷിതാക്കൾ എനിക്കു ജീവിക്കുവാൻ വേണ്ടുന്നവ സന്തോഷത്തോടും സ്നേഹത്തോടും തരുന്നുണ്ടായിരിക്കും. പക്ഷേ, ഈ ഔദാര്യമെല്ലാം എന്റെ ആത്മാഭിമാനത്തെ പാതാളം വരെയും മർദ്ദിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാഭാരമായിട്ടാണു തീരുന്നതു്. ഞാൻ ശ്വസിക്കുന്ന വായു അകമാനം അസ്വാതന്ത്ര്യത്തിന്റെ വിഷബീജങ്ങളാൽ മലീമസമാണു്. ഞാൻ കഴിക്കുന്ന ആഹാരമെല്ലാം ദാസ്യത്തിന്റെ കല്ലുകടിക്കുന്നവയാണു്. ഞാൻ ഉടുക്കുന്ന വസ്ത്രം പോലും പാരതന്ത്ര്യത്തിന്റെ കാരീരുമ്പാണി നിറഞ്ഞതാണു്.

പ്രവർത്തിക്കുവാൻ എന്തെങ്കിലുമുണ്ടായിരിയ്ക്കുക, സ്നേഹിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, ആശിയ്ക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, ഈ മൂന്നിലുമാണു ലോകത്തിലെ സുഖം അന്തർഭവിച്ചിരിക്കുന്നതു്. ഇവയിലെല്ലാം എനിയ്ക്കു് നിരാശയാണു് അനുഭവം. എനിയ്ക്കു് ഏകരക്ഷാമാർഗ്ഗം മരണമാണു്. അതിനെ ഞാൻ സസന്തോഷം വരിക്കുന്നു. ആനന്ദപ്രദമായ ഈ വേർപാടിൽ ആരും നഷ്ടപ്പെടുന്നില്ല; ഞാൻ നേടുന്നുമുണ്ടു്. മനസാ വാചാ കർമ്മണാ ഇതിലാർക്കും ഉത്തരവാദിത്വമില്ല. സമുദായത്തിന്റെ സംശയദൃഷ്ടിയും നിയമത്തിന്റെ നിശിതഖഡ്ഗവും നിരപരാധിത്വത്തിന്റെ മേൽ പതിയ്ക്കുകതെ.

എനിക്കു പാടുവാൻ അനുഗ്രഹമുണ്ട്; എന്റെ മുരളി തകർന്നുപോയി.

കൃപ്പുകൈ!"

— ഒരു ശോകഗീതിയുടെ ഭാവമധുരിമയും ഒരു ഗീതകത്തിന്റെ ഏകാഗ്രതയും ഉൾക്കൊള്ളുന്ന ഈ കത്താണ് മലയാളത്തിൽ അച്ചടിച്ചുകണ്ടിട്ടുള്ളവയിൽ ഒന്നാംസ്ഥാനത്തിന്നു് അഹമെന്നു് എനിക്കു തോന്നുന്നു

നമ്മുടെ ഭാഷയിൽ കത്തുകൾ ഒരു സാഹിത്യപ്രസ്ഥാനമായി വളർന്നിട്ടില്ല. നല്ല കത്തുകളുടെ അഭാവമല്ല അതിനു കാരണം. പ്രത്യുത അവ സമാഹരിക്കുന്നതിലുള്ള നമ്മുടെ അനാസ്ഥയത്രെ.

മലയാളത്തിലെ കത്തെഴുത്തുകാരെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യമായി ഓർമ്മയിൽ വരുന്നതു കൊട്ടാരത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പേരാണു്. നമ്മുടെ സാഹിത്യത്തിൽ കത്തുകൾക്കും കത്തുകളിൽ സാഹിത്യത്തിനും സ്ഥാനം നല്കിയതിൽ നാം എന്നും അദ്ദേഹത്തോടു കൃതജ്ഞതയുള്ളവരായിരിക്കണം. പദ്യരൂപത്തിലാണു് അദ്ദേഹത്തിന്റെ കത്തുകളിൽ ഭൂരിപക്ഷവും. ഒരുദാഹരണം കാണിയ്ക്കാം.

കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച ഒരു കത്തിൽ സപത്രനെ പട്ടി കടിച്ചതിനെപ്പറ്റി തമ്പുരാൻ എഴുതിയ ഭാഗമാണു് താഴെ ഉദ്ധരിക്കുന്നതു്.

"നമ്മുടെ മകനുടെ കയ്യിൽ ചുമ്മാ
നില്ക്കുന്ന നേരമൊരു പട്ടി
നിമ്മയ്യാദം കടിപിടിയമ്മേ! പററിച്ചു
പററ പററിച്ചു,
പതിനഞ്ചുദിനം കഴിഞ്ഞുവെന്നാല
തിലിന്നും വ്രണമുണങ്ങിടാതെ
അതിസങ്കടമേകിടുന്ന പാത്താലത്തു
കൊണ്ടുണ്ടധികം സഖേ വിഷാദം."

—ഇത്തരം അഞ്ഞൂറിൽപരം പദ്യങ്ങൾ കൊട്ടാരത്തിൽ ശങ്കുണ്ണിക്കുതന്നെ തമ്പുരാൻ അയച്ചുകൊടുക്കുകയുണ്ടായിട്ടുണ്ട്. അവയും, അതുപോലെ മറ്റു സാഹിത്യസുഹൃത്തുക്കൾക്ക് തമ്പുരാൻ അയച്ചിട്ടുള്ള കത്തുകളും ശേഖരിച്ചാൽ രണ്ടു മൂന്നു വലിയ പുസ്തകങ്ങൾക്കുള്ള വകയാവുമെന്നു ശ്രീ. ആർ. നാരായണപ്പണിക്കർ ഭാഷാസാഹിത്യചരിത്രത്തിൽ പറയുന്നു. പക്ഷെ ആ രീതിയിൽ ഒരു ശ്രമം ഇതുവരെയും നടന്നിട്ടില്ല.

കേരളീയർ കത്തെഴുത്തിനു വേണ്ട പ്രോത്സാഹനം നല്കുന്നില്ലെന്നല്ലേ അതിൽ നിന്നു തെളിയുന്നത്? ഇക്കാര്യത്തിൽ നമ്മുടെ പ്രസാധകന്മാർ മുന്നിട്ടിറങ്ങേണ്ട കാലം വൈകിയിരിയ്ക്കുന്നു, അവർക്കു മാർഗ്ഗദർശികളായി നിരൂപകന്മാരും. ഉള്ളൂർ, കെ. സി. മാമ്മൻമാപ്പിള, സി. വി. രാമൻപിള്ള, പി. കെ. നാരായണപ്പിള്ള, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, ഏ. ആർ. രാജരാജവർമ്മ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ തുടങ്ങിയവരുടെ എത്രയോ കത്തുകൾ ഇന്നും അപ്രകാശിതങ്ങളാണ്. അവ വെളിച്ചത്തു വരു

മെങ്കിൽ നമ്മുടെ സാഹിത്യത്തിലും കത്തുകൾക്കു മാന്യമായ ഒരു സ്ഥാനമുണ്ടാകും.

കത്തുകൾ സമാഹരിയ്ക്കുന്നവരുടെ ശ്രദ്ധയ്ക്കായി ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിച്ചുകൊള്ളട്ടെ. ഒരു കത്ത് അതേപടിയിൽ പകർത്തിയതുകൊണ്ടു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഒരു മെച്ചവുമില്ല. അതെഴുതിയ ആളേയും കാലത്തേയും വിവരിയ്ക്കുന്നതു കൂടാതെ അങ്ങനെയൊന്നെഴുതുവാനുണ്ടായ പരിതസ്ഥിതികളെക്കുറിച്ചു് ഒരു ചെറിയ മുഖവുര എഴുതിച്ചേർക്കുന്നതു കത്തിലെ വിവരങ്ങൾ ഗ്രഹിയ്ക്കുന്നതിനു വായനക്കാരനു സഹായകമായിരിയ്ക്കും. അതുപോലെതന്നെ, കത്തിന്റെ മറുപടിയും അതോടൊപ്പം പ്രസിദ്ധീകരിയ്ക്കുന്നില്ലെങ്കിൽ അതിനെ തുടർന്നുണ്ടായ സംഭവങ്ങളെ സൂചിപ്പിച്ചു് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഒരു ഉപസംഹാരം എഴുതിച്ചേർക്കുന്നതും ഉചിതമായിരിയ്ക്കും.

ഇന്നു ജീവിച്ചിരിയ്ക്കുന്ന നമ്മുടെ സാഹിത്യകാരന്മാരിൽ പല നല്ല കത്തെഴുത്തുകാരും ഉറങ്ങുന്നുണ്ടു്. അവരെ കണ്ടുപിടിച്ചു് ഉണർത്തേണ്ട ചുമതല നമുക്കുണ്ടു്. ഒരുദാഹരണം പറയാം: ശ്രീ. എസ്. കെ. പൊറെക്കാട്ടു്. "അദ്ദേഹത്തിന്റെ കത്തു വായിയ്ക്കുവാനിടവന്നാൽ അതെഴുതുവാൻ ഉപയോഗിച്ചിരിയ്ക്കുന്ന കടലാസ്സിനേറെയും മഷിയുടേയും പേനയുടേയും സർവ്വോപരി വരിയൊത്ത വടിവൊത്ത അക്ഷരങ്ങളുടേയും സൌന്ദര്യം മാത്രമല്ല നിങ്ങളെ ആകർഷിയ്ക്കുകയും ആശ്ചര്യപ്പെടുത്തുകയും ചെയ്യുന്നതു്. ആ നക്ഷത്രാക്ഷരങ്ങളെ സൃഷ്ടിയ്ക്കുന്ന വിരലുകളേയും അവയെ ന

യിയ്ക്കുന്ന സ്നേഹനിർഭരവും കലാസുന്ദരവുമായ അസാധാരണ ചിത്രത്തേയും കാണുവാൻ നിങ്ങൾ കൊതിയ്ക്കുന്നു. അദ്ദേഹത്തിന്റെ കുത്തുകൾ അദ്ദേഹത്തിന്റെ ചില കവിതകളേയും കഥകളേയും അതിക്രമിച്ചു ജീവിയ്ക്കും." ശ്രീ. വക്കം അബ്ദുൾഖാദറിന്റെ അഭിപ്രായത്തിൽ, ലോകപ്രശസ്തി സമ്പാദിച്ച കത്തെഴുത്തുകാരുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്ന കേരളീയനാണ് ശ്രീ. എസ്. കെ. അതു വാസ്തവമെങ്കിൽ, അദ്ദേഹത്തിന്റെ കുത്തുകൾ സമാഹരിച്ചു പ്രസിദ്ധം ചെയ്യാതിരിയ്ക്കുന്നതു കൈരളിയ്ക്കാകെ നഷ്ടം തന്നെ.

അഗാധതയിൽ നിന്നു്

'പ്രതിഭയെ ജീവിതത്തിനായി ഉഴിഞ്ഞുവെയ്ക്കുകയും, കഴിവുകൾ മാത്രം കലാപരമായ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും' ചെയ്ത ഒരു സാഹിത്യകാരനായിരുന്നു ഓസ്കാർ വൈൽഡ്. അദ്ദേഹത്തിന്റെ ആത്മകഥാപരമായ ഒരു കൃതിയത്രെ, 'അഗാധതയിൽ നിന്നു്' (De Profundis)

1905-ലാണെന്നു തോന്നുന്നു, വൈൽഡിന്റെ ഈ കൃതി ആദ്യമായി വെളിച്ചം കണ്ടതു്; വൈൽഡിന്റെ മരണശേഷം ഏതാണ്ടു് അഞ്ചുകൊല്ലം കഴിഞ്ഞു്. ഇന്നു നാം കാണുന്ന രൂപത്തിലല്ല വൈൽഡ് ഇതു് എഴുതുകയുണ്ടായതു്. അസാന്മാർഗ്ഗികമായ നടപടികൾ മൂലം അന്നത്തെ സമുദായത്തിന്റെ മുമ്പിൽ ഒരു കുറ്റവാളിയായിത്തീർന്ന വൈൽഡ് റെഡിങ്ങ് ജയിലിലെ രണ്ടുകൊല്ലത്തോളം ദീർഘിച്ച ആ തടവുകാലത്തിന്റെ ഏതാണ്ടു് അവസാനത്തോടടുത്തു്, ഒരു സുഹൃത്തിനുള്ള കത്തിന്റെ രൂപത്തിലാണു് ആദ്യമായി 'അഗാധതയിൽ നിന്നു്' തയ്യാറാക്കിയതു്. വ്യക്തിപര

മായ പരാമർശങ്ങളും അനവധിയുള്ള പ്രസ്തുത കൃതിയുടെ അതേപടിയുള്ള പ്രസിദ്ധീകരണം നിയമം നിഷേധിച്ച പ്പോൾ, ജിജ്ഞാസാഭരിതരായിരുന്ന പൊതുജനങ്ങളെ ഉദ്ദേശിച്ചു വൈൽഡിന്റെ സുഹൃത്തും സെക്രട്ടറിയും ആയിരുന്ന റോബർട്ട് റോസ് കലാബോധം നിറഞ്ഞ വിവേചനാശക്തിയോടെ അതിൽ നിന്നും ഏതാനും ഭാഗങ്ങൾ തിരഞ്ഞെടുത്തു വേണ്ട മിനുക്കുപണികൾ നടത്തി പ്രസിദ്ധീകരിക്കുകയാണുണ്ടായത്. അക്കാര്യത്തിൽ വൈൽഡിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി എന്നുള്ളതും പ്രസ്താവ്യമാണ്. ഇങ്ങനെയൊക്കെയാണ് 'അഗാധതയിൽ നിന്നി'ന്റെ പിന്നിലുള്ള ചരിത്രമെങ്കിലും, ഒരു കലാസൃഷ്ടിക്ക് അവശ്യം ആവശ്യമായ രൂപഭംഗി അതിനുണ്ട്.

വൈൽഡിന്റെ ജയിൽജീവിതമാണ് 'അഗാധതയിൽ നിന്നി'ലെ പ്രധാനപ്പെട്ട പ്രതിപാദ്യവിഷയം. അദ്ദേഹം ജയിൽശിക്ഷ അനുഭവിക്കേണ്ടിവന്നില്ലായിരുന്നുവെങ്കിൽ, ഒരുപക്ഷെ, വൈൽഡിന്റെ ജീവിതസംബന്ധിയായ ഈ ഏകകൃതി നമുക്കു നഷ്ടപ്പെട്ടുമായിരുന്നു. ജയിൽജീവിതത്തിന്റെ കഷ്ടപ്പാടുകൾക്കും ദുരിതങ്ങൾക്കും മീതെവുള്ള ഒരു രൂപം കൊടുക്കുന്നതിലേറെ, ബുദ്ധിപരമായ ഒരു നിലപാടിൽ നിന്നു ആ ജയിൽജീവിതത്തേയും അതിനു കാരണഭൂതമായ പരിതഃസ്ഥിതികളേയും ഒന്നു ചികഞ്ഞുനോക്കുകയാണ് വൈൽഡ് ഈ കൃതിയിൽ ചെയ്യുകാണുന്നതു്. അതു കൃതിയുടെ വൈകാരികമൂല്യത്തിനു സാരമായ ഇടിവുതട്ടിച്ചിട്ടുണ്ടെന്നു് സംശയലേശമെന്യേ പറയാം. ജീവിതത്തിന്റെ ഒരു ലാഭനഷ്ടക്കണക്കു തയ്യാറാക്കുന്ന ഒരു വൈൽഡിനെ

യാണു്, കലയ്ക്കുവേണ്ടി കലാസൃഷ്ടി നടത്തുന്ന ഒരു വൈൽഡിനെയല്ല, 'അഗാധതയിൽ നിന്നി'ൽ ആദ്യനോട്ടത്തിൽ നാം കാണുന്നതു്.

ജയിൽജീവിതത്തിലെ കഷ്ടപ്പാടുകളും നിറഞ്ഞ ദിനചര്യയുടെ നടുവിൽ ചിന്താത്മകമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചുവാഴുന്ന ഒരു തത്വശാസ്ത്രജ്ഞന്റെ ഭാവങ്ങൾക്കു രൂപം കൊടുത്തിട്ടുള്ളതിനിടയിൽക്കൂടെ, കൂട്ടുതടവുകാരൊത്തുള്ള ആ മൈനംദിനജീവിതത്തിന്റെ നേരിയ ഞരങ്ങലുകളും 'അഗാധതയിൽ നിന്നി'ൽ കേൾക്കാവുന്നതാണു്..... വൃത്താകാരമായ ഒരു പാതയിൽക്കൂടെയുള്ള നടത്തയുമായാണു് ഓരോ ജയിൽദിനവും ആരംഭിച്ചിരുന്നതു്. വാർഡറന്മാർ കാവലുണ്ടാവും. ചുറ്റും കനത്ത, പൊക്കം കൂടിയ മതിലുകൾ അവരെ നോക്കി പരിഹസിക്കുന്നുണ്ടാവും. നീലനീലമായ ആകാശമേലാപ്പു ഒഴിച്ചാൽ അവക്കു കാണുവാൻ കഴിയുന്ന മറ്റൊരു വസ്തു ഒരു പട്ടുക്കുറ്റൻ മരത്തിന്റെ ഉയർന്ന ശിഖരങ്ങൾ മാത്രമായിരുന്നു. ആ മരം ഇലയണിയുന്നതും, പുഷ്പിക്കുന്നതും ഒക്കെ നിരീക്ഷിച്ചാണു് തടവുകാർ കാലനിർണ്ണയം ചെയ്തിരുന്നതു്.....നിറഞ്ഞ നിശ്ശബ്ദതയിലാണു് ആ നടത്ത. ഇടയ്ക്കിടെ വാർഡറന്മാരുടെ പരുഷമായ ആജ്ഞാസ്വരങ്ങൾ മാത്രം കേൾക്കുന്നുണ്ടാവും.....സംസാരിക്കുകയും അങ്ങനെ ആശയവിനിമയം നടത്തുകയും ചെയ്യുന്നതിനുള്ള ശക്തിയാണല്ലോ മനുഷ്യനു നല്കിയിരിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം. അതു നിഷേധിക്കുന്നതിൽ കവിഞ്ഞു വലിയൊരു ശിക്ഷയും അവനു കിട്ടാനില്ല. ആ ശിക്ഷ വൈൽഡിനെപ്പോലുള്ള ഒരു സാഹിത്യകാരനാണു കിട്ടുന്നതെന്നുവരികിൽ അയാളുടെ അവ

സ്ഥയൊന്ന ആലോചിച്ചുനോക്കൂ..... ജയിൽജീവിത ത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ വൈൽഡിനെ വീർപ്പുമുട്ടിച്ച ഒരനുഭവമായിരുന്ന അതു്. ആറു നീണ്ട ആഴ്ചകൾ അദ്ദേ ഹം അതു സഹിച്ചു. ഒരു ദിവസം വൈകുന്നേരം അദ്ദേഹ ത്തെ പതിവുപോലെ തടവുമുറിയിലേക്കു കൊണ്ടുപോകുക യായിരുന്ന. പുറകിൽ നിന്ന് ഒരു സ്വരം. ആത്മാവിന്റെ മൃദുലതന്ത്രികളിൽ ഇക്കിളിയിടുന്ന ഒരനുഭവമാണ വൈൽ ഡിനുണ്ടായതു്. അദ്ദേഹം തിരിഞ്ഞുനോക്കി. 'മൂകതയിൽ കഴിഞ്ഞുകൂടുന്നതു അങ്ങേയ്ക്കു് എത്ര അസഹനീയമായിരി ക്കും'—അദ്ദേഹത്തെപ്പോലെതന്നെ രീതിന്റെ ജീവിക്കുന്ന ഒരു തടവുകാരൻ! 'അതു നമുക്കെല്ലാവർക്കും ഒന്നുപോലെ യാണു''—എന്നായിരുന്ന വൈൽഡിന്റെ മറുപടി..... അങ്ങനെ കാലത്തിന്റെ ഇഴച്ചിലിൽ ജയിൽച്ചട്ടങ്ങൾ ല ഘുവാക്കിച്ചെങ്കിലും പുതിയ പുതിയ കുറ്റവാളികളുമായി പരി ചയപ്പെടുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. അതിന്റെ ഫലമായി ആത്മഹത്യയുടെ വക്കോളം എത്തിയതിനുശേ ഷവും ജീവിതത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി ആ സാ ഹസോദ്യമത്തിൽ നിന്നു പിന്തിരിയുവാൻ വൈൽഡിനു ക ഴിഞ്ഞു. 'ജയിലിനുള്ളിൽ മനുഷ്യത്വം കാണുവാൻ കഴിയു മെങ്കിൽ, അതു് ഈ തടവുകാരുടെ പെരുമാറ്റത്തിൽ മാത്ര മാണു''—ജയിലിൽ നിന്നും വിമുക്തനായതിനു ശേഷം വൈ ൽഡ് ആൻഡ്രേ ജീഡിനു എഴുതുകയുണ്ടായി.

ജയിൽജീവിതം വൈൽഡിനു യാതൊരു പ്രകാരവും ലഘൂകരിക്കപ്പെട്ടിരുന്നില്ല; ശിക്ഷയുടെ കാലാവധി അവ സാനിക്കുന്നതിനു ഏതാനും മാസങ്ങൾക്കു മുമ്പു് എഴുതുന്ന തിനുള്ള അനുവാദം അദ്ദേഹത്തിനു നൽകിയിരുന്നുവെന്ന

തൊഴിച്ചാൽ. മറേറതൊരു തടവുകാരനെയും പോലെ ഒരു മരക്കട്ടിലിലാണു് അദ്ദേഹം വിശ്രമിച്ചിരുന്നതു്; വെള്ളം കുടിക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്ന പാത്രങ്ങൾ അദ്ദേഹംതന്നെ കഴുകി വെടിപ്പാക്കിയിരുന്നു; ക്ലേശകരമായ കഠിനാദ്ധ്വാനങ്ങളിൽ ഏർപ്പെട്ടുകയും ചെയ്തിരുന്നു.

ഇത്തരം ജീവിതത്തിന്റെ ആത്മാത്മകമായ ഒരു പ്രതിനിധീകരണം വൈൽഡ് 'അഗാധതയിൽ നിന്നി'ൽ നൽകിയിരുന്നുവെങ്കിൽ, തീച്ചയായും അദ്ദേഹത്തിന്റെ ആ കൃതി അനുവാചകലോകത്തിന്റെ സവിശേഷമായ ശ്രദ്ധയുടെ വിഷയീഭവിക്കുമായിരുന്നുവെന്നുള്ളതിൽ സംശയമില്ല. വേദനനിറഞ്ഞ അനുഭവങ്ങളെ യഥാതഥമായി ചിത്രണം ചെയ്യുന്നതിനുപകരം, വേദനയുടെ മഹത്തായ ആത്മതപശാസ്ത്രവുമായി മുന്നോട്ടേയ്ക്കു വരികയാണു് അദ്ദേഹം—'ഉരിതമെന്നു പറയുന്നതു വളരെ നീണ്ട ഒരു നിമിഷമാണു്. അതിനെ കാലഘട്ടങ്ങളായി നമുക്കു വിഭജിക്കാവുന്നതല്ല. അതു് എപ്പോഴും പുറകിലേക്കൊണ്ടിരിക്കുകയാണു്; വേദനയാകുന്ന കേന്ദ്രത്തെ ആധാരമാക്കി'. 'അഗാധതയിൽ നിന്നി'ന്റെ ആദ്യത്തെ ഏതാനും ഖണ്ഡികകളിൽ ഈ ആശയമാണു് വൈൽഡ് വിപുലീകരിക്കുന്നതു്.

വൈൽഡിനും ക്വീൻസ്ബറിക്കും ഒരേയൊരു കാലമേയുള്ളുവെന്നു് അദ്ദേഹം തുടർന്നു പറയുന്നു—ഉച്ചത്തിന്റെ കാലം. സൂര്യനും ചന്ദ്രനും അത്തരം മനോഹരമായ വസ്തുക്കളും അവർക്കു നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നാണു് വൈൽഡിന്റെ പരാതി. "ഈ ജയിൽവളപ്പിനു വെളിയിൽ ജീവിതം ചലിക്കുന്നുണ്ടായിരിക്കാം, മഞ്ഞവെയിലും നീലനിലാ

വും അവിടെ മാറി മാറി പ്രത്യക്ഷപ്പെട്ടുണ്ടാവാം. എന്നാൽ ഞങ്ങളുടെ തടവുമുറികളിൽ എപ്പോഴും സന്ധ്യാവെളിച്ചമാണ്; ഞങ്ങളുടെ അന്തരംഗങ്ങളിലും".

ഓസ്കാർ വൈൽഡിന്റെ ജയിൽജീവിതകാലത്താണ് അദ്ദേഹത്തിന്റെ മാതാവു മരിച്ചത്. സാഹിത്യപരമായ വാസന അവരിൽനിന്നും വൈൽഡിലേയ്ക്കു പകർന്നതാണെന്നാണല്ലോ ആദ്യഹത്തിന്റെ ജീവചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. അങ്ങനെ വൈൽഡിന്റെ ജീവിതത്തിൽ അത്രത്തോളം സ്വാധീനം ചെലുത്തിയിരുന്ന ആ മാതാവു നഷ്ടപ്പെട്ടപ്പോൾ അദ്ദേഹത്തിനുണ്ടായ ഹൃദയവേദന തുലികയ്ക്കു എഴുതാവുന്നതോ കടലാസ്സിനു രേഖപ്പെട്ടുത്താവുന്നതോ അല്ലെന്ന് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

മാതാപിതാക്കന്മാരെപ്പറ്റിയുള്ള പരാമർശനങ്ങൾക്കു ശേഷം വീണ്ടും വേദനയുടെ തത്വശാസ്ത്രത്തിലേയ്ക്കുതന്നെ വൈൽഡ് തിരിയുകയാണ്. 'ദുഃഖം നമ്മെ ദൈവത്തോടു വീണ്ടും ബന്ധിപ്പിക്കുന്നു'വെന്നു പറഞ്ഞ ഡാന്റെയുടെ മനോഭാവമാണ് അവിടെ നിഴലിച്ചുകാണുന്നത്.

വെള്ളിത്തിരയിൽ ദ്രുതഗതിയിൽ വന്നു മറയുന്ന ഒരു രംഗം പോലെ വൈൽഡിന്റെ പൂർവ്വകാലജീവിതത്തിന്റെ പശ്ചാത്തലവും, ജയിൽശിക്ഷയിലേക്കു അദ്ദേഹത്തെ വഴിനടത്തിയ ആ പരിതഃസ്ഥിതികളും അടുത്തൊരു ഖണ്ഡികയിൽ നാം കാണുന്നു. വൈൽഡിന്റെ തടവിനു കാരണക്കാരനായ ആ വ്യക്തി ഓക്സ്ഫോർഡ് ബെയിലി കോടതിയിൽ ആത്തിരമ്പുന്ന ജനപ്രവാഹത്തിനിടയിൽ നഗ്നശിരസ്സനായി അപരാധബോധത്തോടുകൂടെ നിലകൊണ്ട ആ ചിത്രം,

രണ്ടു പോലീസുകാരുടെ നടുവിൽ പ്രതിക്രൂട്ടിലേക്കു ആന യിക്കപ്പെട്ട വൈൽഡ് കാണാനിടയായ ആ അവസരം ഉജ്ജ്വലമായ ഒരു ചെറിയ വിവരണത്തിലൂടെ അദ്ദേഹം പ്രകാശിപ്പിക്കുന്നു. ആ വ്യക്തിയിൽ നിഴലിച്ചുകണ്ട കറ സ്സമ്മതമനോഭാവം വൈൽഡിനുണ്ടായിരുന്ന വിദ്വേഷ ത്തേയും പകയേയും നിശ്ശേഷം മാച്ചുകളഞ്ഞു. ദരിദ്രന്മാ രുടെ പാദങ്ങളും കഴുകി വെടിപ്പാക്കുവാനും കുഷ്ഠരോഗികളു ടെ കവിളുകളിൽ ചുംബനമുപ്പിച്ചു അവരെ ആശ്വസിപ്പി ക്കുവാനും വേണ്ടി തല കുനിച്ച വിശുദ്ധന്മാരുടെ സ്നേഹഭാവ ത്തെയാണ് വൈൽഡിനെ ആ വ്യക്തിയുടെ അന്നേരത്തെ നിലപാട് അനുസ്മരിപ്പിക്കുന്നതു്. ഹൃദയം അലിയാതെ വൈൽഡ് പറയുന്ന ഒരു ഭാഗം വായിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. "അദ്ദേഹത്തിന്റെ ആ പ്രവൃത്തിക്കു കേവ ലം ചില പരിമിതമായ വാക്കുകളിൽ ഔപചാരികമായി നന്ദി പറഞ്ഞു അവസാനിപ്പിക്കാവുന്നതല്ല.....അദ്ദേഹ ത്തോട് എനിക്കുള്ള കൃതജ്ഞത എന്റെ ഹൃദയമാകുന്ന ഭണ്ഡാഗാരത്തിൽ സുഗന്ധം പൂശി, കണ്ണുനീരിന്റെ കൈ യ്യാൽ മധുരിമ ചേർത്തു ഞാൻ സംഭരിച്ചുവെച്ചിരിക്കുകയാ ണ്. വിജ്ഞാനവും തത്വശാസ്ത്രവും എനിക്ക് ഉപയോഗ ശൂന്യമായിരിക്കുന്ന ഈ അവസരത്തിൽ, ചെറുതെങ്കിലും മനോഹരമായ ആ സ്നേഹത്തിന്റെ പ്രവൃത്തിയെപ്പറ്റിയു ള്ള സ്മരണ എന്നിലുള്ള അലിവിന്റെ ഉറവുകൾ ഒന്നൊ ഴിയാതെ തുറപ്പിക്കുവാൻ പര്യാപ്തമായിത്തീർന്നിരിക്കുന്നു. മ രുഭൂമിയിൽ ഇതാ പനിനീർപ്പൂവ് മന്ദഹസിച്ചുതുടങ്ങിയി രിക്കുന്നു. ഏകാന്തമായ ഈ തടവിന്റെ അസംഭനീയത യിൽ നിന്നു അതെന്നെ മോചിപ്പിച്ചു പ്രണിതമെങ്കിലും

വിശാലമായ ലോകത്തിന്റെ ഹൃദയത്തോടു എന്നെ ഇണക്കിച്ചേർത്തിരിക്കുന്നു."

വൈൽഡിന്റെ പ്രഥമ കവിതാസമാഹാരത്തെപ്പറ്റി ഒരു വാക്ക്, തുടർന്നു ആജീവനാന്തം അദ്ദേഹത്തിനു താങ്ങും തണലും ആയിരുന്ന റോബർട്ട് റോസ് ജയിലിലേക്കു അയച്ചിരുന്ന സാഹിത്യരസം തുളുമ്പുന്ന കത്തുകളെപ്പറ്റി ഒരു സൂചന. 'ചങ്കരൻ പിന്നേം തെങ്ങേലു'.'

"വേദനയുടെ പുറകെ വേദന എന്നെ തിരക്കി ജയിലുവാടങ്ങളിൽ വന്നു മുട്ടിക്കൊണ്ടിരുന്നു; അവ വാതിൽ തുറന്നു് അകത്തു കടന്നുമിരിക്കുന്നു.....എന്റെ ശത്രുക്കൾക്കു് ഞാനൊരിയ്ക്കലും അപ്രാപ്യനായിരുന്നിട്ടില്ല.....എന്റെ സുഹൃത്തുക്കളെ ഒന്നു കാണുവാൻ എന്നെ അനുവദിച്ചിരുന്നുവെങ്കിൽ!"

വൈൽഡിനു മേരി ലോയ്ഡിൽ രണ്ടു പുത്രന്മാരാണു ഉണ്ടായിരുന്നതു്. നിയമത്തിന്റെ വെളിച്ചത്തിൽ അവരെ അദ്ദേഹത്തിൽ നിന്നു അകറ്റിയ സങ്കടകരമായ അനുഭവത്തെപ്പറ്റിയാണു് വൈൽഡ് അടുത്തതായി പറയുന്നതു്. "ജയിൽജീവിതത്തിന്റെ അപമാനം സഹിക്കാം. എന്നാൽ എന്റെ സ്വന്തം കുട്ടികളുമായി ജീവിക്കാൻ ഞാൻ അയോഗ്യനാണെന്നു നിയമം തീരുമാനിച്ചതിലെ എനിക്കു് സങ്കടമുള്ളു. എന്നോടൊപ്പം ഈ ജയിൽമുറ്റത്തു നടക്കുന്നവരോടു് എനിക്കു എന്തെന്നില്ലാത്ത അസൂയ തോന്നുകയാണു്. അവരുടെ പ്രത്യാഗമനവും കാത്തു അവരുടെ കുട്ടികൾ കഴിഞ്ഞുകൂടുന്നുണ്ടെന്ന ചിന്ത, ഹാ, അവക്കെത്ര മധുരമായിരിക്കും." വിലപിക്കുന്ന ഒരു പിതൃഹൃദയമല്ലേ, ഈ ചിന്തയുടെ പിന്നിൽ?

വൈൽഡിന്റെ കലാജീവിതത്തിന്റെ ഒരു മൂല്യനിർണ്ണയമാണു അതിനെ പിന്തുടരുന്നതു്. അല്പം അഹംബോധപരമല്ലേ അതെന്നു ആക്ഷേപം തോന്നിപ്പോവും. വൈൽഡ് കലയെ ഒരു തത്വശാസ്ത്രമാക്കിയെന്നും, തത്വശാസ്ത്രത്തെ ഒരു കലയാക്കിയെന്നും, മനുഷ്യരെ അത്ഭുതപ്പെടുത്താതെ യാതൊന്നും അദ്ദേഹം പറയുകയോ പ്രവർത്തിക്കയോ ചെയ്തിട്ടില്ലെന്നും വീമ്പടിക്കുമ്പോൾ അതിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാതിരിക്കാവുന്നതല്ല. ഒരു കലാസൃഷ്ടിയിൽ ആത്മനിഷ്ഠത രസകരമാണെന്ന ഹൂസ്മാന്റെ 'കുറസ്സമ്മത'ത്തെപ്പറ്റി പറയുമ്പോൾ വൈൽഡ് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം ആത്മപ്രശംസയ്ക്കു മുതിരുമ്പോൾ രസം തോന്നുന്നില്ലെന്നു മാത്രമല്ല, അദ്ദേഹത്തോടു അല്പം നീരസവും കൂടെ ഉണ്ടായിപ്പോവുന്നു. ആ അന്തരീക്ഷത്തിൽ, "ഞാൻ എന്റെ ആത്മാവിന്റെ തന്നെയും കുപ്പിത്താനായിരുന്നില്ല....സുഖാനുഭോഗങ്ങളെ എന്നെ നിയന്ത്രിക്കുവാൻ ഞാൻ അനുവദിച്ചു. ഭയങ്കരമായ അപമാനത്തിലേക്കാണു് അത്തരം ജീവിതം എന്നെ വഴി നടത്തിയതു്. ഇപ്പോൾ എനിക്കു ഒന്നു മാത്രമേ ശേഷിച്ചിട്ടുള്ളൂ—പരിപൂർണ്ണമായ വിനയം!"—എന്നു പറയുന്ന വൈൽഡിന്റെ പശ്ചാത്താപനിർഭരമായ വാക്കുകളെപ്പോലും നാം വിശ്വസിക്കുന്നില്ല.

ഏതായാലും ഈ അർത്ഥം സ്ഫുരിക്കുന്ന ഒരു ഭാഗം ടോംസ്റ്റോയിയുടെ "ഒരു കുറസ്സമ്മത"ത്തിൽ കാണുവാൻ കഴിയും. ജീവിതത്തിൽ നീണ്ട ഒരു കാലഘട്ടം മദ്യവും മഹിളയും ആയി കഴിച്ചുകൂട്ടിയ ടോംസ്റ്റോയി ആത്മപരിവർത്തനത്തിന്റെ വക്കിൽനിന്നുകൊണ്ടു് കഴിഞ്ഞുപോയ

കാലത്തിന്റെ അത്ഥശൂന്യതയെ നോക്കി നെടുവീർപ്പിട്ടുകയാണ്—"ഭയത്തോടും വെറുപ്പോടും ഹൃദയവേദനയോടുംകൂടെയല്ലാതെ ആ വഷ്ങ്ങളെപ്പറ്റി എനിക്കോർക്കുവാൻ കൂടെ കഴിയുന്നതല്ല. യുദ്ധത്തിൽ ഞാൻ അനേകം ആളുകളെ വധിച്ചു. ദ്വന്ദ്വയുദ്ധത്തിൽവെച്ചുതന്നെ ഞാൻ പലരേയും കൊന്നിട്ടുണ്ട്. ചീട്ടുകളിയിൽ ഏർപ്പെട്ട ഞാൻ സകലവും മുടിച്ചു. പാവപ്പെട്ട കർഷകരുടെ പ്രയത്നം ചൂഷണം ചെയ്ത മാത്രമല്ല, അവരെ പലപ്പോഴും ഞാൻ കഠിനശിക്ഷകൾക്ക് ഇരയാക്കുകയും ചെയ്തു. അനേകം അനേകം ആളുകളെ ഞാൻ വഞ്ചിച്ചു. അങ്ങനെ കൂത്തഴിഞ്ഞ ഒരു ജീവിതം ഞാൻ നയിച്ചു. അസത്യവാദം, പിടിച്ചുപറി, മോഷണം, എല്ലാ വിധത്തിലും രൂപത്തിലും ഉള്ള വ്യഭിചാരം, മദ്യപാനം...ഇതിനെല്ലാം പുറമെ കൊലപാതകംപോലും ഞാൻ നടത്തിയിട്ടുണ്ട്. ഞാൻ ചെയ്യാത്തതായി അന്നു യാതൊരു കുറവും ഉണ്ടായിരുന്നില്ല."—എന്നു ടോം സ്റ്റോയി പറയുമ്പോൾ അതു വിശ്വസിക്കുവാൻ നമുക്കു യാതൊരു പ്രയാസവും തോന്നുന്നില്ല. എന്നാൽ വൈൽഡ് ഏതാണ്ടിതേ ആശയംതന്നെ പ്രകടിപ്പിക്കുമ്പോൾ അതിന്റെ പിന്നിലുള്ള പശ്ചാത്താപത്തിന്റെ ആത്മാത്ഥതയെ ചോദ്യം ചെയ്യുകൊണ്ടു പിൽക്കാലത്തെ അദ്ദേഹത്തിന്റെ വഴിപിഴച്ച ജീവിതം തന്നെ മുന്നോട്ടേയ്ക്കു വരുന്നു.

"ദുരിതം നിത്യമാണു; ഇരുണ്ടതാണു. അനന്തതയുടെ സ്വഭാവമാണു അതിനും"—എന്നു പാടിയ വേർഡ്സ് വെത്തിനേക്കാൾ അതിന്റെ അത്ഥം മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു വൈൽഡ് അഭിമാനിക്കുന്നു. തുടർന്നു വിനയസ്വഭാവത്തിന്റെ മാഹാത്മ്യത്തെപ്പറ്റിയുള്ള ഒരു

പ്രകീർത്തനം. അതിന്റെ വെളിച്ചത്തിൽ സ്വജീവിതത്തിലെ ദുരിതങ്ങൾക്കും പ്രയാസങ്ങൾക്കും ആശ്വാസം കണ്ടെത്തുവാനുള്ള ശ്രമമാണ്. അതുവരെ നിരാശതയിൽ ഉഴലുന്ന ഒരു വൈൽഡിനെയാണ നാം കാണുന്നതെങ്കിൽ, തുടർന്ന നിരാശയെപ്പോലും പ്രത്യാശയാക്കി മാറ്റുവാൻ ആഗ്രഹിക്കുന്ന ഒരു തത്വശാസ്ത്രജ്ഞനേയാണ് വൈൽഡിൽ നാം ദർശിക്കുന്നത്. ജയിൽജീവിതം കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്യാൻ നിരാശ മാത്രമെയുണ്ടാവുകയുള്ളുവെന്ന പറഞ്ഞ വൈൽഡ്, ഈ പുതിയ അനുഭവത്തിന്റെ വെളിച്ചത്തിൽ എന്താണ പറയുന്നതെന്ന നോക്കുക:— "ഞാൻ ജയിലിൽ നിന്നും പുറത്തിറങ്ങുമ്പോൾ ആ ഇരുമ്പു കവാടത്തിനു വെളിയിൽ റോബർട്ട് റോസ് എന്നെ കാത്തുനില്ക്കുന്നുണ്ടാവും. എന്നോടു അദ്ദേഹത്തിനുള്ള സ്നേഹത്തിന്റെ ഒരു ലക്ഷ്യം മാത്രമായിരിക്കുകയില്ല, ആ പ്രവൃത്തി. അതിനു പിന്നിൽ മറ്റനേകം സുഹൃത്തുക്കളുടെ സ്നേഹാദരവുകൾ ഒളിഞ്ഞുനില്പുണ്ടാവും... ...നല്ല കൃതികൾ രചിക്കുവാൻ ഇനിയും എനിക്ക സാധിച്ചില്ലെന്നുവരാം; എങ്കിലും നല്ല നല്ല പുസ്തകങ്ങൾ എനിക്ക വായിക്കുവാൻ കഴിയുമല്ലൊ. അതിനേക്കാൾ സന്തോഷകരമായി എന്തുണ്ട്?...കാലക്രമത്തിൽ എന്റെ സൃഷ്ടിപരമായ കഴിവുകൾ പുനർജ്ജീവിപ്പിക്കുവാൻ എനിക്ക കഴിയുമെന്നതന്നെയാണ് എന്റെ വിശ്വാസം.'

നൈമിഷികമായ ഒരു സംശയം വൈൽഡിന്റെ ചിന്താഗതിയെ തടസ്സപ്പെടുത്തുന്നു. ഒരുപക്ഷെ വൈൽഡ് പ്രതീക്ഷിക്കുന്നതുപോലെ ഒരു നല്ല ഭാവി ഉണ്ടാകുന്നില്ലെങ്കിലോ? ദാരിദ്ര്യവും കഷ്ടപ്പാടുകളും ആയിരിക്കും ഫലം...

പെട്ടെന്നു നൈരാശ്യത്തിന്റെ പിടിയിൽ നിന്നു വൈൽഡിന്റെ ചിന്തകൾ രക്ഷ നേടി പഴയ പാതയിലേക്കുതന്നെ തിരിയുകയാണ്...'എനിക്കു ഭാവിജീവിതത്തിൽ യാതൊരു പ്രയാസവും ഉണ്ടാകുകയില്ല'–എന്നു അദ്ദേഹം തീർത്തുപറയുന്നു. സ്നേഹത്തെ പ്രതീക്ഷിച്ചിരിക്കുമ്പോൾ അതിൽ കവിഞ്ഞ പ്രതീക്ഷയുടെ അനുഭവവുമായി അതു നിങ്ങളെ കാത്തിരിക്കയാവും എന്ന തത്വത്തിന്റെ വെളിച്ചത്തിൽ വൈൽഡ് തന്റെ പ്രതീക്ഷയ്ക്കു മൂല്യക്കുറ്റം.

പരസ്പരവിരുദ്ധങ്ങളായ ഭാവങ്ങൾ 'അഗാധതയിൽ നിന്നി'ൽ ഒളിച്ചു കളിനടത്തുന്നതായിക്കാണാം. അടുത്ത ഖണ്ഡികയിൽ ഭാവിജീവിതത്തിന്റെ പ്രയാസങ്ങളാണ് പ്രതിപാദ്യം. 'എനിക്കു ഇനിയും പലതു ചെയ്യുതീർക്കേണ്ടതായിരിക്കുന്നു. കിഴക്കാംതൂക്കായ എത്രയോ കുന്നുകൾ കയറിയിറങ്ങേണ്ടിയിരിക്കുന്നു; അതുപോലെ തന്നെ, ഇരുളടഞ്ഞ താഴ്വരകളും. മതമോ, യുക്തിയോ, സദാചാരമോ അതിലൊന്നെ സഹായിക്കുവാൻ പോകുന്നില്ല.' അതിനുള്ള കാരണങ്ങൾ ഒന്നൊന്നായി വൈൽഡ് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

ജീവിതത്തിൽ പ്രധാനമായി രണ്ടു പരിവർത്തനാവസ്ഥകളാണുണ്ടായിട്ടുള്ളതെന്നു വൈൽഡ് 'അഗാധതയിൽ നിന്നി'ൽ വ്യക്തമാക്കുന്നു. ഒന്നാമത്തേതു് അദ്ദേഹത്തിന്റെ പിതാവു അദ്ദേഹത്തെ ഓക്സ്ഫോർഡിലേക്കു അയച്ചപ്പോൾ. രണ്ടാമത്തേതു് സമുദായം വൈൽഡിനെ ജയിലിലേക്കു അയച്ചപ്പോൾ. ഒന്നാമത്തെ പരിവർത്തനം നന്മയിൽ നിന്നു തിന്മയിലേക്കായിരുന്നു; രണ്ടാമത്തേതു് തിന്മയിൽ നിന്നു നന്മയിലേക്കും. പക്ഷെ ആ നന്മയിൽ നിന്നു

വീണ്ടും തിന്മയിലേക്കു തന്നെ വൈൽഡ് തിരിയുകയുണ്ടായില്ലെ?

'അഗാധതയിൽ നിന്നി'ന്റെ അഗാധതയിലേയ്ക്കു ഇറങ്ങുന്നോറും ആരംഭത്തിൽ വൈൽഡിനുണ്ടായിരുന്ന വികാരത്തിന്റെ ചൂട് ആറുന്നതുപോലെ തോന്നും. കാരണം ഹൃദയത്തിന്റെ അഗാധതയിൽ നിന്നു ഉയരുന്ന വികാരങ്ങൾക്കു രൂപം നല്കുന്നതിനു പകരം അനാവശ്യമായ ചില ചിന്താഗതികൾ വലിച്ചിഴച്ചുകൊണ്ടുവന്നു കൃതിയുടെ വൈകാരികമായ മൂല്യത്തിനു ഇടിവു തട്ടിച്ചിരിക്കുന്നതുതന്നെ. ഉദാഹരണമായി, ക്രിസ്തുവിനെ ജീവിതത്തിലെ റൊമാൻറിക് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാക്കി പ്രതിഷ്ഠിക്കുവാനുള്ള വൈൽഡിന്റെ ശ്രമം. അഗാധതയിൽ നിന്നുയരുന്ന നെടുവീർപ്പുകളുടെ ഭാഷാന്തരീകരണത്തിൽ അതിനെന്താണു സ്ഥാനമുള്ളതു്? പ്രതിപാദ്യവിഷയത്തിൽ നിന്നു വ്യതിചലിച്ചു്, ക്രിസ്തു സംസാരിച്ചിരുന്നതു് യവന ഭാഷയായിരുന്നുവെന്ന ഗവേഷണനിരീക്ഷണം വരെയെത്തുന്നു, വൈൽഡിലെ കലാചിന്തകൻ.

കൃതിയുടെ ഏതാണ്ടു അവസാനത്തോടടുത്തു് വൈൽഡിനു നഷ്ടപ്പെട്ടിരുന്ന വികാരതീക്ഷ്ണത തിരികെ കിട്ടുന്നതുപോലെ. നിരാശ അദ്ദേഹത്തിന്റെ ചിന്താന്തരീക്ഷത്തിൽ കരിനിഴലുകൾ വീശുന്നു—'എനിക്കു നൽകുവാൻ സമുദായത്തിനു ഒരു സ്ഥാനവും ഇല്ലെന്നു വന്നേക്കാം. എന്നാൽ നീതിമാന്മാരുടേയും നീതിരഹിതരുടേയും മേൽ ഒരുപോലെ മഴ ചൊരിയുന്ന പ്രകൃതി എനിക്കൊളിക്കുവാൻ പാറകൾക്കിടയിൽ വിടവുകൾ കരുതിയിരിക്കും. നിർവിഘ്നം എനിക്കു കണ്ണീരൊഴുക്കുവാൻ താഴ്വരകളുടെ നിശ്ശബ്ദത

യും അവൾ ഒരുക്കിയിട്ടുണ്ടാവും. ഇരുട്ടിൽ പതറാതെ ഞാൻ മുന്നോട്ടേയ്ക്കു നീങ്ങുവാൻ അവൾ നിശയിൽ നക്ഷത്രങ്ങൾ കെട്ടിത്തൂക്കും. അന്യർ എന്റെ അഭയസ്ഥാനം മനസ്സിലാക്കി അവിടേയ്ക്കു എന്നെ പിൻതുടരാ ഉപദ്രവിക്കാതിരിക്കുവാൻ എനിക്കു പുറകെ കാറ്റിനെ അയച്ചു അവൾ എന്റെ കാൽപ്പാടുകൾ മായിച്ചുകളയും. എന്റെ വെള്ളത്തിൽ അവൾ എന്നെ കഴുകുകയും കയ്പേറിയ പച്ച മരുന്നുകളാൽ എന്നെ സുഖപ്പെടുത്തുകയും ചെയ്യും.' പ്രതീക്ഷ ഇവിടെയും വൈൽഡിനു കൂട്ടുനില്ക്കുന്നു.

ഉത്തമ 'കുറസ്സുമ്മത'കൃതികളുടെ കൂട്ടത്തിൽ 'അഗാധതയിൽ നിന്നി'നു സ്ഥാനമില്ല. ഇതു് ഒരു കുറസ്സുമ്മത മായി വൈൽഡ് കരുതിയിരിക്കുകയില്ല എന്നല്ല പറഞ്ഞതിന്റെ അർത്ഥം. ഒരു കുറസ്സുമ്മതത്തേക്കാളധികം താൻ ചെയ്ത കുറ്റങ്ങളുടെ ഒരു വിശദീകരണമാണു് 'അഗാധതയിൽ നിന്നു്' എന്നു വൈൽഡ് തന്നെ റോബർട്ട് റോസിനുള്ള ഒരു കത്തിൽ വിശദമാക്കിയിരിക്കുന്നു.

ഹൃദയത്തിലേക്കു ചുഴിഞ്ഞിറങ്ങാതെ ബുദ്ധിശക്തിയെ പരീക്ഷിച്ചു ക്ഷീണിപ്പിക്കുന്ന ഭാഷാരീതിയും, കൃതിമത്വം മുഴച്ചുനില്ക്കുന്ന പ്രതിപാദനവും ഈ കൃതിയിൽ പല സ്ഥലത്തും കണ്ടെത്തുവരാം. എങ്കിലും അതിലെ പ്രതിപാദ്യം ആത്മകഥാപരമാകയാൽ വലിയ മുഷിച്ചിൽ അനുഭവമാകയില്ല.

നല്ല 'കുറസ്സുമ്മത'കൃതികളിൽ കാണുന്ന ആത്മാർത്ഥതയും ഇതിനു നഷ്ടപ്പെട്ടുപോയിരിക്കുന്നു. കാരണം വൈൽഡിന്റെ ജയിൽശിക്ഷാനന്തരമുള്ള ജീവിതം തന്നെ.

സെൻറ് പോളിൻെറ തടവിലെ ജീവിതം വിശ്വസാഹിത്യത്തിനു അതുല്യമായ ഒരു ലേഖനപരമ്പര സമ്പാദിച്ചുകൊടുത്തു. ജോൺ ബനിയൻെറ ബെഡ്ഫോഡ് ജയിൽജീവിതം 'പിൽഗ്രിംസ് പ്രോഗ്രസ്സി'ൻെറ രചനയ്ക്കും സഹായകമായി. അതുപോലെ വൈൽഡിൻെറ ജയിൽജീവിതത്തിൻെറ ഫലമായി 'അഗാധതയിൽ നിന്നു' രൂപം എടുത്തു. ഈ കൃതിയും 'ശലോമി'യും രചിക്കുവാൻ വൈൽഡിനു സാധിക്കാതെ പോയിരുന്നുവെങ്കിൽ സാഹിത്യത്തിലൂടെ ജീവിതം ആസ്വദിക്കുവാൻ വെമ്പൽ കൊള്ളുന്ന ഇന്നത്തെ അനുവാചകലോകത്തിനു് ഒരു അപരിചിതനായി അദ്ദേഹം കഴിയേണ്ടിവരുമായിരുന്നില്ലേ? സംശയിക്കണം.

ഇന്ന ഞാൻ, നാളെ നീ

"ഇന്ന ഞാൻ, നാളെ നീ"—ഞെട്ടിപ്പിക്കുന്ന ഒരു സത്യമാണത്. ചിന്തിക്കുന്ന മനുഷ്യനു് ആ ഞെട്ടലിൽ നിന്നു രക്ഷ നേടാവുന്നതല്ല. നശ്വരതയുടെ ആ വിളംബരത്തിനു്, മരണത്തിന്റെ ആ മുദ്രാവാക്യത്തിനു്, അത്ര അത്ഥവ്യാപ്തിയുണ്ടു്; ശക്തിയുണ്ടു്. ധനവാനെന്നോ ദരിദ്രനെന്നോ, ഹിന്ദുവെന്നോ മുസൽമാനെന്നോ, പണ്ഡിതനെന്നോ പാമരനെന്നോ ഉള്ള വകഭേദം ഇല്ലാതെ എല്ലാവരും ചെന്നെത്തേണ്ട ഒരദ്ധ്യാത്മവിദ്യാലയമാണു് മരണമെന്ന ആ ആറക്ഷരം എപ്പോഴും നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു.

"ഇന്ന ഞാൻ, നാളെ നീ"—ശ്രീ. ജി. ശങ്കരക്കുറുപ്പിന്റെ ഒരു കവിതയാണെന്നു മലയാളികളെ ഇനിയും പറഞ്ഞു മനസ്സിലാക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. ചങ്ങമ്പുഴയുടെ 'രമണ'നെപ്പോലെ സാധാരണക്കാരന്റെ മണ്ഡലത്തിലേക്കു് ഇറങ്ങിച്ചെല്ലുവാൻ അതിനും സാധിച്ചിട്ടുണ്ടു്. കഥാപ്രസംഗകരിലൂടെയും സിനിമയിലൂടെയും അതു ജനതാഹൃദയത്തിലേയ്ക്കു ആഴ്ന്നിറങ്ങി ശോകമധുരമായ ഒരിക്കി

ളി അനുഭവമാക്കിയിട്ടുണ്ട്. മലയാളത്തിന്റെ പരിമിതികളെ അതിലംഘിച്ച് ഇംഗ്ലീഷുഭാഷ മാത്രം അറിയാവുന്നവരുടെ സമീപത്തേയ്ക്കും അതു കടന്നുകഴിഞ്ഞിരിക്കുന്നു.

ഇരുപതിൽ പരം കൊല്ലങ്ങൾക്കു മുമ്പാണ് ഈ കൃതി പ്രഥമമായി അച്ചുകണ്ടതു്—'സൂര്യകാന്തി'യെന്ന ജി. യുടെ കവിതാസമാഹാരത്തിൽ. അതിനു ശേഷം തിരുവിതാംകൂറിലെ പല പാഠപുസ്തകങ്ങളിലും സ്ഥലംപിടിക്കുവാനുള്ള ഭാഗ്യം അതിനുണ്ടായി. ഞാൻ അതു കാണുന്നതു് തിരുവനന്തപുരത്തു ഒരു മിഡിൽസ്കൂൾവിദ്യാർത്ഥിയായിരുന്ന കാലത്താണ്. അന്നു ഹൈസ്കൂളിലേയ്ക്കു നിശ്ചയിക്കപ്പെട്ടിരുന്ന ഒരു സമാഹാരത്തിലെ കവിതകളിൽ ഒന്നായിരുന്നു അതു്. ആദ്യവായനയിൽ തന്നെ അതെന്നെ നന്നേയാകർഷിച്ചു. എന്റെ പ്രായത്തെ ഒന്നു പിടിച്ചുകുലുക്കുവാൻ പോലും അതിനു കഴിഞ്ഞു. മനുഷ്യനായ മനുഷ്യനെയെല്ലാം പിടിച്ചുകുലുക്കുന്നതിനു് അതിനു കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നു.

"ഇന്ന ഞാൻ, നാളെ നീ" വായിച്ച ആ നാൾ മുതൽ എന്നും ഞാനതിനെപ്പറ്റി ഓർക്കാറുണ്ടായിരുന്നു, എന്റെ ഹൈസ്കൂൾവിദ്യാഭ്യാസകാലഘട്ടത്തിൽ. അക്കാലത്തു് സ്കൂളിൽ നിന്നും എനിക്കു വീട്ടിലേയ്ക്കു മടങ്ങേണ്ടുന്ന വഴി റോമൻകത്തോലിക്കരുടെ ശവക്കോട്ടയ്ക്കു മുമ്പിലൂടെയായിരുന്നു. ഒരു കുന്നിൻചരിവിൽ കരിങ്കൽമതിലുകളാൽ ആവൃതമായി നിശ്ശബ്ദതയ്ക്കു കളിപ്പാനൊരുക്കിയിട്ട ഒരു കളംപോലെ, കുരിശുകളും വളരുന്ന ഒരു തോട്ടം പോലെ, ഇപ്പോഴും കാണുന്ന ആ ശവക്കോട്ട ചെറുപ്പകാലം മുതലേ എന്റെ മനസ്സിലെ മായാത്ത ചിത്രങ്ങളിലൊന്നായിക്കഴി

ഞാനിട്ടുണ്ട്. അതിലേയ്ക്കുള്ള പ്രവേശനമാഗ്രഹം ഒരു വളച്ചുവാതിലാണ്. "മനുഷ്യാ, നീ മണ്ണാണെന്ന് ഓർമ്മിക്കുക; അതിലേയ്ക്കു നീ തിരികെച്ചേരും" എന്ന് അതിന്മേൽ ഇംഗ്ലീഷിൽ എഴുതിയിട്ടുണ്ട്. ആ വളച്ചുവാതിലിന്റെ ചുവട്ടിൽ ഇരുകാലിലും മന്തുമായി പേടിപ്പെടുത്തുന്ന ഒരു മനുഷ്യരൂപം ഇരിക്കാറുണ്ടായിരുന്നതു് ഞാൻ വ്യക്തമായി ഓർമ്മിക്കുന്നു. അവിടത്തെ 'കുഴിവെട്ടി'യാണയാൾ. അന്നു മയങ്ങിയ ആ വസരങ്ങളിൽ അതിലെ പലപ്പോഴും കടന്നുപോയിട്ടുള്ള ഞാൻ ആ വളച്ചുവാതിലിന്മേലുള്ള ലിഖിതവും ആ കുഴിവെട്ടിയേയും കണ്ടു ഭയന്നിട്ടുണ്ട്. അപ്പോഴൊക്കെ ഞാനറിയാതെതന്നെ ജി. യുടെ കവിതയെപ്പറ്റി ഓർത്തുപോവും. ഉപബോധമനസ്സിന്റെ ഏതോ ഒരു മൂലയിൽ നിന്നു "ഇന്നു ഞാൻ, നാളെ നീ" എന്ന മുന്നറിയിപ്പു് എന്റെ ബോധമനസ്സിലേയ്ക്കു കടന്നു വരും. അതേഴ കൊല്ലം മുമ്പുള്ള കഥയാണിതു്. അതു് "ഇന്നും പ്രതിധ്വനിക്കുന്നിതെന്നോമ്മയിൽ".

ഇത്രയും ഒരു മുഖവുരയായി പറഞ്ഞുവെന്നേയുള്ളൂ. പടിപ്പുര കടന്നു് ആ കവിതാഗൃഹത്തിന്റെ പൂമുഖത്തിലേയ്ക്കു നമുക്കു ചെല്ലാം. ഇരുളഴിഞ്ഞുവീണുതുടങ്ങുന്ന ഒരു സന്ധ്യാസമയത്തു് ഇരുപാർശ്വങ്ങളിലും മരങ്ങൾ തിങ്ങിവളരുന്ന ഒരു പാതയിൽ കവി നില്ക്കുന്നു. നിശ്ശബ്ദതയിൽ മുങ്ങിനില്ക്കുകയത്രേ പരിസരം. സമീപത്തുള്ളൊരു പള്ളിയിൽ നിന്നു ദീനദീനമായ മണിനാദം മുഴങ്ങുന്നു. ഒരു നിഷ്ഠനന്റെ ശവസംസ്കാരഘോഷയാത്ര അതിലെ നീങ്ങുന്നു— അതു കണ്ട കവിയുടെ ചിത്തം വികാരങ്ങളാൽ വീർപ്പുമുട്ടുന്നു. നിശ്ചലമായ ജലപ്പരപ്പിൽ ഒരു കല്ലെറിഞ്ഞാൽ

അതു വീഴുന്ന ബിന്ദുവിനെ ചുറ്റി അലകൾ ഉണ്ടാകുന്നതു പോലെ ഒന്നിനു പുറകെ ഒന്നായി ആ സംഭവം കവിഹൃദയത്തിൽ ചിന്തകൾക്കു കാരണമാകുന്നു. ക്രമേണ അവ കവിതാരൂപം പ്രാപിക്കുന്നു. ശോകാത്മകമായ ചിന്തകൾ, ഭാവദീപ്തമായ രൂപം—അതാണ് "ഇന്ന ഞാൻ, നാളെ നീ".

മുപ്പത്തിയാറുവരികളിൽ, നാലു ഭാഗമായിട്ടാണ് കവി "ഇന്ന ഞാൻ, നാളെ നീ" അനുവാചകരുടെ മുമ്പിൽ സമർപ്പിക്കുന്നതു്. കവിയുടെ ഓർമ്മയിൽ ആ നാലു വാക്കുകൾ ഓളമടിച്ചുടിച്ചു അങ്ങനെ എപ്പോഴും ഉയർന്നുകൊണ്ടിരിക്കുന്നുവെന്നു പ്രഖ്യാപിക്കുന്ന ആദ്യത്തെ ഈരടിയാണ് ഒന്നാമത്തെ ഭാഗം. വർണ്ണിക്കുവാൻപോകുന്ന വസ്തുതകൾ കവിഹൃദയത്തെ എത്രമാത്രം സ്പർശിച്ചുവെന്നു വ്യക്തമാക്കുന്നതോടൊപ്പം കവിതാസപ്രാപനത്തിനൊരുങ്ങുന്ന സഹൃദയനു് ഒരു നല്ല ക്ഷണം കൂടെയായിട്ടുണ്ടു് അതു്. ജിജ്ഞാസയുടെ വിത്തു വായനക്കാരന്റെ ഹൃദയത്തിൽ വിതച്ചു് അതു മുളപ്പിച്ചു വളർത്തിക്കൊണ്ടുവരുവാൻ കവിക്കൊരു ഈരടിയുടെ ആവശ്യമേയുണ്ടായുള്ളൂ. കവിയും വർണ്ണ്യവസ്തുവും തമ്മിലുള്ള ഏകീകരണംപോലും അവിടെ സാധിക്കുന്നുണ്ടെന്നും എനിക്കു തോന്നുന്നു. ഒരു ഭാവഗീതത്തിന്റെ മധുരിമ "ഇന്ന ഞാൻ, നാളെ നീ"യിൽ നാം അനുഭവിക്കുന്നുണ്ടെന്നു വരികിൽ അതിനു് ഈ ഈരടിയാണു കാരണം.

അടുത്ത പതിനാലു വരികളിലായി വർണ്ണ്യവസ്തുവിനിണങ്ങുന്ന ഒരു പശ്ചാത്തലമൊരുക്കുന്നതിൽ കവി വ്യഗ്രനായിക്കാണുന്നു. 'നേരമിരുട്ടുന്നു'വെന്നേ കവിക്കു പറയുവാനുള്ളൂ. സാധാരണക്കാരനാണെങ്കിൽ രണ്ടു വാക്കുകൾകൊണ്ടു പറഞ്ഞുതീർക്കുന്ന ആ ആശയം എത്രയോ ചിതറിയ ചിത്ര

ങ്ങളിലൂടെ കവി പറഞ്ഞു ഫലിപ്പിച്ചിരിക്കുന്നതു നോക്കുക. പാതവക്കത്തു നില്ക്കുന്ന മരങ്ങളുടെ കരിനിഴലുകൾ പ്രതി നിമിഷം വളരുന്നുവെന്നു സൂചിപ്പിച്ചു വൈകിയ സായാഹ്നത്തെ കവി നമ്മുടെ മുന്നിലേയ്ക്കാനയിക്കുന്നു. അവയിൽ നിന്നു പഴത്തതും ഉണങ്ങിയതുമായ ഇലകൾ കൊഴിയുന്ന ചിത്രവും അതോടൊപ്പം ഇടവിട്ടിടവിട്ടു കേൾക്കുന്ന വീശുന്നതും എല്ലാം നാം പ്രത്യക്ഷത്തിൽ കാണുന്നതും അനുഭവിക്കുന്നതും പോലെ തോന്നിപ്പോകുന്നു. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ സന്ധ്യയാരംഭിക്കുന്നു.....കവി അവതരിപ്പിക്കുന്ന ഓരോ ചിത്രവും അവ സംഭവിച്ച ക്രമത്തിനനുസരണമായി നിരത്തിവെച്ചതിൽ യാതൊരബദ്ധവും പിണഞ്ഞിട്ടില്ലെന്നു മാത്രമല്ല, അവയെ ഒന്നാകെ വീക്ഷിയ്ക്കുമ്പോൾ മനോഹരമായ ഒരു സന്ധ്യാഗമനം നാം ഉൾക്കണ്ണുകളിൽ കാണുകയും ചെയ്യുന്നു. ശോകാത്മകത പൂശി ആ വർണ്ണനയ്ക്കു പകിട്ടേറുവാനും കവിക്കു കഴിഞ്ഞിട്ടുണ്ട്. മരങ്ങളുടെ പ്രതിച്ഛായകൾ കവിഹൃദയത്തിൽ പ്രേതങ്ങളുടെ പ്രതീതിയാണത്രേ ഉണർത്തുന്നതു്. അവയെക്കണ്ടു പേടിച്ചാണോപോലും ചില ശുഷ്കപത്രങ്ങൾ അവയിൽ നിന്നു ഉതിർന്നുവീണതു്. മരണക്കിടക്കയിലെ ഒരു മനുഷ്യന്റെ ആഞ്ഞാഞ്ഞുള്ള ശ്വാസോച്ഛ്വാസങ്ങളെയാണു് ഇടയ്ക്കിടെ വീശുന്ന സന്ധ്യാമാരുതൻ കവിയെ ഓർമ്മിപ്പിക്കുന്നതു്. നക്ഷത്രങ്ങൾ നിരന്നുതുടങ്ങിയ ആകാശം ഒരു ശവമെടുപ്പുരംഗത്തെയാണു് അദ്ദേഹത്തിന്റെ ചിന്തയിലേയ്ക്കു ക്ഷണിച്ചുവരുത്തുന്നതു്. മരിച്ച പകലിന്റെ ശവം വെച്ചെടുക്കുവാൻ വേണ്ടി നക്ഷത്രരത്നങ്ങൾ പതിച്ച പട്ടുകൊണ്ടു സമലംകൃതമായ ആകാശമാകുന്ന പെട്ടിയുമായി നാലു ദിക്കുകളുമങ്ങനെ ശോകമൂകമായി വർത്തിക്കുന്നു. പകലിന്റെ പുത്രിയായ അ

ന്തി പിതാവിന്റെ ശവപ്പെട്ടിയിൽ അവസാനത്തെ പുഷ്പവും നവും കഴിഞ്ഞു മൂർദ്ധാവിച്ചു വീഴുകയാണ്—എത്ര വികാരസാന്ദ്രമായ ഒരു സന്ദർഭം. അതു ശ്രുപഭദ്രതയോടെ കവിതയിലേയ്ക്കു പകർത്തുവാനും കവിക്കു കഴിഞ്ഞു. ഇത്തരം ശോകഗംഭീരമായ ഒരു രംഗം സൃഷ്ടിച്ചതു കവിതയുടെ ആത്മാവിനു് എത്രമാത്രം ഭംഗി വർദ്ധിപ്പിച്ചിട്ടുണ്ടെന്നു് പുറകെ ബോദ്ധ്യമായിക്കൊള്ളും.

അങ്ങിനെയുള്ള സന്ധ്യാസമയത്തു് ജീവിതംപോലെ രണ്ടറ്റവും കാണാത്ത ആ വഴിയിങ്കൽ, കവി തനിച്ചു നില്ക്കുകയാണു്. പക്ഷികളെല്ലാം കൂടണഞ്ഞുകഴിഞ്ഞു—ഒന്നുപോലും 'ചിലപില' ശബ്ദം പുറപ്പെടുവിക്കുന്നില്ല. സന്ധ്യാസമീരണന്റെ ഇടവിട്ടിട്ടുള്ള വീശലുകളും അവസാനിച്ചിരിക്കുന്നു. ചെറിയ കാറ്റത്തു പോലും വിറച്ചുകൊണ്ടിരിക്കുന്ന ആലിലയ്ക്കുകൂടി അനക്കമില്ല. അവയിൽനിന്നെല്ലാം കവി ദുഃഖമയമായ ഒരന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു—ലോകം തന്നെ മരവിച്ചിരിക്കുകയല്ലേ? അതുമായി രണ്ടാം ഭാഗത്തിനു കവി വിരാമമിടുന്നു.

മൂന്നാം ഭാഗം "രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറത്തുണ്ടായൊരാ മഹാത്യാഗ"ത്തെപ്പറ്റിയുള്ള കവിയുടെ അനുസ്മരണമത്രേ. അതിനു് ഉദ്ബുദ്ധനാകുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതു അടുത്തുള്ളൊരു പള്ളിയിൽ നിന്നുയരുന്ന ദീനദീനമായ മണിനാദമാണു്. "ണാം, ണാ"മെന്നുള്ള ആ മണിമുഴക്കത്തെ കവി അനുവാചകരുടെ ശ്രവണപുടങ്ങളിലേയ്ക്കു കേന്ദ്രീകരിക്കുകയാണു്. എന്നിട്ടു് അവരേയും കൂട്ടിക്കൊണ്ടു് അദ്ദേഹം കാലത്തിന്റെ പാതയിലൂടെ പിറകോട്ടേയ്ക്കു പോവുകയാണു്—കാൽവരിയിൽ നാട്ടപ്പെട്ട ആ കു

രിശിന്റെ ചുവട്ടിലേയ്ക്ക്! ആ മലമുകളിൽ നടന്ന ത്യാഗത്തിന്റെ മാഹാത്മ്യം കവി അവക്ക് വ്യക്തമാക്കിക്കൊടുക്കുന്നു. അപ്പോൾ അദ്ദേഹത്തിലുളവാകുന്ന ആത്മാനന്ദകരമായ അനുഭൂതിയാണ് ആകാശത്തിലൂടെ ഓടിയോടിനടക്കുന്ന മേഘശകലങ്ങളെ കുരിശിനെ ചുംബിക്കുവാൻ ഇറങ്ങിവരുന്ന മാലാഖമാരായി സങ്കല്പിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. സ്വയവും മറന്നു കുരിശിന്റെ മാഹാത്മ്യത്തിൽ ലീനനായിപ്പോവുന്ന കവി, "പാപം ഹരിച്ചു പാരിനു വിണ്ണേറുവാൻ പാത കാണിക്കുന്ന" അതിന്റെ ശ്രമത്തിൽ സർവ്വവിജയവും ആശംസിക്കുന്നു. അഞ്ചെയഞ്ചു ഈരടികളാണ് ഇപ്രകാരം കുരിശിനു ഒരു പ്രശസ്തിപത്രം തയ്യാറാക്കുവാനും മറ്റുമായി കവി വിനിയോഗിച്ചിട്ടുള്ളത്.

ശേഷിക്കുന്ന പത്തു വരികളിലാണ് കവിതയുടെ ഏറ്റവും കാതലായ ഭാഗം പ്രത്യക്ഷപ്പെടുന്നത്. ഈ കവിതയെ ഒരു ഗൃഹത്തോടുപമിക്കാമെങ്കിൽ അതിന്റെ ഏറ്റവും ഭദ്രവും മനോഹരവുമായ മുറിയിലേയ്ക്കു നമ്മെ പ്രവേശിപ്പിക്കുകയാണ് ഈ ഭാഗത്തിലെന്നു പറയാം. "ഇന്നു ഞാൻ, നാളെ നീ" എന്ന ശീർഷകത്തിന്റെ സാംഗത്യവും ഈ ഭാഗത്തിൽ നിന്നത്രേ നമുക്കു മനസ്സിലാവുന്നത്. ഒരു ദരിദ്രന്റെ മൃതശരീരം അടക്കം ചെയ്ത ഒരു പെട്ടി അതിലെ ആവഹിക്കപ്പെടുന്നു. ആവഹിക്കപ്പെടുകയല്ല, പെട്ടി സ്വയമങ്ങനെ നീങ്ങിപ്പോവുകയാണോ എന്നുപോലും സംശയിച്ചുപോകും, കവിയുടെ അതിനെപ്പറ്റിയുള്ള വർണ്ണന വായിക്കുമ്പോൾ. 'പെട്ടി പോയ്'—എന്നത്രേ പ്രയോഗം. അതു ചുമന്നിരുന്നവരെപ്പറ്റിയോ അതിനോടൊപ്പം പോയിരുന്നവരെക്കുറിച്ചോ ഒരു വാക്കുപോലും കവിയ്ക്കു പറയാ

നില്പു. അത്ര ചെറിയ ഒരു ക്ലുട്ടം എന്നേയുണ്ടാകേണ്ടതുള്ളൂ.

നിറഞ്ഞ നിശ്ശബ്ദതയിലാണ് ആ ശവസംസ്കാര ഘോഷയാത്ര നീങ്ങുന്നതെന്ന് കവി നമ്മെ വീണ്ടും ഓർമ്മിപ്പിയ്ക്കുന്നു. പെരുമ്പറയുടെ ശബ്ദം കേൾക്കാനില്ലത്രേ! ഒരു ധനികന്റെ ശവസംസ്കാരയാത്രയായിരുന്നുവെങ്കിൽ അതുണ്ടാകുമായിരുന്നുവെന്നു ധ്വനി. അറിയാതെ ധനികന്മാരുടേയും ദരിദ്രന്മാരുടേയും ശവസംസ്കാരഘോഷയാത്രകൾ നാം ഒരു നിമിഷനേരത്തേയ്ക്കു താരതമ്യം ചെയ്തുപോകുന്നു. ആ താരതമ്യവിചിന്തനം വലിച്ചുനീട്ടുവാൻ വേറൊരു വസ്തുതയും കവി അവതരിപ്പിക്കുന്നു—ആ ശവപ്പെട്ടിമേൽ പൂക്കളൊന്നും വിതറിയിട്ടില്ലത്രേ!.....അതവസാനിക്കുന്നതിനുമുമ്പുതന്നെ കവി പറയുകയാണ്, പെരുമ്പറയടിയില്ലെന്നും പെട്ടിമേൽ പൂവഷ്മിലെന്നും പറഞ്ഞതു അഭ്സത്യങ്ങൾ മാത്രമാണെന്ന്. സാധാരണക്കാരന് മൂകമെങ്കിലും കവിയെസ്സംബന്ധിച്ചിടത്തോളം ഉച്ചത്തിലുള്ള പെരുമ്പറയടികൾ കേൾക്കാനുണ്ട്—മരിച്ചയാളിന്റെ ഭാര്യയുടെ സന്താപോഷ്മളമായ ആ നെഞ്ചിടിപ്പുകൾ! അതുപോലെ ആ ശവപ്പെട്ടിമേൽ പൂക്കളൊന്നും കാണുവാൻ സാധാരണനേത്രങ്ങൾക്കു സാദ്ധ്യമല്ലെങ്കിലും മരിച്ചയാളിന്റെ സന്താനം അതിന്മേൽ ചൊരിഞ്ഞ കണ്ണുനീർത്തുള്ളികളാകുന്ന പൂക്കൾ ദർശിക്കുവാൻ കവിയ്ക്കു കഴിവുണ്ട്.

"ഇന്നു ഞാൻ, നാളെ നീ" എന്ന ആ ശവപ്പെട്ടിമേൽ ആലേഖനം ചെയ്യപ്പെട്ടിരുന്നുവെന്നു കവിയടുത്തതായി പറയുന്നു. മനോഹരമായ ഒരു കവിസങ്കല്പമായേ ഈയടുത്തകാലംവരെയും ആ പ്രസ്താവനയെ ഞാൻ കണക്കാക്കി

യിരുന്നുള്ളൂ. ലിഖിതങ്ങളോടുകൂടിയ ശവപ്പെട്ടികൾ ഞാൻ കണ്ടിട്ടില്ല. പക്ഷെ കവി യഥാർത്ഥത്തിൽ "ഇന്ന ഞാൻ, നാളെ നീ" എന്നെഴുതിയ ഒരു ശവപ്പെട്ടി കാണുകയുണ്ടായിട്ടുണ്ടെന്നും അതാണ് പ്രസ്തുത കവിതയെഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നും ഈയടുത്ത അവസരത്തിൽ എന്നോടു നേരിട്ടു പറയുകയുണ്ടായി. കവിതാസ്വാദനത്തിനൊരുങ്ങുന്നവർക്ക് ഈ വിവരം ഒരു സഹായമാകുമെങ്കിൽ ആയിക്കൊള്ളട്ടെന്നു കരുതിമാത്രം സൂചിപ്പിച്ചതാണിവിടെ.

"ഇന്ന ഞാൻ, നാളെ നീ"-കവിയുടെ നയനങ്ങൾക്കു മുമ്പിൽ, നശ്വരതയുടെ പ്രഖ്യാപനമടങ്ങിയ ആ ആറക്ഷരം! പേടിപ്പെടുത്തുന്ന ആ യാഥാർത്ഥ്യത്തിനു മുമ്പിൽ കവി ഞെട്ടുന്നു. ആ ഞെട്ടൽ ആകാശമണ്ഡലത്തോളമുയർന്ന നക്ഷത്രങ്ങളിലേയ്ക്കു സംക്രമിച്ചുവെന്നും അതുകൊണ്ടാണവ ഞെട്ടി വിറച്ചുകൊണ്ടിരിക്കുന്നതെന്നും കവി പറഞ്ഞവസാനിപ്പിയ്ക്കുമ്പോൾ അതിൽ യുക്തി എത്രമാത്രമുണ്ടെന്നോക്കാതെ നാമങ്ങു സമ്മതിച്ചുകൊടുക്കുന്നു. മനോഹരമായ നാണപ്പറച്ചിലാണ് കലയെന്നുള്ള കാര്യം വളരെക്കഴിഞ്ഞേ നാം ഓർക്കുന്നുള്ളൂ.

കവിത വായിച്ചവസാനിപ്പിച്ചാലും "ഇന്ന ഞാൻ, നാളെ നീ" എന്നെഴുതിയിട്ടുള്ള ആ ശവപ്പെട്ടി നമ്മുടെ കൺമുമ്പിൽ നിന്നു മായുകയില്ല. അതിനെപ്പറ്റിയുള്ള ചിന്തകൾ മനോഹരമായ ഓർമ്മകളായി നമ്മിൽ അവശേഷിക്കുന്നു.

ഒരു വിലാപകാവ്യത്തിന്റെ മനോഹാരിത "ഇന്ന ഞാൻ, നാളെ നീ" യ്ക്കുണ്ടെന്നതാണ് ഈ ഖണ്ഡകൃതിയുടെ

ഞാൻ കാണുന്നൊരു പ്രത്യേകത. ഒരു 'രമണന്റെ' മരണത്തിലുള്ള ദുഃഖമോ, ഒരു 'വീണപൂവി'നോടുള്ള സഹതാപമോ, ഭാഗ്യവിയോഗവ്യഥയിൽ നിന്നുറവെടുക്കുന്ന 'കണ്ണുനീർത്തുള്ളി'യോ അത്തരം വ്യക്തിപരമായ കഷ്ടനഷ്ടങ്ങളിൽ നിന്നുളവാകുന്ന വിലാപമോ അല്ല ഇതിലെ പ്രതിപാദ്യം. പൊതുവെ മനുഷ്യനെക്കുറിച്ചുള്ള ഒരു ചിന്തകന്റെ വിലാപമാണത്. വിലാപത്തിന്റെ മുഴുവൻ കഴമ്പും ഈ കവിതയുടെ ശീർഷകത്തിൽ തന്നെ ഉൾക്കൊള്ളിയ്ക്കുവാൻ കവിയ്ക്കു കഴിഞ്ഞിട്ടുണ്ട്.

ഒരു തികഞ്ഞ സൗന്ദര്യാസ്വാദകനും ദേശപ്രേമിയുമായിട്ടാണ് 1917–18 നോടടുത്തു ശ്രീ. ജി. മലയാളകവിതാമണ്ഡലത്തിൽ പ്രത്യക്ഷപ്പെട്ടത്. ക്രമേണ ഒരു മിസ്റ്റിക്കായി അദ്ദേഹം മാറി. ദേശസ്നേഹത്തിൽ നിന്നു മിസ്റ്റിസിസത്തിലേയ്ക്കു വഴിതിരിഞ്ഞിയ ആ കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ സന്താനങ്ങളിലൊന്നാണ് "ഇന്ന ഞാൻ, നാളെ നീ". മിസ്റ്റിസിസത്തിൽതന്നെ തുടരാൻ ജി.യ്ക്കു കഴിഞ്ഞില്ല. പിൽക്കാലത്തു് ഒരു വിപ്ലവവാദിയും, മനുഷ്യവർഗ്ഗപ്രേമിയുമായിത്തീർന്നു അദ്ദേഹം. ഇന്ന അദ്ദേഹത്തെ ഒരു 'ഇൻറർനാഷണലിസ്റ്റ്' എന്നു വിളിക്കാനാണു ഞാനിഷ്ടപ്പെടുക.

ശ്രീ. ജി. ശങ്കരക്കുറുപ്പിന്റെ ഏറ്റവും നല്ല പത്തു ഖണ്ഡകൃതികൾ തിരഞ്ഞെടുക്കുവാൻ ആരെങ്കിലും എന്നോടാവശ്യപ്പെട്ടാൽ, ഒരു ഹൃദയഗീതത്തിന്റെ ഭാവാത്മകതയും ഒരു വിലാപകാവ്യത്തിന്റെ ശോകഗാംഭീര്യവുമിയലുന്ന ഈ കവിത— "ഇന്ന ഞാൻ, നാളെ നീ"— ഞാൻ തിരഞ്ഞെടുക്കുന്നവയിലൊന്നായിരിക്കും. സംശയമില്ല.

മോപ്പസാങ്ങും മേരിയും

അന്നു മോപ്പസാങ്ങിനെ പ്രശസ്തനായ ഒരു കാഥികനായി നിരൂപകലോകം അംഗീകരിച്ചുകഴിഞ്ഞിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ കീർത്തി ഫ്രാൻസിന്റെ അതിർത്തികളെ അതിലംഘിച്ചുതുടങ്ങിയിരുന്നു.

അങ്ങിനെയിരിക്കെയാണ് അപ്രതീക്ഷിതമായി ഒരു കത്ത് അദ്ദേഹത്തിനു ലഭിച്ചത്. കിട്ടിയപാടേ, അദ്ദേഹം അതു പൊട്ടിച്ചു വായിച്ചു. അതേതാണ്ട് ഇപ്രകാരമായിരുന്നു.

"മോൺഷ്യർ,

അങ്ങയുടെ കലാസൃഷ്ടികൾ സസന്തോഷം വായിക്കുന്ന ഒരാളാണു ഞാൻ. അങ്ങു വിശ്വാസ്യമായി പകർത്തുന്ന പ്രകൃതിയിൽ നിന്ന് അനിർവചനീയമായ പ്രചോദനം ഉൾക്കൊള്ളുകയും, മാനുഷികവികാരങ്ങളുടെ പോരുകളാൽ അനുവാചകരെ ഇളക്കിമറിക്കുകയും ചെയ്യുന്നു. അങ്ങയുടെ കഥകളിൽ തങ്ങളെത്തന്നെയാണോ വരച്ചു പിടിപ്പിച്ചിരിക്കുന്നതെന്നുപോലും അവർ സംശയിച്ചുപോകുന്നു. അതേസമയം അങ്ങയുടെ നേർക്ക് എന്തെന്നില്ലാത്ത സ്നേഹം അവർക്ക് അ

നുഭവമാകുകയും ചെയ്യുന്നു. എന്റെ ഈ അനുമോദനം നിരർത്ഥകമാണോ? ഇതു നിഷേധിക്കാതിരിക്കുക. കാരണം അതു് അതുകണ്ടു് ആത്മാർത്ഥമാണു്.

അങ്ങയോടു് രസകരവും ഹൃദയസ്പർശകവും ആയ പല കാര്യങ്ങളും പറയുവാനെനിക്കുണ്ടെന്നു് ഇതുയും പറഞ്ഞതിൽ നിന്നു് അങ്ങു മനസ്സിലാക്കിയിരിക്കുമല്ലോ. എന്നാൽ അവയെല്ലാം ഈ കത്തിൽ പറഞ്ഞൊതുക്കുക പ്രയാസമാണു്. അങ്ങയുടെ സുന്ദരമായ ആത്മാവിന്റെ—അതു സുന്ദരവും നിഷ്കൽമഷവും ആണെന്നതന്നെയാണു് എന്റെ വിശ്വാസം—വിശ്വസ്തസഖിയായിത്തീരുന്നതിനെപ്പറ്റിയുള്ള മധുരസ്വപ്നങ്ങൾ ഒരാളിലെങ്കിലും വളർത്തിക്കൊണ്ടുവരുവാനുള്ള കെല്പു് അങ്ങേയ്ക്കുണ്ടെന്നു കാണുന്നതിനാൽ അവ പറയാതിരിക്കുന്നതും എനിക്കു പ്രയാസമത്രെ.

അങ്ങയുടെ ആത്മാവു് മനോഹരമല്ലെങ്കിൽ, ഞാൻ ചിന്തിക്കുന്ന തരത്തിലും വിധത്തിലും ഉള്ള സ്വപ്നങ്ങൾ അങ്ങേയ്ക്കില്ലെങ്കിൽ, ഒന്നാമതായി ഞാൻ അങ്ങേയ്ക്കുവേണ്ടി സഹതപിക്കാം. രണ്ടാമതായി എന്റെ മനസ്സിലുള്ള 'അത്തരം ചിന്തകളെ' വെടിഞ്ഞു് അങ്ങയെ ഒരു സാഹിത്യകാരനായിമാത്രം ഞാൻ കണ്ടുകൊള്ളാം.

കഴിഞ്ഞ ഒരു വർഷക്കാലമായി അങ്ങേയ്ക്കു് എഴുതണമെന്നു ഞാൻ അത്യഗ്രഹിക്കുകയായിരുന്നു. പലപ്പോഴും അതിനു തുനിഞ്ഞിട്ടുമുണ്ടു്. പക്ഷെ അങ്ങയുടെ കഴിവുകളെ ഞാൻ വലിച്ചുപ്പെടുത്തുകയല്ലേ എന്നുള്ള ചിന്തയാണു് ഇതുയും കാലം അതിൽനിന്നെന്നെ വിരമിപ്പിച്ചിരുന്നതു്. എന്നാൽ രണ്ടുദിവസം മുമ്പു് ആരോ അങ്ങയെ പുകഴ്ത്തിക്കൊണ്ടയച്ച ഒരു കത്തും, അതെഴുതിയ ആളിന്റെ മേൽ

വിലാസം തിരഞ്ഞുകൊണ്ടുള്ള ഒരു കുറിപ്പും അങ്ങു പ്രസിദ്ധീകരിച്ചുകണ്ടു. അതെന്റെ ഹൃദയത്തിൽ ഒരു തരത്തിലുള്ള അസൂയയ്ക്കു കാരണമായി. അങ്ങേയ്ക്കു എഴുതുന്നതിനു് ഇനിയും അമാന്തിച്ചുകൂടാ—എന്റെ മനസ്സാക്ഷി എന്നോടു മന്ത്രിച്ചു.....അങ്ങയുടെ സാഹിത്യപരമായ പ്രവർത്തനങ്ങളും ഓരോന്നും എന്റെ കൺമുമ്പിൽ വെട്ടിവെട്ടിത്തിളങ്ങുകയായി.....അതിന്റെയൊക്കെ ഫലമാണു് ഈ കത്തു്.

അങ്ങേയ്ക്കു ഞാൻ എക്കാലവും ഒരു രഹസ്യമായിരിക്കുവാൻ ആഗ്രഹിക്കുന്നുവെന്നതുകൂടെ പറഞ്ഞുകൊള്ളട്ടെ. ദൂരത്തു നിന്നുപോലും അങ്ങയെ ഒരു നോക്കു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങയുടെ മുഖം എനിക്കു രസിക്കാതിരുന്നേക്കാൻ മതി. രണ്ടു കാര്യങ്ങളാണു് അങ്ങയെപ്പറ്റി എനിക്കറിയാവുന്നതു്. ഒന്നു്: അങ്ങു യുവാവാണു്; രണ്ടു്: അവിവാഹിതനാണു്. വിദൂരതയിലിരുന്നു അങ്ങയെ ആരാധിക്കുന്നതിനു അങ്ങേയ്ക്കു അനുപേക്ഷണീയമായി ഉണ്ടായിരിക്കണമെന്നു ഞാൻ വിശ്വസിക്കുന്ന രണ്ടു ഗുണങ്ങളാണവ.

എനിക്കു് ഒരു കാര്യംകൂടെ അറിയിക്കുവാനുണ്ടു്—ഞാൻ ഒരു സുന്ദരിയാണു്. ഈ മധുരചിന്ത എന്റെ കത്തിനു മറുപടി അയക്കുവാൻ അങ്ങയെ ഉത്സാഹിപ്പിക്കുമെന്നു് ഞാൻ കരുതുന്നു. ഞാനൊരു പുരുഷനായിരുന്നുവെങ്കിൽ തീച്ചയായും ഒരു ഇംഗ്ലീഷ്വനിതയുമായി ലേഖനങ്ങളിലൂടെ സൗഹാർദ്ദബന്ധം പുലർത്തുവാൻ ഇഷ്ടപ്പെടുകയില്ല. അങ്ങയുടെ ഇഷ്ടം അത്തരത്തിലാണോ, ആവോ?

മിസ് ഹേസ്റ്റിംഗ്സ്.
പി. ഒ. സ്റ്റേഷൻ ഓഫ് മഡലീൻ."

— എഴുത്തു വായിച്ചു് ഏതാനും നിമിഷങ്ങളം മോപ്പസാങ്ങ് സ്തബ്ധനായി ഇരുന്നുപോയി. മിസ് ഹേസ്റ്റിംഗ്സ്!— അങ്ങനെയൊരു സ്ത്രീയെ അദ്ദേഹം അറിയില്ല; കേട്ടിട്ടുപോലുമില്ല. അതൊരു കള്ളപ്പേരാണെന്നു് കത്തിൽനിന്നുതന്നെ ധ്വനിക്കുന്നില്ലേ? "ഞാനൊരു പുരുഷനായിരുന്നുവെങ്കിൽ തീച്ചയായും ഒരു ഇംഗ്ലീഷ് വനിതയുമായി ലേഖനങ്ങളിലൂടെ സൌഹാർദ്ദബന്ധം പുലർത്തുവാൻ ഇഷ്ടപ്പെടുകയില്ല" എന്നെഴുതിയിട്ടു് അതിനടിയിൽ 'മിസ് ഹേസ്റ്റിംഗ്സ്' എന്നു വെച്ചിരിക്കുന്നതു് അത്തരം ഒരനുമാനത്തിനല്ലേ വഴിതെളിക്കുന്നതു്?.....അങ്ങനെ പല പല സംശയങ്ങളം മോപ്പസാങ്ങിനെ അസ്വസ്ഥനാക്കി. എങ്കിലും ആ കത്തിനു പിന്നിൽ സൌന്ദര്യബോധമുള്ള ഒരു ഹൃദയമുണ്ടെന്നു് ആ സാധു വിശ്വസിച്ചു.

ആ കത്തെഴുതിയതു് 'ഹേസ്റ്റിംഗ്സ്' അല്ലെങ്കിലും 'മിസ്' ആണെന്ന കാര്യത്തിൽ ആ ലോലചിത്തനു സംശയമുണ്ടായില്ല. പേനയും കടലാസ്സും എടുത്തു് അദ്ദേഹം താഴെ കാണുന്ന വിധത്തിൽ ഒരു മറുപടി തയ്യാറാക്കി.

"മാഡം,

നിങ്ങളം വിചാരിച്ച തരത്തിലുള്ള ഒരു കത്തായിരിക്കയില്ല ഇതു്; തീച്ച. എന്റെ നേക്കുള്ള നിങ്ങളുടെ ഭയമ്മൂലം, എന്റെ മേൽ ചൊരിഞ്ഞ അളവില്ലാത്ത അനുമോദനങ്ങൾക്കും അകമഴിഞ്ഞ നന്ദി. ഇനിയും ബോധമുള്ള മനുഷ്യരായി നമുക്കു് ആശയങ്ങളം കൈമാറാം.

എന്റെ വിശ്വസ്തസഖിയായിരിക്കുവാൻ നിങ്ങളം അനുഗ്രഹിക്കുന്നു. ഏതവകാശത്തിന്മേൽ? ഞാൻ നിങ്ങളെ അറിയില്ല. നിങ്ങളുടെ മനസ്സും സ്വഭാവരീതികളും എന്റെ

ബുദ്ധിയ്ക്കും മനസ്സിനും ഇണങ്ങാത്തതായിരുന്നേക്കാം. അങ്ങനെയുള്ള നിങ്ങളോട് എന്റെ ജീവിതരഹസ്യങ്ങൾ പറയണമെന്ന് ആവശ്യപ്പെട്ടതു ശരിയാണോ? അങ്ങനെ ചെയ്യുന്നതു് ഞാൻ ഒരു മഠയനാണെന്ന് സ്വയം പ്രഖ്യാപിക്കുന്നതിനു തുല്യമല്ലേ? അന്യോന്യം അജ്ഞാതരായ നിലയിൽ ആശയം കൈമാറുന്നതിൽ എന്തു രസമാണുള്ളതു്? എനിക്കു മനസ്സിലാകുന്നില്ല. ഒരു സ്ത്രീയും ഒരു പുരുഷനും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ മാധുര്യം അന്യോന്യം കാണുകയും സംസാരിക്കുകയും ഇടയ്ക്കിടെ ഇംഗിതങ്ങൾ കണ്ണുകളിലൂടെ പകരുകയും ചെയ്യുന്നതിലല്ലേ സ്ഥിതിചെയ്യുന്നതു്?

നിങ്ങളുടെ തലമുടിയുടെ നിറമെന്തെന്നോ, ആകാരത്തിന്റെ സൗഷ്ഠവവും സൗകുമാര്യവും എത്രയെന്നോ ഒരു ഊഹവുമില്ലാത്ത ഞാൻ എന്റെ അന്തരാത്മാവിലെ രഹസ്യങ്ങൾ കടലാസ്സിലേയ്ക്കു പകർത്തി നിങ്ങൾക്കയച്ചുതരണമെന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്ന് എത്ര തലപുകഞ്ഞാലോചിച്ചിട്ടും എനിക്കു വ്യക്തമാകുന്നില്ല.

ഈയിടെ എനിക്കു കിട്ടിയ കത്തിനെപ്പറ്റി നിങ്ങൾ സൂചിപ്പിച്ചിരിക്കുന്നു. എന്നിൽ നിന്നും ഉപദേശമാരാഞ്ഞുകൊണ്ടുള്ള ഒരു പുരുഷന്റെ കത്താണതു്. അതു പോകട്ടെ, അജ്ഞാതരായ സ്ത്രീകളിൽനിന്ന് എനിക്കു ലഭിച്ചിട്ടുള്ള എഴുത്തുകളെപ്പറ്റി പറയാം. കഴിഞ്ഞ രണ്ടു കൊല്ലത്തിനുള്ളിൽ അത്തരം അൻപതോ, അറുപതോ കത്തുകൾ എനിക്കു കിട്ടുകയുണ്ടായി; ഇപ്പോൾ നിങ്ങളുടേതും. അവ എഴുതിയവരിൽ നിന്ന് നിങ്ങൾ പറയുന്നതുപോലെ, സുന്ദരമായ എന്റെ ആത്മാവിന്റെ വിശ്വസ്തസഖിയായി

ആരെ ഞാൻ തിരഞ്ഞെടുക്കണം? അവരാരാണെന്ന് ഓരോരുത്തരും സ്വയം വെളിപ്പെടുത്തുകയും അങ്ങനെ എന്റെ പരിചയസീമയിലൊതുങ്ങുകയും ചെയ്താൽ, സ്നേഹബന്ധമോ വിശ്വാസമോ അവരിലുളവാക്കാവുന്നതാണ്. അല്ലാതെ, അപരിചിതരും ഒരുപക്ഷേ സുന്ദരികളും ആയിരിക്കാവുന്ന അവർക്കുവേണ്ടി ഇപ്പോഴുള്ള സുന്ദരിമാരായ എന്റെ സ്നേഹിതമാരെ ഉപേക്ഷിക്കുവാൻ ഞാൻ തയ്യാറില്ല.

ഇതൊക്കെ വളരെ രസകരമായിരിക്കുന്നു, ഇല്ലേ? അതിരിക്കട്ടെ. ഞാൻ നിങ്ങളെ വിശ്വസിച്ച് നിങ്ങളിൽ എന്റെ ജീവിതം അർപ്പിച്ചാൽ തന്നെയും, നിങ്ങളെന്നെ ഒരു സന്മാർഗ്ഗിയെന്ന് എണ്ണുമോ?

പ്രായോഗികമായ ഈ വാദഗതിയിൽ എന്നോടു ക്ഷമിക്കുക.

നിങ്ങളുടെ വിശ്വസ്തൻ,

ഗീ ദെ മോപ്പസാങ്ങ്.

പി. എസ്:– കത്തിലെ വെട്ടും തിരുത്തും ക്ഷമിക്കുക. അവ ക്രമാതീതമെഴുതുക എനിക്കസാദ്ധ്യം. പകർത്താനാണെങ്കിൽ സമയവുമില്ല."

ഈ കത്തു് 'മിസ് ഹേസ്റ്റിംഗ്സി'നെ നിരാശപ്പെടുത്തുമെന്നും, അതിനു മറുമടി ഉണ്ടാവുകയില്ലെന്നും ആയിരുന്നു മോപ്പസാങ്ങ് കരുതിയതു്. പക്ഷേ സംഭവിച്ചതു് മറിച്ചായിരുന്നു. മറുപടി അയച്ചു ഏറെത്താമസിയാതെ വീണ്ടും ഒരു കത്തു് അദ്ദേഹത്തിനു ലഭിച്ചു. അതിൽ 'മിസ് ഹേസ്റ്റിംഗ്സ്' മോപ്പസാങ്ങിനെ കണക്കിനു കളിയാക്കി

യിരുന്നു—"അജ്ഞാതരായ അനേകം സ്ത്രീകളുടെ കത്തുകളേ അങ്ങേയ്ക്കു ലഭിച്ചിട്ടുള്ളോ?"—കുറിയ്ക്കു കൊള്ളുന്നതുവരെ ഉണ്ണാം അവൾ തുടരുകയാണു്—"മോശം, ഞാൻ വിചാരിച്ചതുപോലും അങ്ങു പ്രശസ്തനല്ല. മാത്രവുമല്ല, അനേകത്തോന്നാമത്തെ അജ്ഞാതയായ സ്ത്രീയായിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവരേക്കാൾ ഞാൻ കഴിവുള്ളവളാണു്, മിടുക്കിയാണു്, എന്നു എന്റെ ആത്മാഭിമാനം പറയുന്നു."

അവളുടെ കത്തു് മോപ്പസാങ്ങിന്റെ ഹൃദയവീണയുടെ തന്ത്രികളിൽ എവിടെയെല്ലാമോ ചെന്നു തട്ടി അപസ്വരം പുറപ്പെടുവിക്കാതിരുന്നില്ല. ചിന്താകുലമായ അവസ്ഥയിൽ ഏതാനും രാത്രികളെങ്കിലും അദ്ദേഹം കഴിച്ചുകൂട്ടിയിട്ടുണ്ടാവണം. അതിനുശേഷം അദ്ദേഹം അവൾക്കൊരു കത്തെഴുതി—ആദ്യത്തേതിൽ നിന്നു സ്വഭാവത്തിൽ വളരെ വിഭിന്നമായ ഒന്നു്! ആദ്യത്തെ എഴുത്തിൽ എഴുതിപ്പോയതു് അവൾ ക്ഷമിക്കണമെന്നും മറക്കണമെന്നും അദ്ദേഹം അതിൽ കേണപേക്ഷിച്ചു.....മോപ്പസാങ്ങിന്റെ ഹൃദയം അലിഞ്ഞുതുടങ്ങിയെന്നു 'മിസ് ഹേസ്റ്റിംഗ്സ്' ഗ്രഹിച്ചപ്പോൾ അവൾ കുറച്ചുകൂടെ ഗൗരവമായ നിലപാടു സ്വീകരിച്ചു. അദ്ദേഹത്തിന്റെ ക്ഷമാപണത്തെ അവൾ കാര്യമാക്കിയില്ല. അതു മോപ്പസാങ്ങിനെ സംബന്ധിച്ചിടത്തോളം തെറ്റിദ്ധാരണയ്ക്കു കാരണമാവുകയും ചെയ്തു. അദ്ദേഹത്തെ കളിപ്പിയ്ക്കുവാനുള്ള ഏതോ ഒരു പുരുഷന്റെ കുതന്ത്രത്തിൽ നിന്നു ജനിച്ചതായിരിക്കാം 'മിസ് ഹേസ്റ്റിംഗ്സി'ന്റെ കത്തുകൾ എന്നു് അദ്ദേഹം കരുതി. എങ്കിലും കത്തിടപാടുകൾ തുടരാതിരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല.

അധികം താമസിയാതെ, അവൾ മോപ്പസാങ്ങുമായുള്ള കത്തിടപാടുകൾ കൊണ്ടു മുഷിഞ്ഞു. അവ അവസാനിപ്പിക്കുവാനായി, പിന്നത്തെ അവളുടെ ശ്രമം. അപ്പോഴേയ്ക്കും അവളുടെ ശരിയായ പേരെന്താണെന്നറിയാനുള്ള മോപ്പസാങ്ങിന്റെ ജിജ്ഞാസ അത്യുച്ചകോടിയിലെത്തി. പക്ഷെ അവൾ അതു വെളിപ്പെടുത്തിയില്ല.

അവസാനം അവൾ മോപ്പസാങ്ങിനെഴുതിയ കത്തിൽ ഇപ്രകാരം സൂചിപ്പിച്ചിരുന്നു: "നിങ്ങളുടെ കത്തുകൾ അടക്കം ചെയ്ത കവറുകൾ എന്നെ രസിപ്പിക്കുന്നില്ല. എന്റെ എഴുത്തുകൾ നിങ്ങൾക്കെങ്ങിനെയാണാവോ? എന്റെ ഉദ്ദേശങ്ങൾ വിശുദ്ധമായിരുന്നിട്ടും, എന്നിൽ യാതൊരു വൈശിഷ്ട്യവും കാണാതിരിക്കുന്ന നിങ്ങളുടെ മോശമായ വീക്ഷണഗതിയിൽ ഞാൻ തൃപ്തിപ്പെടണമെന്നാണോ നിങ്ങൾ കരുതുന്നത്?" അങ്ങിനെ ആ കത്തിടപാടുകൾ അവസാനിച്ചു.

മിസ് ഹേസ്റ്റിംഗ്സ്—അവളുടെ ശരിയായ പേർ മേരി ബാഷ്കെട്ട്സെഫ് എന്നായിരുന്നു. ആ പേരിൽ നിന്നു ധ്വനിക്കുന്നതുപോലെതന്നെ റഷ്യയായിരുന്നു അവളുടെ ജന്മദേശം. സംഗീതവും ചിത്രകലയും ആയിരുന്നു അവളുടെ ജീവിതത്തിലെ പ്രധാന വിനോദങ്ങൾ. പക്ഷെ അവയിൽ അവൾ അസാമാന്യമായ വിരുതു നേടുകയുണ്ടായില്ല. ഒരു കത്തെഴുത്തുകാരി എന്ന നിലയിലാണ് അവളുടെ പ്രശസ്തി. രാജാക്കന്മാർ, പ്രഭുക്കന്മാർ തുടങ്ങി അനേകം അനേകം ആളുകൾക്ക് അവൾ പ്രേമലേഖനങ്ങൾ അയച്ചിട്ടുണ്ട്. സമകാലികന്മാരായിരുന്ന പ്രശസ്ത വ്യക്തികളിൽ ഒരു നല്ല പങ്കിനു് അവളിൽ നിന്നു കത്തുകൾ ലഭിക്കുകയുണ്ടായി

ട്ടുണ്ട്. എമിലി സോളയെപ്പോലുള്ളവർ അവളുടെ കത്തു കൾക്കു് ചവറുകൂട്ടയിലാണു് സ്ഥാനം നല്കിയതെങ്കിൽ മോപ്പസാങ്ങിനെപ്പോലെയുള്ളവർ അവയ്ക്കു ഹൃദയത്തിലും ഇടം കൊടുത്തിട്ടുണ്ടു്.

ഇരുപത്തിനാലാമത്തെ വയസ്സിൽ മേരി മരിച്ചു. ക്ഷയമായിരുന്നു സുഖക്കേടു്. മരണത്തിനു് ഏതാനും മാസങ്ങൾക്കു മുമ്പാണു് അവൾ മോപ്പസാങ്ങുമായി കത്തിടപാടുകൾ ആരംഭിച്ചതു്.

മോപ്പസാങ്ങും മേരിയും ആയി കണ്ടുമുട്ടിയോ എന്നു തീർത്തുപറയുവാൻ പ്രയാസമാണു്. രണ്ടു വിധത്തിലും അഭിപ്രായപ്പെട്ടവരുണ്ടു്. അവർ തമ്മിൽ കാണുകയും ഏതാനും നാളുകൾ ഒരുമിച്ചു കഴിക്കുകയും ചെയ്തതായി ഒരു കഥയുണ്ടു്. അതിലെത്രത്തോളം വാസ്തവമുണ്ടെന്നു് അറിഞ്ഞുകൂടാ. 'നൈസി'ൽ അവളുടെ പേരിൽ ഇന്നൊരു തെരുവുണ്ടു്; അവളുടെ സ്മരണ നിലനിർത്താൻ 'പാസ്സി' പള്ളിമുറ്റത്തു് ഒരു ചാപ്പലും.

ഗെഥേ

ആയിരത്തിയെഴുന്നൂറിനാല്പത്തൊമ്പതിലായിരുന്ന ഗെഥേയുടെ ജനനം. കേവലം ആറു വയസ്സു മാത്രം പ്രായമുള്ള ഒരു കളിപ്പാട്ടിയായിരുന്നപ്പോൾ ഈശ്വരാസ്തിക്യത്തെ ഗെഥേ ചോദ്യം ചെയ്തു. മനുഷ്യന്റെ നീതിനിയമങ്ങളിൽ സംശയം ജനിക്കുവാൻ ഏഴു വയ്ത്തെ ജീവിതാനുഭവങ്ങളും അദ്ദേഹത്തിനു ധാരാളം മതിയായിരുന്നു! ക്രിസ്തീയവിജ്ഞാനത്തെ പ്രാകൃതസംസ്കാരത്തിന്റെ മൌലികതത്വങ്ങളോടു തട്ടിച്ചുനോക്കിക്കൊണ്ടു് എട്ടാമത്തെ വയസ്സിൽ ലത്തീൻ ഭാഷയിൽ പ്രൌഢമായ ഒരു ഉപന്യാസം തയ്യാറാക്കിയ ഗെഥേയ്ക്കു് ഏഴു ഭാഷകളിലായി ഒരു 'കോസ്മോപ്പോളിറ്റൻ' നോവൽ രചിക്കുവാൻ പതിനൊന്നാം വയസ്സിൽ സാധിച്ചു. പതിന്നാലാം വയസ്സിൽ പ്രഥമാനുരാഗത്തിന്റെ ചൂടേറിയ ചുംബനങ്ങളിൽ മുഴുകിയ ഗെഥേയുടെ അവസാനത്തെ പ്രേമാനുഭവം ഏഴുപത്തിനാലാം വയസ്സിലായിരുന്നു. നിറഞ്ഞ വാർദ്ധക്യത്തിൽ, എൺപത്തിരണ്ടാമത്തെ വയസ്സിൽ, ലോകപ്രസിദ്ധമായിത്തീർന്ന 'ഫാസ്റ്റി'ന്റെ രണ്ടാം ഭാഗം അദ്ദേഹം എഴുതി മുഴുമിപ്പിച്ചു.

സ്വതന്ത്രചിന്താകാഗ്രേസരനായിരുന്ന വോൾട്ടയറിനെപ്പോലെ, ജനനകാലത്തു് തികച്ചും അനാരോഗ്യവാനായ ഒരു ശിശുവായിരുന്ന ഗെഥേ. എന്നാൽ വോൾട്ടയറിനെപ്പോലെ ജീവിതമാകമാനം ഒരു രോഗിയായി കഴിഞ്ഞുകൂടേണ്ടിവന്നില്ല, അദ്ദേഹത്തിനു്. എൺപത്തിമൂന്നു വഷ്ങ്ങളോളം നീണ്ടുനിന്ന ആ ജീവിതത്തിൽ മൂന്നു വട്ടം മാത്രമേ സാരമായ സുഖക്കേടുകൾ അദ്ദേഹത്തിനുണ്ടായിട്ടുള്ളൂ.

വീട്ടിലായിരുന്ന ഏറിയകൂറും വിദ്യാഭ്യാസം. പണ്ഡിതനും അച്ചടക്കവിഷയത്തിൽ നിർബ്ബന്ധക്കാരനും ആയിരുന്ന ജൊഹാൻ കാസ്പർ—ഗെഥേയുടെ അച്ഛൻ—മകന്റെ ബുദ്ധിപരമായ വികസനത്തിൽ വേണ്ട ശ്രദ്ധ ചെലുത്തി. അമ്മയാകട്ടെ—ഗെഥേയുടെ ജനനസമയത്തു് അവർക്കു പതിനെട്ടു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ—നല്ല നല്ല കഥകൾ പറഞ്ഞുകൊടുത്തു മകന്റെ ഭാവനാശക്തിയുടെ വളവും ചേർത്തു. ഗെഥേ തന്നെ പറയുന്നുണ്ടു്. "ജീവിതത്തെ ഗൗരവമായ ഒരു വീക്ഷണകോണത്തിൽക്കൂടെ സമീപിക്കുവാനുള്ള എന്റെ കഴിവിൽ ഞാൻ എന്റെ പിതാവിനോടു കടപ്പെട്ടിരിക്കുന്നു; കഥനരീതിയിൽ മാതാവിനോടും".

നിയമശാസ്ത്രം പഠിച്ചു മകൻ ഒരു കോളേജു പ്രൊഫസ്സറായിക്കാണണമെന്നുള്ളതായിരുന്നു ജൊഹാന്റെ ആഗ്രഹം. എന്നാൽ നിയമശാസ്ത്രാഭ്യസനമോ, അദ്ധ്യാപകവൃത്തിയോ ഗെഥേ അല്പംപോലും ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും പിതാവിനെ പ്രീതിപ്പെടുത്തുവാൻ 1765-ൽ അദ്ദേഹം ലീപ്സിഗ് യൂണിവേഴ്സിറ്റിയിൽ ഒരു നിയമവിദ്യാർത്ഥിയായി. അതേ സമയം ആത്മസംതൃപ്തിയ്ക്കുവേണ്ടി ജീവിതാഭ്യസനത്തിനും ഗെഥേ ഒരുങ്ങി.

അദ്ധ്യാപകന്മാരെ ഗെഥേയ്ക്ക് അല്പംപോലും ബഹുമാനമില്ലായിരുന്നു. "പ്രൊഫസ്സർമാർക്ക് ദൈവത്തെയും ലോകത്തെയും സംബന്ധിച്ചിടത്തോളം ഉള്ള അറിവ് എനിക്കുമുണ്ട്." ക്ലാസ്സുമുറികം വിട്ട വിശാലമായ ലോകത്തിലേക്ക് ഇറങ്ങി ജീവിതം നേരിട്ട് മനസ്സിലാക്കുവാൻ അദ്ദേഹത്തിന്റെ ഹൃദയം അതികാംക്ഷ പൂണ്ടു. "സംഗീതസദസ്സുകളിലും, സിനിമാശാലകളിലും ഉത്സവസ്ഥലങ്ങളിലും സമയം പറക്കുകയാണ്. ഹാ, അതൊക്കെ എത്ര രസകരമാണ്!" ധാരാളം പണം ലഭിക്കുന്നതിനുള്ള സാഹചര്യങ്ങളിലായിരുന്നു, അന്നു ഗെഥേ; എന്നാൽ അതേ സമയം പണം അദ്ദേഹത്തിൽനിന്നു ചോർന്നൊഴുകിക്കൊണ്ടുമിരുന്നു.

അക്കാലത്തെ ഗെഥേയുടെ സ്വഭാവത്തെപ്പറ്റി ഒരു സ്നേഹിതൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു— "ഗെഥേയെ നേർവഴിക്കു കൊണ്ടുവരുന്നതിലുമെളുപ്പത്തിൽ മരങ്ങളേയും പാറകളേയും അപ്രകാരം ചെയ്യാം."

എന്നാൽ ഗെഥേ തന്നെ അവസാനം നേർവഴിക്കു തിരിഞ്ഞു. ജീവിതം മുഴുവനും മഹിളയും മദ്യവും ആയി കഴിച്ചുകൂട്ടിയ അദ്ദേഹം സ്വാനുഭവങ്ങളെ പാട്ടുകളായി പകർത്തി. ജീവിതത്തിന്റെ തനിനിറം മനസ്സിലാക്കിയതിനു ശേഷം, നാട്ടിൻപുറത്തെ ഏകാന്തമായ ഒരു ജീവിതത്തിനു അദ്ദേഹം തയ്യാറായി; ഷേക്സ്പിയറും, ഹോമറും, കവിതതുളുമ്പുന്ന സ്വപ്നങ്ങളുമായി അദ്ദേഹം കഴിഞ്ഞുകൂടി.

ഏഴുതുവാൻ വേണ്ടി ഗെഥേ ജീവിച്ചു. കേവലം കളിക്കുഞ്ഞായിരുന്നപ്പോൾ തുടങ്ങിയതാണ് ആ പണി. പതിനേഴാം വയസ്സിൽ 'സഹപാഠികൾ' എന്ന അദ്ദേഹ

ത്തിന്റെ ഒരു പ്രധാന നാടകം പ്രസിദ്ധീകരിച്ചു. വിവാഹിതരുടെ അനുവദനീയമല്ലാത്ത നടപടികളെ ആ നാടകത്തിലൂടെ അദ്ദേഹം അതിനിശിതം വിമർശിച്ചു.

ലീപ്സിഗ് ജീവിതം ഗെഥേയെ ഒരു രോഗിയാക്കി. മരിച്ചുപോയേക്കുമോ എന്നുവരെയായി. അവസാനം ഏതോ ഭാഗ്യവശാൽ രക്ഷപ്പെട്ടു. രോഗക്കിടക്കയിൽ നിന്നു ഗെഥേ പോയതു സ്വമാതാപിതാക്കന്മാരുടെ സമീപത്തേക്കായിരുന്നു. കീർത്തിമാനായ ഒരു നിയമപണ്ഡിതനെ മകനിൽ സ്വപ്നം കണ്ടിരുന്ന ഒരു പിതാവിന്റെ സമീപത്തേക്കു ഒരു കവിയായിട്ടായിരുന്നു മകൻ മടങ്ങിയെത്തിയതു്.

വീണ്ടും മകനെ ഒന്നുകൂടെ നിയമവിദ്യാഭ്യാസത്തിന്നയയ്ക്കാൻതന്നെ ആ പിതാവു് തീർച്ചപ്പെടുത്തി. ഇപ്രാവശ്യം സ്ട്രാസ്ബർഗ് യൂണിവേഴ്സിറ്റിയിലേക്കു്. അനാവശ്യപ്രവൃത്തികളിൽനിന്നു് അകന്നു വിദ്യാർത്ഥിജീവിതം നയിക്കണമെന്ന ഉപദേശവുമായി മകനെ ജൊഹാൻ യാത്രയയച്ചു.

അവിടെയും ഗെഥേ പഠിച്ചു; നിയമമല്ല, ജീവിതം. കലാപരമായ കാര്യങ്ങളിൽ ആവശ്യത്തിലധികം അദ്ദേഹം തലകടത്തി; തത്വചിന്താപരമായ ഗ്രന്ഥങ്ങൾ ആയിരക്കണക്കിനു വായിച്ചുതീർത്തു; സ്ത്രീയും സംഗീതവുമായി നീണ്ട നീണ്ട രാത്രികളും മുന്നോട്ടു നീങ്ങി.....ക്രമേണ, സ്ട്രാസ്ബർഗിലെ ബുദ്ധിജീവികളുടെ നേതൃസ്ഥാനത്തേക്കുയർന്നു, ഗെഥേ.

അനവധി പ്രേമാനുഭവങ്ങൾ അക്കാലത്തു് ഗെഥേയ്ക്കുണ്ടായി. സ്നേഹിക്കുന്നതിൽ ഗെഥേ മുമ്പനായിരുന്നെങ്കിൽ,

ദ്വേഷിക്കുന്നതിലും അദ്ദേഹം അപ്രകാരമായിരുന്നു. ആ സ്വഭാവം പ്രേമനൈരാശ്യത്തിന്റെ കയ്പേറിയ അവസരങ്ങളിൽ അദ്ദേഹത്തെ വളരെയേറെ സഹായിച്ചു. വേദനിപ്പിക്കുന്നതും സന്തോഷിപ്പിക്കുന്നതും ആയ ജീവിതാനുഭവങ്ങളും ചൂടാറുന്നതിനു മുമ്പു തന്നെ ഗെഥേ കവിതയിലേക്കു പരിഭാഷപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു അനുഭവം കാവ്യരൂപമെടുത്തുകഴിഞ്ഞാൽ മറെറാന്നിലേയ്ക്ക് —അങ്ങനെ പോയി ഗെഥേയുടെ ജീവിതം. കലയുമായി കൈകോർത്തുകൊണ്ടുള്ള ഒരു ജീവിതമായിരുന്നു ഗെഥേയുടേതെങ്കിൽ, ജീവിതത്തെ കൈകോർത്തുള്ളതായിരുന്നു അദ്ദേഹത്തിന്റെ കല. എല്ലാ വശത്തു നിന്നും കോണിൽ നിന്നും ജീവിതം കാണുവാനും ആസ്വദിക്കുവാനും ഉള്ള അദ്ദേഹത്തിന്റെ ആകാംക്ഷ എല്ലാ പ്രായത്തിലും തരത്തിലും ഉള്ള ആൾക്കാരുമായി ഇടപെടുവാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു.. വ്യവസായപ്രമാണികളും പുരോഹിതന്മാരും ഗെഥേയുടെ പരിചയക്കാരായിരുന്നുവെങ്കിൽ തൊഴിലാളികളുടേയും വേശ്യകളുടേയും ഉറ്റമിത്രമായിരുന്നു അദ്ദേഹം. സ്പിനോസയെപ്പോലെ എല്ലാ മനുഷ്യരിലും അല്പാല്പം ദൈവികതയും നന്മയും ഗെഥേ നിഴലിച്ചുകണ്ടു.

വലിയ ഒരു നാടകഭ്രമക്കാരനായിരുന്നു ഗെഥേ. ഷേക്സ്പിയറുടെ ആരാധകനായിരുന്ന അദ്ദേഹം എലിസബെത്തൻ നാടകവേദിയിൽനിന്നു ഒട്ടുവളരെ ജർമ്മൻ നാടകവേദിയിലേക്കു പകർത്തി. ക്രൂരതയെ ജർമ്മൻ രാഷ്ട്രചരിത്രത്തിൽനിന്നു നാടകനിർമ്മിതിക്കു പറ്റിയ കഥകളും തിരഞ്ഞെടുത്തതുമൂലം ജർമ്മൻ കലയിൽ മാത്രമല്ല, ചിന്താഗതി

യിൽത്തന്നെയും ഒരു വിപ്ലവാത്മകത സൃഷ്ടിക്കുവാൻ ഗെഥേയ്ക്കു കഴിഞ്ഞു.

ഇതിനിടയ്ക്കു നിയമവിഷയത്തിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കുന്നതിനും ഗെഥേയ്ക്കു സാധിച്ചു. വെറ്റ്സ്ലറിലെ സുപ്രീം കോടതിയിലേക്കാണ് ഗെഥേ പ്രാക്ടീസിനു പോയതു്. അന്നു് ഇരുപതിനായിരത്തിൽപരം കേസുകൾ അവിടെ തീരുമാനം ചെയ്യാതെയുണ്ടായിരുന്നു; ഗെഥേയുടെ കണക്കനുസരിച്ചു അവ തീരുവാൻ കുറഞ്ഞതു് ഒരു മുന്നൂറിമുപ്പത്തിമൂന്നു് വർഷമെങ്കിലും വേണ്ടിവരുമായിരുന്നു. അങ്ങനെയുള്ള 'കുത്തഴിഞ്ഞ ഒരു സ്ഥാപന'ത്തിൽ പണിയെടുക്കുന്നതിനേക്കാൾ, ഒരു സാഹിത്യകാരന്റെ ജീവിതമാണു് അഭികാമ്യമെന്നു് അദ്ദേഹത്തിനു തോന്നി.

വെറ്റ്സ്ലറിലെ താമസക്കാലത്തു് ഗെഥേ ഒരു പ്രേമബന്ധത്തിൽ കുടുങ്ങി. അദ്ദേഹത്തിന്റെ കാമിനിയായ ലോച്ചനെ വേറെയാക്കോ വിവാഹം ചെയ്തുകൊടുക്കുന്നതിനു് അവളുടെ മാതാപിതാക്കന്മാർ നിശ്ചയിച്ച ഇടയായിരുന്നു അതു്. ഗെഥേയ്ക്കു എന്തെന്നില്ലാത്ത നിരാശ അനുഭവമായി. ആത്മഹത്യയ്ക്കുപോലും അദ്ദേഹം ആലോചിച്ചു. തലയിണയ്ക്കു കീഴെ ഒരു കഠാരിയുമായി അനേകം രാത്രികൾ അദ്ദേഹം തള്ളിനീക്കി; ഒരു ദിവസം ആത്മഹത്യയ്ക്കുള്ള ധൈര്യം തനിയ്ക്കു കൈവരുമെന്നു് കരുതി. പക്ഷെ അവസാനം ഒരു നോവലെഴുതാൻ മാത്രം അദ്ദേഹം തീരുമാനിച്ചു. സ്വയം മരിക്കുന്നതിനു പകരം അതിലെ കഥാനായകനെ നിരാശതയിൽ കുടുക്കിക്കൊല്ലാമെന്ന ചിന്തയിൽ ആ കലാഹൃദയൻ സമാശ്വസിച്ചു. അതിന്റെ ഫലമാണു് 'വെർതറുടെ ദുരിതങ്ങൾ!' കൃതികളുടെ രൂപത്തിൽ രചി

ക്കപ്പെട്ടിട്ടുള്ള സുന്ദരമായ ഒരു കലാസൃഷ്ടിയാണതു്. കൃതി കാരുടെയിടയിൽ സന്തോഷം കണ്ടെത്താതെ, വിജനതയിൽ പോയി കാലം കഴിക്കുന്ന മൃദുലമനസ്കനായ ഒരു കലാകാരന്റെ ആത്മകഥയാണു് അതിലെ പ്രതിപാദ്യം. ജീവിതത്തിലെ ഇരുണ്ട അനുഭവങ്ങളുടേയും, തീരാത്ത ദുരിതങ്ങളുടേയും ഒരു വിലാപകാവ്യമാണു് അതു്; അതേ സമയം മരണത്തിന്റെ ഒരു സ്തുതികീർത്തനവും.

'വെർതറുടെ ദുരിതങ്ങൾ'— ജർമ്മൻ ജനതയിൽ എന്തെന്നില്ലാത്ത ഒരു കോളിളക്കത്തിനു കാരണമായി. യുവാക്കന്മാർ വെർതറുടെ പ്രത്യേകരീതികളേയും, യുവതികൾ ലോട്ടയുടെ പ്രവൃത്തികളേയും അനുകരിച്ചുതുടങ്ങി. വേനല്ക്കാലത്തു് മധുരനാരങ്ങയെന്നപോലെ, ഗെഥേയുടെ പുസ്തകത്തിന്റെ പ്രതികൾ വിറ്റഴിഞ്ഞു. ഗെഥേയുടെ ചില ആരാധകന്മാർ 'വെർതർ ഡൊസൈറി'കൾ വരെ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പ്രതിഭയ്ക്കു് ഒരു അംഗീകാരമെന്ന വിധം യൂറോപ്പാകമാനം ആത്മഹത്യാഭ്രമം പടർന്നുപിടിച്ചു.

എന്നാൽ ഗെഥേയെ സംബന്ധിച്ചിടത്തോളം ആ ഭ്രമം ഒഴിഞ്ഞുമാറുകയായിരുന്നു. കാമിനിയേയും കാമിനിയെക്കുറിച്ചു് അദ്ദേഹം രചിച്ച കഥാപുസ്തകത്തേയും അതിന്റെ ആരാധകന്മാരേയും വിട്ടിട്ടു് നൂതനമായ അനുഭവങ്ങൾക്കായി ഗെഥേ മോഹിച്ചു.

പരമ്പരാഗതമായ ആചാരനടപടികളെ ഗെഥേ ചോദ്യം ചെയ്തിട്ടുണ്ടെങ്കിലും അധികാരത്തോടു് എന്നും അദ്ദേഹത്തിനു ബഹുമാനമായിരുന്നു. ഒരിക്കൽ ഗെഥേതന്റെ കൃതികാരനു് ഇപ്രകാരം എഴുതുകയുണ്ടായി— "ശക്തിയും സ്വാധീനവും ഉള്ളവരുമായി സമ്പർക്കം പുലർത്തുന്ന

തിൽ ഞാൻ താങ്കളെ കുറച്ചുകാണുന്നില്ല. മഹാന്മാരുമായുള്ള സമ്പർക്കം അതു ശരിയായ്ക്ക ഉപയോഗപ്പെടുത്താൻ അറിയാവുന്നവർക്ക് എല്ലായ്പോഴും ഒരു അനുഗ്രഹംതന്നെയാണ്." അതുകൊണ്ട് കാൾ അഗസ്റ്റ് രാജകുമാരൻ ഗെഥേയെ വെയ്മറിലേയ്ക്ക ക്ഷണിച്ചപ്പോൾ ആ ക്ഷണം സ്വീകരിക്കുന്നതിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു.

ഇരുപത്തിയാറാമത്തെ വയസ്സിൽ ഗെഥേ വെയ്മറിൽ എത്തി. ശേഷം ജീവിതം മുഴുവനും ഗെഥേ അവിടെയായിരുന്നു കഴിച്ചുകൂട്ടിയതു്. കൊട്ടാരത്തിനു സമീപമുള്ള ഒരു മനോഹരമായ കെട്ടിടം വാടകയ്ക്കെടുത്തു സാഹിത്യപരവും രാഷ്ട്രീയവും ആയ കാര്യങ്ങളിൽ അദ്ദേഹം ഇടപെട്ടു.

അടുത്ത അൻപതു കൊല്ലക്കാലം വെയ്മർ ഒരു സാഹിത്യകേന്ദ്രം ആയിരുന്നു. ഒരുകൂട്ടം ആരാധകന്മാരുടെ നടുവിൽ ഒരു ഡോക്ടർ ജോൺസനെപ്പോലെ അദ്ദേഹം കഴിഞ്ഞുകൂടി; തത്വശാസ്ത്രസംബന്ധമായ വിവാദങ്ങളും, സംഗീതസദസ്സുകളും, പ്രേമലീലകളും മറ്റുമായി. അതിടെ ഒരു നാടകസംഘം അദ്ദേഹം സ്ഥാപിച്ചു. അതിനുവേണ്ടി എഴുതിയിട്ടുള്ളതാണ് ഗെഥേയുടെ ഒട്ടുമിക്ക നാടകങ്ങളും. യൗവനത്തിന്റെ ചോരത്തിളപ്പു് അന്നും ഗെഥേയെ വിട്ടു പിരിഞ്ഞിരുന്നില്ല. ശക്തിയുള്ള ഭാഷയിൽ ഉജ്ജ്വലമായ വികാരങ്ങൾ അദ്ദേഹം നാടകവേദിയിൽ പ്രകാശിപ്പിച്ചു. 'സ്റ്റെല്ല' എന്ന നാടകം അതിനൊരുദാഹരണമാണ്. നായകൻ ഒരേസമയം ഭാര്യയോടും വെപ്പാട്ടിയോടുംകൂടെ കഴിഞ്ഞുകൂടുന്നതായി ഗെഥേ അതിൽ ചിത്രീകരിക്കുന്നു. ഒന്നി

ലധികം സ്ത്രീകളുമായി ഒരു പുരുഷൻ കഴിഞ്ഞുകൂട്ടുന്ന നടപടിയെ അനുകൂലിക്കുന്ന പ്രസ്തുത നാടകം അരങ്ങേറിയതിൽ പൊതുജനം പ്രതിഷേധസ്വരം ഉയർത്തി. അതിന്റെ ശക്തി വർദ്ധിക്കുന്നതു കണ്ടു്, ഗെഥേ ആ നാടകത്തിന്റെ അവസാനഭാഗം മാറ്റിയെഴുതുകയുണ്ടായി. ഭാര്യയേയോ വെപ്പാട്ടിയേയോ വിട്ടുപിരിയാൻ വിസമ്മതിച്ച കഥാനായകനെ കൊല്ലുവാൻ തന്നെയായിരുന്നു ഗെഥേയുടെ തീരുമാനം!

എന്നാൽ പിൽക്കാലത്തെ ഗെഥേയുടെ കൃതികളിൽ ഇത്തരം പ്രതിപാദ്യവിഷയങ്ങൾ കാണുന്നില്ല. ക്രമേണ തീക്ഷ്ണമായ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിലുള്ള ഗെഥേയുടെ ആഗ്രഹം കുറഞ്ഞുകുറഞ്ഞുവന്നു. അവസാനം 'യുവതപത്തിന്റെ മാദകതാപം' ഗെഥേ പറയുന്നതുപോലെ 'ആ ദ്വേഹത്തെ പിടിവിടുകതന്നെ ചെയ്തു.' അന്നുമുതൽ ലോകത്തെ മനസ്സിലാക്കുന്നതിനു കിണഞ്ഞു പരിശ്രമിച്ച ഒരു തത്വചിന്തകനായാണു് ഗെഥേയെ ലോകം കാണുന്നതു്; അല്ലാതെ ലോകം ചുട്ടെരിക്കണമെന്ന സിദ്ധാന്തമുള്ള ഒരു വിപ്ലവവാദിയായിട്ടല്ല.

അദ്ദേഹത്തിന്റെ ജീവിതോദ്ദേശം മറ്റൊന്നുമല്ലായിരുന്നു—"കൂടുതൽ വെളിച്ചം. കൂടുതൽ വിജ്ഞാനം". വൈശ്രുത്യത്തിന്റെ പരമകാഷ്ഠയിൽ, സൌന്ദര്യത്തിന്റെ സാന്നിദ്ധ്യം അദ്ദേഹം തിരഞ്ഞു; അന്ധകാരത്തിന്റെ നടുവിൽ വെളിച്ചം കണ്ടെത്തുവാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. അമേരിക്കൻ കവിയായിരുന്ന വാൾട്ട് വിറ്റ്മാനെപ്പോലെ, മനുഷ്യരുമായി—എല്ലാ തരത്തിലും നിറത്തിലും ഉള്ള ആളു

കളുമായി—ഇടപെടുന്നതിനു ഗെഥേ ആഗ്രഹിച്ചു. ആഭ്യന്തരപ്രിയരായ രാജപുത്രന്മാരുടെ സന്നിധിയിൽ ഗെഥേയുടെ തല കുനിഞ്ഞിരുന്നുവെങ്കിലും, ആഭ്യന്തരഹിതമായ പാവങ്ങളുടെ സമ്പർക്കം അദ്ദേഹം വെടിഞ്ഞിരുന്നില്ല. ജീവിതാവസാനത്തോളവും അദ്ദേഹം 'കശാപ്പുകാരന്റെയും റൊട്ടിക്കടുകാരന്റെയും' ഉറ്റമിത്രമായിരുന്നു. "അധഃകൃതരെന്നു നാം കരുതുന്നവരാണു് ദൈവത്തിന്റെ കണ്ണിൽ ഏറ്റവും ഉയർന്നവർ"—ഒരു ക്രൂരം ഖനിജോലിക്കാരെ സന്ദർശിച്ചു മടങ്ങിയെത്തിയപ്പോൾ ഗെഥേയുടെ ഹൃദയത്തിൽനിന്നും ഉയർന്ന അഭിപ്രായമായിരുന്നു അതു്.

പാവങ്ങളോടു് ഗെഥേയ്ക്കുണ്ടായിരുന്ന അനുകമ്പയും സ്നേഹവും കേവലം കടലാസ്സിൽ മാത്രമായിരുന്നില്ല. അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നു അദ്ദേഹത്തിന്റെ മാത്രമല്ല വേറെ രണ്ടു് ആളുകളുടെയും നിത്യവൃത്തി നടന്നുപോന്നിരുന്നതായി രേഖകൾ കാണിക്കുന്നു. ഔദാര്യവും പ്രയാസങ്ങളും ഗെഥേയുടെ ജീവിതത്തിൽ പറയത്തക്കതുപോലുണ്ടായിരുന്നിട്ടില്ലെങ്കിലും ഔദാര്യവും പ്രയാസങ്ങളും കാണുവാനുള്ള കണ്ണു് അദ്ദേഹത്തിനുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിന്റെ പിടിയിൽ കുടുങ്ങാതെ, അദ്ദേഹത്തിന്റെ ത്യാഗസന്നദ്ധത അനുദിനം വർദ്ധമാനമായിക്കൊണ്ടിരുന്നു.

ഗെഥേ ഒരു കവിയായിരുന്നു; ചിത്രകാരനായിരുന്നു; ഗായകനായിരുന്നു; ഇതിനെല്ലാം പുറമെ പ്രതിഭാശാലിയായ ഒരു ശാസ്ത്രകാരനും! സസ്യശാസ്ത്രത്തിലും ശരീരഘടനാശാസ്ത്രത്തിലും അസാമാന്യമായ വിജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. 'നിറങ്ങളുടെ സിദ്ധാന്തം' (Theory of Colours) അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയിരുന്നു.

സസ്യമൃഗാദികളിൽ കാലാനുഗതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഘടനാവിശേഷങ്ങളെ ആധാരമാക്കിക്കൊണ്ട് അദ്ദേഹം രചിച്ച ഒരു പുസ്തകത്തിൽ, മഹത്പ്പെട്ടുത്തിയ പത്രങ്ങളാണ പൂക്കളെന്ന് — കവിതകളായി മാറിയ ഇലകളാണ പൂക്കളെന്ന് — അദ്ദേഹം സമർത്ഥിച്ചു. മനുഷ്യന്റെ തലയോടിനെപ്പറ്റിയും ഗെഥേ പരീക്ഷണങ്ങൾ നടത്തി. മനുഷ്യനും മൃഗവും തമ്മിലുണ്ടെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന ബന്ധത്തിന് ഉപോൽബലകമായി ഒരു അസ്ഥിഖണ്ഡം അതിൽ കണ്ടുപിടിക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

ടൊൻസിനെപ്പോലെ, മനുഷ്യസമുദായത്തെ സംബന്ധിക്കുന്ന സർവ്വവിഷയങ്ങളും ഗെഥേയ്ക്കു പ്രിയമായിരുന്നു — യുദ്ധകാര്യങ്ങളൊഴിച്ച്. സമാധാനത്തെ ആഗ്രഹിക്കുകയും, അജീവനാന്തം അതിനുവേണ്ടി പ്രവർത്തിയ്ക്കുകയും ചെയ്ത ഒരു വ്യക്തിയായിരുന്നു ഗെഥേ. കാൾ അഗസ്റ്റ് രാജകുമാരൻ ഫ്റാൻസുമായി യുദ്ധത്തിലേർപ്പെട്ടിരുന്ന കാലത്ത് സൈന്യസജ്ജീകരണങ്ങൾ പോയിക്കാണുവാൻ അദ്ദേഹം ഗെഥേയെ ക്ഷണിക്കുകയുണ്ടായി; യുദ്ധസജ്ജീകരണങ്ങൾ കാണുവാൻ പോയ ഗെഥേ സജ്ജീകരണസ്ഥലത്തിനു സമീപമുണ്ടായിരുന്ന പുഷ്പങ്ങളും മറ്റും നോക്കിക്കണ്ടിട്ടു മടങ്ങിപ്പോയി. യുദ്ധകാലത്ത് ജർമ്മൻ ജനതയ്ക്കു പ്രോത്സാഹനം നല്കുവാൻ ഉതകുന്ന കവിതകൾ രചിയ്ക്കുവാൻ ഗെഥേയോടാവശ്യപ്പെട്ടുകയുണ്ടായി. "ഞാൻ അനുഭവിക്കാത്ത യാതൊന്നും ഞാൻ ഇതുവരെ എഴുതുകയുണ്ടായിട്ടില്ല.....ഞാൻ പ്രേമിച്ചിരുന്ന അവസരത്തിൽ മാത്രമേ, എന്റെ തൂലിക പ്രേമഗാനങ്ങൾ രചിച്ചിരുന്നുള്ളൂ. പിന്നെ സമരം ചെയ്യാതെ ഞാൻ എങ്ങനെ സമരഗാനങ്ങൾ രചിക്കും?" — ഇതായിരുന്നു ഗെഥേയുടെ മറുപടി.

മദ്ധ്യകാലജീവിതത്തെ സംബന്ധിച്ചിടത്തോളം ഗെഥേ അനുഗ്രഹീതനായിരുന്നു. സ്നേഹസമ്പന്നയായ ഒരു ഭാര്യ, സന്തോഷമയനായ ഒരു പുത്രൻ, പ്രയാസങ്ങളിലും ദുഃഖങ്ങളിലും സഹകരിയ്ക്കുവാൻ ആത്മാർത്ഥതയുള്ള ഒരു സ്നേഹിതൻ—ഈ മൂന്നു അനുഗ്രഹങ്ങളും അന്നു ഗെഥേയ്ക്കുണ്ടായിരുന്നു.

1788-ൽ തന്റെ മുപ്പത്തിയൊൻപതാമത്തെ വയസ്സിലാണ് ക്രിസ്റ്റിയാൻ വൾപ്പിയസ് എന്ന യുവതിയുമായി ഗെഥേ പരിചയപ്പെട്ടതു്. ആദ്യകാലങ്ങളിൽ കേവലം സുഹൃദ്ബന്ധമായിരുന്നതു പിൽക്കാലത്തു വിവാഹബന്ധമായി വികസിക്കുകയാണുണ്ടായതു്.....1789-ൽ അദ്ദേഹത്തിനു് ഒരു പുത്രൻ ജനിച്ചു. 1794-ലായിരുന്നു ഗെഥേ ഷില്ലറുടെ ഉറ്റമിത്രമായിത്തീർന്നതു്. അന്നു ഗെഥേയ്ക്കു് നാല്പത്തിയഞ്ചും ഷില്ലറിനു മുപ്പത്തിയഞ്ചും വയസ്സായിരുന്നു പ്രായം.

ഷില്ലറോ ഗെഥേയോ എഴുതിയ ഏതു കവിതയേയും അതിശയിക്കുന്ന ഒരു അമൂല്യസ്നേഹകാവ്യമായിരുന്നു, അവരുടെ സുഹൃദ്ബന്ധം. ഒരു അരോട്ടുഗാത്രനായിരുന്നു അന്നു ഗെഥേ; ഷില്ലറാകട്ടെ, ബലഹീനനായ ഒരു രോഗിയും. സൗന്ദര്യത്തെ ബഹുമാനിക്കുന്ന ഒരു ഹൃദയമായിരുന്നു ഗെഥേയുടേതെങ്കിൽ സമുദായനീതിയ്ക്കുവേണ്ടി ഉഴറുന്ന ഒന്നായിരുന്നു ഷില്ലറുടേതു്. ഇരുവരും വിപ്ലവകാരികളായി രംഗത്തേയ്ക്കു പ്രവേശിച്ചുവെങ്കിലും പിൽക്കാലത്തു് പിന്മാറുകയാണു ഉണ്ടായതു്. സമ്പത്തിന്റെ നടുവിൽ ഗെഥേ ജീവിച്ചു; ദാരിദ്ര്യത്തിന്റെ തീച്ചൂളയിൽ ഷില്ലറും. വിരുദ്ധ

സാഹചര്യങ്ങളിലായിരുന്നു ഇരുവരും കഴിഞ്ഞതെങ്കിലും, കലയുടെ വിപ്ലവസ്വഭാവത്തിൽ അവർ ഏകമതക്കാരായിരുന്നു. മനുഷ്യനെ അതിമാനുഷനാക്കുന്ന ദിവ്യൗഷധമാണു് കവിത എന്നു് ഇരുവരും വിശ്വസിച്ചു. അതുകൊണ്ടു് അവർക്കു് ഒന്നിച്ചുപ്രവർത്തിക്കാൻ കഴിഞ്ഞു. സാഹിത്യമതത്തിലൂടെ ലോകത്തിന്റെ മോക്ഷമാർഗ്ഗം നിർദ്ദേശിച്ച സുവിശേഷകന്മാരായിരുന്നു അവർ! പരസ്പരം രണ്ടാംകക്കും വ്യക്തിത്വത്തിന്റെ ബഹുമുഖമായ വളർച്ചയെ സഹായിക്കുവാൻ സാധിച്ചു. പതിനൊന്നു വർഷം മാത്രം നീണ്ടുനിന്ന ആ സഖ്യം ഷില്ലറുടെ മരണവുമായി അവസാനിച്ചപ്പോൾ ഗെഥേ കേവലം ഒരു ശിശുവിനെപ്പോലെ കണ്ണീർവാർത്തായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. "എന്റെ ജീവിതത്തിന്റെ പകുതി എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു"—ഗെഥേ വേറൊരു സുഹൃത്തിനു് എഴുതിയതാണിതു്. "ഇക്കാലത്തെ എന്റെ ഡയറി ശൂന്യമാണു്. അതിലെ വെളുത്ത താളുകൾ എന്റെ ജീവിതത്തിലെ ശൂന്യതയെ എന്നെ അനുസ്മരിപ്പിക്കുന്നു".

ടോംസ്റ്റോയിയെപ്പോലെ, എൺപതു വയസ്സിലപ്പുറം ഗെഥേയും ജീവിച്ചിരുന്നു. നീണ്ട ഒരു ജീവിതം അദ്ദേഹത്തിനു ലഭിച്ചെങ്കിൽ, അവസാനകാലത്തു് സ്നേഹിതരുടേയും, ഭാര്യയുടേയും, ഏകപുത്രന്റേയും ശവക്കുഴിയ്ക്കുമുകളിൽ കണ്ണീർ ചൊരിയുവാനുള്ള നിർഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചു. അതൊന്നും ആ മഹാശയനെ ഭഗ്നാശനാക്കിയില്ല. ഉരിതങ്ങളും ഉഖേങ്ങളും ചെറുത്തുകൊണ്ടു് അദ്ദേഹം പിന്നെയും മുന്നോട്ടുപോയി.

"ഞാൻ അനുഭവിക്കാത്ത യാതൊന്നും ഞാൻ എഴുതിയിട്ടില്ല"—ആത്മാർത്ഥതയോടും ആത്മവിശ്വാസത്തോടും കൂടെ ഗെഥേ അപ്രകാരം പറയുമ്പോൾ ആക്ഷേപിക്കാൻ അതു വിശ്വസിക്കാതിരിക്കുവാൻ കഴിയുക. അദ്ദേഹത്തു പുസ്തകങ്ങളാണ് അദ്ദേഹത്തിന്റേതായി ഇന്നു ലോകം അറിയുന്നതു്. എൺപത്തിമൂന്നു വർഷത്തിന്നിടയ്ക്കു് അദ്ദേഹത്തു പുസ്തകങ്ങളും! അവയോ എല്ലാംതന്നെ സ്വജീവിതത്തിന്റെ വറ്റാത്ത ഉറവയിൽനിന്നു തിളച്ചുപൊങ്ങിയതു്!! ഗെഥേയുടെ അടങ്ങാത്ത അധ്വാനശീലത്തിന്റെ അനശ്വരമായ വിളംബരപത്രികകളാണ് അവ.....അവസാനം ജീവിതത്തിൽനിന്നു സംഭരിച്ച സർവ്വവിജ്ഞാനത്തിന്റേയും വെളിച്ചത്തിൽ തന്റെ കഴിവുകളുടെ അങ്കേയറ്റം അദ്ദേഹം കടലാസ്സിലേയ്ക്കു പകർത്തി. അതാണു 'ഫാസ്റ്റ്'. അതിന്റെ ആദ്യഭാഗം എഴുതുവാൻ അദ്ദേഹത്തിനു മുപ്പതു കൊല്ലം വേണ്ടിവന്നു; രണ്ടാം ഭാഗത്തിനു് ഇരുപത്തിയഞ്ചു കൊല്ലവും.

'ഫാസ്റ്റ്' എഴുതിയതിൽ ഗെഥേയുടെ ഉദ്ദേശം ലോകത്തിന്റെ കഴിവുകളേയും അതിന്റെ കടമകളേയും യുക്തിയുടെ വെളിച്ചത്തിൽ കാണുക, വ്യവച്ഛേദിച്ചു മനസ്സിലാക്കുക, എന്നുള്ളതായിരുന്നു. അതിന്റെ നാന്ദിയിൽനിന്നുതന്നെ കഥയുടെ രത്നച്ചുരുക്കം വായനക്കാരനു ലഭിക്കുന്നു. മനുഷ്യാത്മാവിനെപ്പറ്റി ദൈവവും സാത്താനും തമ്മിൽ ഒരു തർക്കം ഉണ്ടാകുന്നു. നശ്വരജീവിയായ മനുഷ്യനോടു് പിശാചിനു് അല്പവും ബഹുമാനമില്ല. അവൻ നിത്യാവിശ്വാസിയാണു്; നശീകരണത്തിന്റെ ആത്മാവു്. വിധിയുടെ അനന്തമായ ചപലതകളിൽ അവനു വിശ്വാസമില്ല.

നശിപ്പിക്കുന്നതിനായി സൃഷ്ടി നടത്തുന്നതു് അവനു മനസ്സിലാക്കാവുന്നതല്ല. അതുകൊണ്ടു് 'നിത്യശൂന്യത'—ലോകാരംഭത്തിനു് മുമ്പിലത്തെ സ്ഥിതി—യാണു് അവൻ അഭിലഷിക്കുന്നതു്. മനുഷ്യരിൽവെച്ചു് ഏറ്റവും നീതിമാനും ബുദ്ധിശാലിയുമായ ഫാസ്റ്റിനെപ്പോലും സ്വായത്തമാക്കാമെന്നാണു് പിശാചിന്റെ വ്യാമോഹം.

എന്നാൽ ഈശ്വരനാകട്ടെ, പിശാചിനേക്കാൾ കാര്യവിവരങ്ങളറിയാം. മനുഷ്യന്റെ നിരൂപണങ്ങൾ അപൂർണ്ണമെന്നും, ജീവിതത്തിൽ ആദ്യന്തം പാപം ചെയ്കയാണു് അവനെന്നും ദൈവത്തിന്നറിയാം. എങ്കിലും മനുഷ്യന്റെ ലക്ഷ്യം 'വെളിച്ച'മാണു്.

ഡോക്ടർ ഫാസ്റ്റിനെ വശീകരിച്ചു് അയാളുടെ ആത്മാവിനെ നശിപ്പിക്കുവാനുള്ള പിശാചിന്റെ ശ്രമത്തിനു ദൈവം അനുമതി നല്കുന്നു. ജീവിതത്തിന്റെ അവസാന നിമിഷം അമൂല്യമെന്നു് ഫാസ്റ്റ് കരുതുമെങ്കിൽ പിശാചു് ജയിച്ചു; ഇല്ലെങ്കിൽ ദൈവവും—അതായിരുന്നു പന്തയം.

'ഫാസ്റ്റി'ന്റെ പ്രഥമ ഭാഗത്തിൽ പിശാചു് ഫാസ്റ്റിനെ വശീകരിക്കുന്നതും, അയാളെ സ്വാർത്ഥപരമായ അഭിലാഷങ്ങളിലൂടെ—സൌന്ദര്യം, ധനം, ലൈംഗികമായ അനാവശ്യവൃത്തികൾ, ആത്മാർത്ഥസ്നേഹത്തിന്റെ സാന്നിധ്യമില്ലാത്ത സുഖാനുഭവങ്ങൾ ഇവയിലൂടെ—വഴി നടത്തുന്നതും ഗെഥേ ചിത്രീകരിച്ചിരിക്കുന്നു. സാത്താന്റെ കുതന്ത്രത്തിൽപ്പെട്ടു, ഫാസ്റ്റ് മാർഗരിറ്റിനെ വശത്താക്കുകയും, സ്വാവശ്യനിവൃത്തിയ്ക്കുശേഷം അവളെ പശ്ചാത്താപത്തിന്റെ പാഴ്ക്കുണ്ടിലേയ്ക്കു വലിച്ചെറിയുകയും ചെയ്യുന്നു. ക

ഥയുടെ പ്രഥമഭാഗം മുഴുവനും 'തെറ്റു ചെയ്യുന്നതിനുള്ള ഫാസ്റ്റിന്റെ അഭിവാഞ്ഛ'യെ എടുത്തു കാണിക്കുന്നതാണ്. പക്ഷെ തെറ്റായ ഒരു പ്രവൃത്തിയിലും അയാൾ മനസ്സുഖം അനുഭവിക്കുന്നില്ല.

മാർഗരിറ്റിന്റെ മരണശേഷം പിശാച് അടുക്കലും അല്പം പരിഷ്കരിക്കുകയാണ്. മനുഷ്യന്റെ പ്രതിനിധിയായ ഫാസ്റ്റിനെ ജീവിതത്തിന്റെ കൊടിയ വേദനകളും, ആഴമേറിയ മധുരതകളും അനുഭവിപ്പിക്കയാണ്. ഒരു രാജകീയ സദസ്സിലെ അംഗത്വം അയാൾക്കു ലഭിക്കുന്നു. സ്ത്രീകളും പ്രാവത്തികമാക്കിയിട്ടും ഫാസ്റ്റിനു അവിടേയും സന്തോഷം കാണുവാൻ കഴിഞ്ഞില്ല. വർത്തമാനകാലജീവിതത്തിൽ വിരക്തനായ ഫാസ്റ്റ് ഭൂതകാലത്തെ മാന്ത്രികശക്തിയാൽ പുനർജ്ജീവിപ്പിക്കുന്നു. പൗരാണികതയുടെ ഏടുകളിൽനിന്നും 'ട്രോയ്' നഗരത്തിലെ സുന്ദരിയായ ഹെലന്റെ ആത്മാവിനെ അയാൾ ഉയിർത്തെഴുന്നേല്പിക്കുന്നു; അതിനു ശരീരം പ്രദാനം ചെയ്യുന്നു; എന്നിട്ട് അവളെ വിവാഹം ചെയ്യാനാണ് അയാളുടെ ആലോചന. എന്നാൽ ഫാസ്റ്റ് അവളെ ആലിംഗനം ചെയ്യുമ്പോൾ, പുറംകുപ്പായം മാത്രം അവിടെ ഇട്ടിട്ട് അവൾ അപ്രത്യക്ഷപ്പെടുന്നു. പുരാതന ഗ്രീസിന്റെ മഹത്വം കാണുവാനുള്ള ഫാസ്റ്റിന്റെ—ഗ്രേറ്റേയുടെ—ശ്രമം അങ്ങനെ വിഫലമാവുന്നു; ഗ്രീസിന്റെ സൗന്ദര്യത്തെ ആശ്ലേഷിക്കുമ്പോൾ അതിന്റെ പുറംകുപ്പായം മാത്രമേ അയാളുടേതായിത്തീരുന്നുള്ളൂ.

അങ്ങനെ ഫാസ്റ്റ് ഒരനുഭവത്തിൽനിന്നു മറെറാന്നിലേയ്ക്കു ചാടിച്ചാടിപ്പോകുന്നു; ഒന്നിലും ഒരാശ്വാസവും കണ്ടെത്താതെ. "അയാളുടെ നടത്തതന്നെ വീഴ്ചകളുടെ ഒരു

സമാഹാരമാണ്.” ഏതു പ്രവൃത്തിയിൽ അയാൾ ആരംഭിച്ചാലും, അവസാനിക്കുന്നതു നിരാശയിലാണ്; പരാജയത്തിലാണ്. അയാളുടെ ചക്രവർത്തിക്കുവേണ്ടി ഫാസ്റ്റ് ഒരു യുദ്ധം നടത്തി, അതിൽ വിജയിക്കുമ്പോഴും, അയാളുടെ വിജയം യുദ്ധത്തിലെ ഇരുകക്ഷികളുടേയും നാശമായിരുന്നു. വൻപിച്ച നഗരങ്ങളും, രാജ്യങ്ങളും, കൊട്ടാരങ്ങളും, സുന്ദരികളായ തരുണികളും, മഹത്തായ നേട്ടങ്ങളും, നിത്യകീർത്തിയും നല്കി ഫാസ്റ്റിനെ സമാധാനിപ്പിക്കാൻ പിശാചു കിണഞ്ഞു ശ്രമിച്ചു; പക്ഷെ, അപ്പോഴേയ്ക്കു ഫാസ്റ്റ് സകലവും വെറുത്തു കഴിഞ്ഞിരുന്നു. അയാളുടെ ജീവിതഗതിതന്നെ മാറിക്കഴിഞ്ഞിരുന്നു. യൗവനകാലത്തെ മധുരാനുഭവങ്ങളുടെ സ്മരണ അയാളുടെ ശോകചിന്തകൾക്കു കൊഴുപ്പു കൂട്ടിയതേയുള്ളു. ഭയങ്കരമായ ഒരു അന്ധതയാണ് അയാൾക്കു അനുഭവമാകുന്നതു്. ആനന്ദത്തിനായുള്ള അന്വേഷണങ്ങളിൽ നിന്നു ഫാസ്റ്റ് എന്നന്നേക്കുമായി വിരമിക്കുകയാണ്.

എന്നാൽ ആനന്ദം അപ്പോഴാണ് അയാളെ അനുഗ്രഹിക്കാനെത്തുക. സമുദ്രതീരത്തിനടുത്തു് ഉപയോഗശൂന്യമായി കിടന്നിരുന്ന ചതുപ്പുനിലങ്ങൾ നികത്തിയെടുത്തു മനുഷ്യവാസയോഗ്യമാക്കിത്തീർക്കുകയായിരുന്നു ഫാസ്റ്റിന്റെ അടുത്ത ഉദ്യമം. അവിടെ വീടില്ലാത്തവർക്കു വീടു വെച്ചുകൊടുക്കുവാനും നിലമില്ലാത്തവർക്കു നിലം പതിച്ചുകൊടുക്കുവാനും അയാൾ തയ്യാറാവുന്നു. അതേപ്പറ്റിയുള്ള ചിന്ത ഫാസ്റ്റിനെ സന്തോഷിപ്പിക്കുന്നു. അങ്ങനെ നിസ്വാർത്ഥമായ ഒരു ലക്ഷ്യത്തിലേയ്ക്കു അയാൾ ജീവിതം തിരിയുകയാണ്. അതിന്റെ ഫലമായി ജീവിതത്തിലെ അവസാനനിമിഷം ഫാസ്റ്റിനു് അമൂല്യമായിരുന്നു.

ദൈവവുമായുള്ള പന്തയത്തിൽ അങ്ങനെ പിശാചു തന്നെ ജയിക്കുകയാണ്. ആ വിജയത്തിന്റെ പ്രതിഫലമെന്നോണം, പിശാചു ഫാസ്റ്റിന്റെ ആത്മാവിനെ ആവശ്യപ്പെടുന്നു. എന്നാൽ മാലാഖമാരാകട്ടെ, ഒരു പുഷ്പവൃഷ്ടിയുടെ നടുവിൽ ഫാസ്റ്റിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേയ്ക്ക് ആവാഹിക്കുന്നു..... ..ഫാസ്റ്റിന്റെ ജീവിതം മുഴുവനും തെറ്റുകളും കുറ്റങ്ങളും മാത്രമായിരുന്നുവെങ്കിലും, അയാളുടെ ലക്ഷ്യം 'വെളിച്ച'മായിരുന്നു.

സ്വർഗ്ഗത്തിൽ അയാളെ സ്വീകരിക്കുന്നതു് മാർഗരിറ്റാണ്. അവൾ പാപം ചെയ്തവളാണ്. ഫാസ്റ്റിന്റെ പാപങ്ങളാണ് അവളെ അകാലചരമത്തിലേയ്ക്കു നയിച്ചതു്. എങ്കിലും അതെല്ലാം അവൾ മറക്കുകയും ക്ഷമിക്കുകയും ആണു ചെയ്യുന്നതു്. അവിടെ ഫാസ്റ്റിനു് അവൾ മാർഗ്ദർശികയായി പരിണമിക്കുന്നു. പുരുഷന്റെ നിത്യോദ്ധാരികയത്രേ സ്ത്രീ!

അങ്ങനെ തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനമായ ആ കൃതിയ്ക്കു ജീവൻ നല്കിയിട്ടു, ഗെഥേയും ഫാസ്റ്റിനെപ്പോലെ നീണ്ട ഒരു ഉറക്കത്തിനു തയ്യാറായി. സ്നേഹിതരെല്ലാംകൂടെ അദ്ദേഹത്തിന്റെ എൺപത്തിരണ്ടാമത്തെ ജന്മദിനം ആഘോഷിക്കുവാനുള്ള ആലോചനകളിലാണെന്നു് അറിഞ്ഞ ഗെഥേ ഇൽമനൗ മലകളിലേയ്ക്കു മാറിത്താമസിച്ചു. അവിടെ കാൾ അഗസ്തുമൊന്നിച്ചു പണ്ടു് അദ്ദേഹം താമസിച്ചിരുന്ന ഒരു കുടിലിന്റെ ചുമരിൽ ഗെഥേതന്നെ എഴുതിയിരുന്ന ഒരു കുറിപ്പു് അദ്ദേഹം കണ്ടെത്തി.

"മലമുകളിൽ നിത്യശാന്തി നിവസിക്കുന്നു; അവിടത്തെ വനാന്തരങ്ങളിൽ പക്ഷികൾ ചിലയ്ക്കുന്നതുമില്ല.

നീ ക്ഷമിച്ചിരിക്കുക. അധികം താമസിയാതെ നീയും നിശ്ശബ്ദനാവും."

കൺകോണുകളിൽ തിങ്ങിത്തുടങ്ങിയ വെള്ളത്തുള്ളികൾ തൂത്തുകളഞ്ഞിട്ട് ഗെഥേ അതിന്റെ അവസാനഭാഗം പിന്നെയും വായിച്ചു: "അധികം താമസിയാതെ നീയും നിശ്ശബ്ദനാവും."

അദ്ദേഹം സ്വഭവനത്തിലേയ്ക്കു മടങ്ങി. ഏതാനും കവിതകൾക്കുടെ അക്കാലത്തു് അദ്ദേഹത്തിൽനിന്നും പുറപ്പെട്ടു. ഫൈൻ നിരീക്ഷിക്കുന്നതുപോലെ 'മാന്ത്രികശക്തി മുറിനില്ക്കുന്ന പാട്ടുകൾ!' അവയിലെ വാക്കുകൾ അന്വാചകനെ ആശ്ലേഷിക്കുകയാണെന്നുവരികിൽ അവയുടെ അന്തരാത്മാവു ചുംബനധാരയിൽ കുളിപ്പിക്കുകയാണു ചെയ്യുന്നതു്.

1832-ാമാണ്ടു് മാർച്ചുമാസം 16-ാംനു- ആയതോട്ടുകുടെ കിടക്കയിൽനിന്നു് എഴുന്നേല്ക്കുന്നതുതന്നെ ഗെഥേയ്ക്കു പ്രയാസമായിരുന്നു. ആറു ദിവസങ്ങൾക്കു ശേഷം ആ കണ്ണുകൾ അടഞ്ഞു; നിത്യശാന്തതയിൽ ആ ജീവിതഗാനവും അലിഞ്ഞുചേർന്നു.

'കൂടുതൽ വെളിച്ചം'—അതായിരുന്നു ആ നാവിൽനിന്നും അവസാനം ഉയർന്ന വാക്കുകൾ. വെളിച്ചത്തിനുവേണ്ടി തൊട്ടിൽ മുതൽ പട്ടടവരെ പോരാടിയ ഗെഥേയ്ക്കു അനേകം പേരെ വെളിച്ചത്തിലേയ്ക്കു നയിക്കുവാൻ കഴിഞ്ഞു. വെളിച്ചം കണ്ട നാളിൽ അദ്ദേഹത്തിന്റെ ആത്മദാഹം കൂടുതൽ വെളിച്ചത്തിനുവേണ്ടിയായിരുന്നു. വെളിച്ചം ആ കണ്ണുകളിൽനിന്നു മറഞ്ഞപ്പോഴും അദ്ദേഹം ആ ക്രോശിച്ചു, 'കൂടുതൽ വെളിച്ചം' എന്നു്. ഗെഥേയ്ക്കു് ലോകത്തിനു് നൽകുവാനുള്ള സന്ദേശവും അതുതന്നെ.

ടോൾസ്റ്റോയിയുടെ നാടകങ്ങൾ

ഒരു നോവലിസ്റ്റ് എന്ന നിലയിലാണ് ടോൾസ്റ്റോയിയെ ലോകം അറിഞ്ഞുവരുന്നത്. പ്രത്യേകിച്ചും വിശ്വപ്രസിദ്ധങ്ങളായ 'യുദ്ധവും സമാധാനവും', 'അന്നാ കരേനിന' എന്നിവയുടെ രചയിതാവായിട്ട്. എന്നാൽ അദ്ദേഹത്തിന്റെ തൂലികയിൽനിന്നും ഏതാനും നാടകങ്ങൾക്കൂടെ രൂപമെടുത്തിട്ടുണ്ടെന്നുള്ളതു് അറിയുന്നവർ ചുരുങ്ങും. അദ്ദേഹത്തിന്റെ നോവലുകളോളം പ്രശസ്തി അവയും അർഹിക്കുന്നു. കാരണം അദ്ദേഹത്തിന്റെ നോവലുകൾ വിഭിന്ന സ്വഭാവങ്ങളെ ചിത്രീകരിയ്ക്കുമ്പോൾ, അദ്ദേഹത്തിന്റെ നാടകങ്ങൾ അവയ്ക്കു വ്യക്തിത്വം നല്കുന്നു. ജീവനുള്ള കഥാപാത്രങ്ങളായി അവ മുന്നോട്ടേയ്ക്കു വരുന്നു. ലെവിനെപ്പോലെ ടോൾസ്റ്റോയിയുടെ യഥാർത്ഥ ജീവിതവുമായി ബന്ധമുള്ള കഥാപാത്രങ്ങൾ നോവലുകളിലാണു പ്രത്യക്ഷപ്പെടുന്നതെങ്കിൽ ആത്മപരിവർത്തനഘട്ടത്തിലെ ടോൾസ്റ്റോയിയെ പ്രതിനിധാനം ചെയ്യുന്ന നിക്കിറ്റ അദ്ദേഹത്തിന്റെ നാടകങ്ങളിലാണു തലകാണിക്കുന്നതു്. ലൈംഗികപ്രശ്നങ്ങളെ അപഗ്രഥിച്ചു പരിശോധിക്കുന്ന 'ക്രൂറ്റ്സർ സോണ

റാ'യും, 'പിശാചും' നോവലുകളാണെങ്കിൽ, കുടുംബപര മായി അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്ന ങ്ങളുടെ വെളിച്ചത്തിൽ ജന്മമെടുത്തതാണ്, 'വെളിച്ചം ഇ രുളിൽ പ്രകാശിക്കുന്നു' എന്ന അദ്ദേഹത്തിന്റെ നാടകം. ടോൾസ്റ്റോയിയുടെ വ്യക്തിപരമായ ജീവിതത്തിലേയ്ക്കുള്ള വെളിച്ചംവീശലുകളായി അദ്ദേഹത്തിന്റെ നോവലുകളെ ഗണിക്കാമെങ്കിൽ, ആ ജീവിതനാടകത്തിലെ ഏതാനും രംഗങ്ങളായിത്തന്നെ കരുതാം അദ്ദേഹത്തിന്റെ നാടക ങ്ങളെ.

ആറു നാടകങ്ങളാണ് ടോൾസ്റ്റോയിയുടേതായിട്ടുള്ള തു്. അവയിൽ പ്രധാനം നാലേയുള്ളൂ—'ഇരുളിന്റെ ശക്തി', 'പ്രബുദ്ധതയുടെ ഫലങ്ങൾ', 'ജീവനുള്ള ശവം', 'വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു'. ഇവയിൽ അവസാ നത്തേതു് ടോൾസ്റ്റോയി മുഴുവനാക്കുകയുണ്ടായില്ല; അതി ന്റെ അവസാനത്തെ അങ്കത്തിലുള്ള കഥാവസ്തു കുറിപ്പുരൂ പത്തിൽ മാത്രമേ എഴുതുകയുണ്ടായുള്ളൂ.

'ജീവനുള്ള ശവം' തികച്ചും രസകരമായ ഒരു നാടക മാണ്. ടോൾസ്റ്റോയിയുടെ മരണശേഷമാണ് അതു പുസ്തക രൂപത്തിൽ പുറത്തിറങ്ങിയതു്. മനുഷ്യനന്മയ്ക്കുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമങ്ങൾ പലപ്പോഴും അതിനുതന്നെ ഹാനികരമായിത്തീരുന്നുവെന്ന വസ്തുത വെളിച്ചത്തിലേയ്ക്കു കൊണ്ടുവരികയാണ് ആ നാടകത്തിൽ ടോൾസ്റ്റോയി ചെയ്തി രിക്കുന്നതു്. വിവാഹസംബന്ധമായ കാര്യങ്ങളിൽ പോലീ സ് ഇടപെട്ടതിന്റെ ഫലമായി ഉത്ഭവിച്ച ഒരു കേസ് കേൾക്കുവാൻ ടോൾസ്റ്റോയിക്ക് ഒരിക്കൽ സന്ദർഭം ലഭിച്ചു.

സ്വന്തം ഭാര്യയുടെ ഇംഗിതാനുസരണം പ്രവർത്തിക്കുവാൻ വേണ്ട സ്വാതന്ത്ര്യം നല്കുവാൻ ഒരു ഭർത്താവ് സന്നദ്ധനാവുന്നു. അതിനുവേണ്ടി താൻ ആത്മഹത്യചെയ്തതായി അവളേയും ലോകത്തേയും ബോദ്ധ്യപ്പെടുത്തുവാൻ അയാം ചെയ്ത ശ്രമങ്ങളും ഏതാണ്ടു വിജയത്തിലെത്തുകയും ചെയ്യുന്നു. എന്നാൽ അവൾ പുനർവിവാഹം ചെയ്ത സുഖമായി താമസിക്കുമ്പോൾ, അയാൾ യഥാർത്ഥത്തിൽ മരിച്ചിട്ടില്ലെന്ന വാസ്തവം പുറത്താകുന്നു. നിയമദൃഷ്ട്യാ അവർ കുറ്റക്കാരാകുന്നു; കേസ് ചാർജ്ജുചെയ്യപ്പെടുന്നു. ആദ്യത്തെ അവളുടെ ഭർത്താവ് അങ്ങനെ 'ജീവനുള്ള ശവ'മായിത്തീരുന്നു. യഥാർത്ഥത്തിൽ ആത്മഹത്യ ചെയ്യാതിരുന്നതായിരുന്നു, പ്രഥമ ഭർത്താവിന്റെമേലുള്ള പരാതി. എന്നാൽ ടോംസ്റ്റോയിയുടെ നാടകത്തിൽ അയാൾ ആത്മഹത്യ ചെയ്ത് ആ പരാതിക്കു നീക്കുപോക്കുണ്ടാക്കുന്നു. ടോംസ്റ്റോയിക്ക് കേൾക്കുവാൻ അവസരം ലഭിച്ച കേസിൽ അങ്ങനെയൊന്നുണ്ടായിരുന്നില്ലെങ്കിലും, നാടകത്തിൽ അപ്രകാരമാണ് കാണുന്നത്.

'ഇരുളിന്റെ ശക്തി'യാണ് ഏറ്റവും ശക്തമായ വികാരങ്ങൾ പ്രതിഫലിപ്പിക്കുന്ന ടോംസ്റ്റോയിയുടെ നാടകം. ഒരു കഷ്ടകഭവനത്തിലെ ദുരിതങ്ങളുടേയും, പാപങ്ങളുടേയും മിഴിവുള്ള ഒരു ചിത്രീകരണമാണ് അതിൽ കാണുന്നത്. ക്രൂരമായ പ്രവൃത്തികളിലൂടെ പാപത്തിന്റെ കൊടുമുടിയിലേയ്ക്കു വലിഞ്ഞുകയറുന്ന രംഗസംഭവങ്ങൾ പശ്ചാത്താപാർദ്രമായ ഒരു അവസാനത്തിലെത്തുമ്പോൾ, ആ നാടകത്തെ ആകമാനം മൂടിനില്ക്കുന്ന വിഷാദയവനിക താനേ അപ്രത്യക്ഷമാകുന്നു. ഇരുളിന്റെ ശക്തി ഹൃദയത്തിൽനി

ന്നു് ഉയരുന്ന പശ്ചാത്താപത്തിന്റേയും അപരാധസമ്മത ത്തിന്റേയും മുമ്പിൽ വെളിച്ചത്തിന്റേതായി മാറുന്നു.

അതിലെ കഥ ഇപ്രകാരമാണു്. അനിസ്യ എന്ന കഷ്ടകസ്റ്റീ നിക്കിറ്റ എന്ന ഒരു ജോലിക്കാരനുമായി പ്രണ ത്തിലായതിന്റെ ഫലമായി അവളുടെ ഭർത്താവായ പീറ്റ റിനെ വിഷം കൊടുത്തു കൊല്ലുന്നു. അങ്ങിനെ അനിസ്യയു ടെ ഭർത്തൃസ്ഥാനത്തേയ്ക്കു് ഉയർന്ന നിക്കിറ്റ അധികം താ മസിയാതെ പീറ്റർറിനു് പ്രഥമ ഭാര്യയിലുണ്ടായ ഒരു പുത്രി —അക്കൂലീന— യുമായി (പീറ്റർറിന്റെ രണ്ടാമത്തെ ഭാര്യ യായിരുന്നു, അനിസ്യ) പ്രേമത്തിലാവുകയും, തൽഫലമാ യി ഒരു കുട്ടി ഉണ്ടാവുകയും ചെയ്യുന്നു. പരിതഃസ്ഥിതികം അതിനെ കൊല്ലുവാൻ നിക്കിറ്റയെ പ്രേരിപ്പിക്കുന്നു. അതു വരെയുള്ള പ്രവൃത്തികൾ ഇരുളിന്റെ ശക്തിയെയാണു കാ ണിക്കുന്നതെങ്കിൽ, തുടർന്നുള്ളവ ഇരുളിന്റെ ബലഹീനത യെ പ്രകാശിപ്പിക്കുന്നു. നിക്കിറ്റ അസ്വസ്ഥനാകുന്നു; പ ശ്ചാത്താപത്തിന്റെ അനുഭവം അയാളെ ഒരു ഭ്രാന്തനാക്കി ത്തീർത്തു. "മകനേ, ദൈവം നിന്നോടു ക്ഷമിക്കും. നിനക്കു നിന്നോടുതന്നെ കരുണയുണ്ടായിരുന്നില്ല. എന്നാൽ ഇ പ്പോൾ ദൈവം.....ദൈവംതന്നെ നിന്നോടു കരുണ കാ ണിക്കും!"—എന്ന സാന്ത്വനവാചകങ്ങൾ നിക്കിറ്റയുടെ അച്ഛനിൽനിന്നു പുറപ്പെട്ടുമ്പോഴാണു് അയാളുടെ പശ്ചാ ത്താപം പൂർണ്ണമാവുന്നതു്.....നിക്കിറ്റയുടെ അറസ്റ്റു മായി നാടകം അവസാനിക്കുകയാണു്.

ബെർണാഡ്ഷായുടെ പ്രശംസയ്ക്കുപോലും പാത്രമായി ത്തീർന്നിട്ടുള്ളതാണു് പ്രസ്തുത നാടകം. റഷ്യയിൽ അഭിന യാനുവാദം നിഷേധിക്കപ്പെട്ടതിനാൽ, ആദ്യമായി അതു്

അഭിനയിച്ചു കാണുവാനുള്ള ഭാഗ്യം പാരീസ് നഗരവാസികൾക്കാണുണ്ടായത്. എമിലി സോളയ്ക്ക് ഇതിന്റെ രംഗവിജയത്തെക്കുറിച്ച യാതൊരു സംശയവുമുണ്ടായിരുന്നില്ല. നാടകത്തിന്റെ റിഹേഴ്സലുകൾ നടന്നുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി—"ഒരൊറ്റ വാക്കു പോലും അതിൽനിന്ന് വിട്ടുകളയാതിരിയ്ക്കുക. അതിന്റെ വിജയത്തെപ്പറ്റി അണുപോലും സംശയിക്കേണ്ട."

ടോംസ്റ്റോയിയുടെ 'മാസ്റ്റർപീസാ'യി കരുതിവരുന്നതു തന്നെ, 'വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു'. മലയാളത്തിലേയ്ക്ക് ഈ കൃതി വിവർത്തനം ചെയ്തിട്ടുണ്ട്. ഒരു പുരുഷന്റെ സ്വതന്ത്രമായ പെരുമാറ്റത്തിന് വിപരീതമായി അയാളുടെ സ്വന്തം ഭാര്യയ്ക്കും കുടുംബത്തിനും, ബന്ധുക്കൾക്കും സ്നേഹിതർക്കും, എന്നുവേണ്ട അയാളെ വലയം ചെയ്യുന്ന സാമൂഹികാന്തരീക്ഷത്തിനുതന്നെയും പലതും ചെയ്യാൻ കഴിയുമെന്ന് ലോകത്തെ മനസ്സിലാക്കുകയെന്ന ടോംസ്റ്റോയിയുടെ ഉദ്ദേശമാണ് ആത്മകഥാപരമായ ഈ കൃതിയിൽ അദ്ദ്യന്തം മുഴങ്ങിക്കൊണ്ടിരിക്കുന്നതു്. ടോംസ്റ്റോയിയുടെ ജീവിതത്തിലെ ഏറ്റവും വലിയ ഔദ്ഭാഗ്യം അദ്ദേഹത്തിൽ കാലാനുഗതമായി ഉണ്ടായിക്കൊണ്ടിരുന്ന മാനസികപരിവർത്തനങ്ങളും അവ അഹിക്കുന്ന വെളിച്ചത്തിൽ കാണുവാൻ കണ്ണില്ലാതെപോയ ഒരു ഭാര്യയെ ലഭിച്ചുവെന്നുള്ളതാണ്. ഭാര്യയുമായുള്ള മൽപ്പിടുത്തത്തിനു നടുവിലാണ് അദ്ദേഹജീവിതം അവസാനിച്ചതു്. അതുകൊണ്ട് ഇത്തരം ഒരു പ്രമേയം നാടകവേദിയിൽ ഉയർത്തിക്കാണിക്കുവാൻ അദ്ദേഹം തയ്യാറായതു തികച്ചും സ്വാഭാവികംതന്നെ. ഈ നാടകത്തിനു് പേരു നല്കിയ അവസരത്തിൽ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നതു് ഒരു ബൈബിൾ വാചകമായിരുന്നി

രിക്കണം. "വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; പക്ഷെ ഇരുൾ അതിനെ തിരിച്ചറിയുന്നില്ല." വെളിച്ചമായിരുന്ന ടോൾസ്റ്റോയി; അദ്ദേഹത്തെ വലയം ചെയ്തിരുന്ന സാമൂഹ്യകാന്തരീക്ഷം ഇരുളും. ആ വെളിച്ചം ഇരുളിൽ പ്രകാശിച്ചുവെങ്കിലും ഇരുൾ വെളിച്ചത്തെ മനസ്സിലാക്കിയില്ല! ടോൾസ്റ്റോയിയുടെ ആത്മരോദനമാണ് അതിൽ ഉയർന്നു കേൾക്കുന്നതു്!!

'പ്രബുദ്ധതയുടെ ഫലങ്ങൾ'— സന്തോഷാത്മകമായ ഒരു നാടകമാണ്. യാസ്നായ പോല്യാനയിൽവെച്ച് ബന്ധുക്കളും സ്നേഹിതരും ചേർന്ന് അഭിനയിക്കുവാൻവേണ്ടി ടോൾസ്റ്റോയി തയ്യാറാക്കിയതായിരുന്നു അതു്. അഭിനയത്തിൽ അതു് വിജയിക്കുകയും ചെയ്തു. നിലമില്ലാതെ വിഷമിക്കുന്ന കർഷകർ അന്നു റഷ്യയിലുണ്ടായിരുന്നുവെന്നും അവരുടെ ദയനീയസ്ഥിതി ടോൾസ്റ്റോയി മനസ്സിലാക്കിയെന്നും ഉള്ള സത്യം അതിൽ ധ്വനിക്കുന്നുണ്ട്. ഏതാണ്ടു മൂപ്പതിൽപരം കൊല്ലങ്ങൾക്കു ശേഷമാണ് ആ വിഷയത്തെ സംബന്ധിച്ചിടത്തോളം റഷ്യൻ ജനത പ്രബുദ്ധമായതും ആ പ്രബുദ്ധതയുടെ ഫലമായി ഭൂതനഭരണക്രമം റഷ്യയിൽ സ്ഥാപിതമായതും! 'റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടി'യെന്നു് ലെനിൻ ടോൾസ്റ്റോയിയെ പുകഴ്ത്തിയതിനു്, ഈ നാടകവും കാരണമായിരിക്കണം.

'അതിനെല്ലാം കാരണം'— എന്ന ടോൾസ്റ്റോയിയുടെ ചെറിയ നാടകം ഉണർന്നുതുടങ്ങിയ, വിപ്ലവമനഃസ്ഥിതിയുള്ള റഷ്യൻ കർഷകനെ ചിത്രീകരിക്കുന്നു. ക്രൂതെ, ടോൾസ്റ്റോയിയുടെ 'ഇരുപത്തിമൂന്നു നീതികഥകളി'ൽ ഒന്നു് അദ്ദേഹംതന്നെ നാടകീകരിക്കുകയുണ്ടായിട്ടുണ്ട്. അവസാനം സൂചിപ്പിച്ച രണ്ടു നാടകങ്ങളും അത്ര പ്രധാനങ്ങളല്ല.

ആൻറൺ ചെഹോവ്

ആധുനികഖണ്ഡകഥാസാഹിത്യത്തിൻെറ വളർച്ച യിൽ നിർണ്ണായകമായ ഒരു കാലഘട്ടത്തെ പ്രതിനിധീകരി ക്കുന്നവയാണ് ആൻറൺ ചെഹോവിൻെറ ചെറുകഥകൾ. കേവലം പത്തൊൻപതാം ശതകത്തിൻെറ ഒരു ശിശുവാ യിക്കരുതിവരുന്ന ചെറുകഥയ്ക്ക് ആവശ്യമായിരുന്ന പരി ചരണവും ശുശ്രൂഷയും നല്കി, അതിനെ വളർത്തിയെടുത്ത വരുടെ കൂട്ടത്തിൽ ചെഹോവിന് അതിപ്രധാനമായ സ്ഥാ നമാണുള്ളത്. എന്ന് എച്ച്. ഇ. ബേറ്റ്സ് "ആധുനി കഖണ്ഡകഥയുടെ നിരൂപണപരമായ ഒരു അവലോകനം" —എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നു. ഗോഗോളി നേയും, അല്ലൻ പോയേയുമാണ് ഇന്നത്തെ ചെറുകഥാസാ ഹിത്യത്തിൻെറ ജനയിതാക്കളായി മി. ബേറ്റ്സ് അവ രോധിക്കുന്നതെങ്കിലും, ആൻറൺ ചെഹോവിനോടും ഗീ ദെ മോപ്പസാങ്ങിനോടും ചെറുകഥയ്ക്കുള്ള കടപ്പാടിനെ അ ദ്ദേഹം വിസ്മരിക്കുന്നില്ല.

ഏതാണ്ട് അഞ്ഞൂറോളം ചെറുകഥകളും, അഞ്ചെട്ട നാടകങ്ങളും, പിന്നെ അങ്ങുമിങ്ങും ചില ലേഖനങ്ങളുമാ

യി തികച്ചും കനമേറിയ ഒരു സംഭാവനയാണ്, വിശ്വസാഹിത്യത്തിന് ചെഹോവിൽനിന്ന് ലഭിച്ചിട്ടുള്ളത്. ശോകമയമായ ഒരു പശ്ചാത്തലത്തിൽ മനുഷ്യജീവിതത്തെ വിശകലനം ചെയ്യുന്ന കഥകളായിരിക്കാം ഒരുപക്ഷെ ക്രൂട്ടതൽ; എന്നുവെച്ച് ചെഹോവിനെ ഒരു വിഷാദാത്മകനായി കരുതുന്നതു ശരിയായിരിക്കുമെന്ന് തോന്നുന്നില്ല. കാരണം, വിഷാദത്തിൻെറ നിമിഷങ്ങൾപോലും പ്രസാദാത്മകമാക്കി രൂപാന്തരപ്പെടുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ആൻറൺ ചെഹോവിൻെറ വല്യച്ഛൻ ഒരു ഊഴിയ വേലക്കാരനായിരുന്നു. അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു സമ്പാദിച്ച മൂവ്വായിരത്തിയഞ്ഞൂറ് റൂബിളു് കൊടുത്താണ്, എട്ട് അംഗങ്ങളുണ്ടായിരുന്ന ആ കുടുംബത്തിൻെറ സ്വാതന്ത്ര്യം വീണ്ടെടുത്തത്. 1841–ലായിരുന്നു അത്; ഊഴിയ വേല (Serfdom) റഷ്യയിൽ ഇല്ലായ്മചെയ്യുന്നതിന് ഏതാണ്ടു് ഇരുപതു കൊല്ലങ്ങൾക്കു മുമ്പു്. ചെഹോവിൻെറ പിതാവാകട്ടെ, ടാഗൻറോഗ് നഗരത്തിൽ ഒരു ക്ലാർക്കായിരുന്നു. അഞ്ചു പുത്രന്മാരും ഒരു പുത്രിയും ഉൾപ്പെടെ എട്ട് അംഗങ്ങളുള്ള ഒരു കുടുംബമായിരുന്നു അത്.

1860 ജനുവരി 17–ാംനു ആയിരുന്നു ചെഹോവിൻെറ ജനനം. കഷ്ടിച്ചു് കഴിഞ്ഞുകൂട്ടുന്നതിനുള്ള വക മാത്രമുണ്ടായിരുന്ന ആ കുടുംബത്തിലെ ഒരു അംഗമെന്ന നിലയിൽ, ചെഹോവ് ഒരു വിഷാദമനസ്കനായിത്തീർന്നുപോയിരുന്നുവെങ്കിൽ അതു സ്വാഭാവികമെന്നേ പറയേണ്ടതുള്ളൂ. പക്ഷേ അതു സംഭവിച്ചില്ല. 1880 ൽ ചെഹോവ് സാഹിത്യസേവനം ആരംഭിച്ചതുതന്നെ 'സ്രെക്കോസാ' എ

ന്ന ഒരു വിനോദമാസികയിൽ ഒരു ലേഖനവുമായിട്ടാണ്. ഫലിതത്തിൽക്കൂടെ ജീവിതത്തെ കാണുവാനും, അങ്ങനെ ജീവിതത്തിൽ ഫലിതം കലർത്തുവാനും കഴിഞ്ഞ പുരുക്കം ചില സാഹിത്യകാരന്മാരിൽ ഒരാളായിത്തന്നെ ചെഹോവിനെ കരുതണം. അദ്ദേഹത്തിന്റെ മിഴിവുള്ള ഫലിതത്തിന് ഉദാഹരണമായി 'ജീവിതം അത്ഭുതകരമാണ്' എന്നുള്ള ലേഖനത്തിൽനിന്ന് ചില ഭാഗങ്ങളം ഇവിടെ ഉദ്ധരിക്കാം.

"ജീവിതത്തെപ്പോലെ വിരസമായിട്ടുള്ള മറെറാന്നില്ലെങ്കിലും, അതിനെ അത്ഭുതകരമാക്കി മാററാൻ വലിയ പ്രയാസമില്ല. ഒരു ലോട്ടറിയിൽ രണ്ടേലക്ഷം രൂപാ ലഭിച്ചതുകൊണ്ടോ, 'ദി ഓർഡർ ഓഫ് ദി വൈററ് ഈഗിം' കിട്ടിയതുകൊണ്ടോ, ഒരു സുന്ദരിയായ യുവതിയെ വിവാഹം ചെയ്തതുകൊണ്ടോ മാത്രം അതു സാധിക്കാവുന്നതല്ല. കാരണം ആ അനുഗ്രഹങ്ങളെല്ലാം മാഞ്ഞുപോകുന്നവയാണ്; ജീവിതത്തിലെ സാധാരണ സംഭവങ്ങളായി അധഃപതിക്കാവുന്നവയാണ്. എന്നാൽ പ്രയാസങ്ങളുടേയും നിരാശയുടേയും നിമിഷങ്ങൾപോലും മാററിയെടുത്ത് ജീവിതംതന്നെ തുടച്ചുമായുള്ള ഒരു സന്തോഷമാക്കിത്തീർക്കണമെന്നുവരികിൽ, താഴെ പറയുന്ന കാര്യങ്ങൾ തികച്ചും അത്യാവശ്യം:—

നിങ്ങളുടെ ഇന്നത്തെ സ്ഥിതിഗതികൾകൊണ്ടു തൃപ്തിപ്പെടുക.

കാര്യങ്ങൾ, യഥാർത്ഥത്തിലുള്ളതിനേയ്ക്കാൾ അധികം വഷളാകുന്നില്ലല്ലോ എന്നോർത്ത് സന്തോഷിക്കുക.

നിങ്ങളുടെ പോക്കറ്റിലുള്ള തീപ്പെട്ടി കത്തിപ്പോകുന്നുവെന്ന് വിചാരിക്കുക; എങ്കിൽ നിങ്ങളുടെ പോക്കറ്റ് വെടിമരുന്നല്ലല്ലോ എന്നു വിചാരിച്ച് ദൈവത്തിനു നന്ദി പറയുക.....

നിങ്ങളുടെ കൈവിരലിൽ ഒരു തീക്കൊള്ളി കൊണ്ടാൽ, അതു കണ്ണിലല്ലല്ലോ കൊണ്ടത് എന്നോർത്ത് സമാധാനിക്കുക.. .....

നിങ്ങളുടെ ഒരു പല്ലിന് വേദനയുണ്ടെങ്കിൽ, എല്ലാ പല്ലുകളും വേദനിക്കുന്നില്ലല്ലോ എന്ന് ഓർത്ത് ആനന്ദിക്കുക.

അവസാനമായി, നിങ്ങളുടെ ഭാര്യ നിങ്ങളോട് അവിശ്വസ്തത കാണിച്ചാൽ, അവൾ നിങ്ങളുടെ രാജ്യത്തോട് അകമാനം അവിശ്വസ്തത കാണിച്ചില്ലല്ലോ എന്നോർത്ത് തുള്ളിച്ചാടുക."

ചെഹോവിന്റെ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ എഴുതിയ ഒരു ലേഖനമാണിത്. അദ്ദേഹത്തിന്റെ ഫലിതഭാവനയ്ക്ക് ഒരു ഉത്തമനിദർശനമാണ് ഇതെന്നുവരികിലും ചെഹോവിന്റെ സമാഹരിച്ച കൃതികളുടെ കൂട്ടത്തിൽ ഇതു ഉൾപ്പെടുത്തിക്കാണുന്നില്ല. കാരണം എന്താണോ, ആവോ?

തികച്ചും ഗൗരവമേറിയ പല ഇതിവൃത്തങ്ങളും ചെഹോവിൻറേതായിട്ടുണ്ട്. അതിനു പ്രത്യേകിച്ച് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. മനഃശാസ്ത്രതത്ത്വങ്ങൾ നിഴലിച്ചു കാണുന്ന കഥകളും പലതുണ്ട്. ഹൃദയവേദന (Heartache) അതിനൊരുദാഹരണമാണ്. ഒരു കുതിരവണ്ടിക്കാരനായ ജോനാ പൊട്ടാപ്പോഫിന്റെ

ഏക മകൻ മരിച്ചുപോകുന്നു. അതു് അയാളെ കഠിനമായി വേദനിപ്പിയ്ക്കുന്നു. അതിനെപ്പറ്റി ആരോടെങ്കിലുമൊന്നു പറഞ്ഞു് തന്റെ ഹൃദയഭാരം ലഘൂകരിയ്ക്കുവാനുള്ള അയാളുടെ ആശ നിഷ്ഫലമാവുന്നതാണു് അതിലെ പ്രതിപാദ്യം. അവസാനം അയാൾ ആ ദുഃഖകരമായ കഥ—മകൻ മരിച്ചതിന്റെ കാരണവും മറവും മറവും—തന്റെ കുതിരയെ പറഞ്ഞു കേൾപ്പിയ്ക്കുന്നതുമായി ആ കഥ അവസാനിക്കുന്നു.

ഹൃദയസ്പർശിയായ മറെറാരു കഥയാണു്, 'ഓമന' (Darling). അതിലെ നായികയായ ഒലെ്ളയിൻകായ്ക്കു് എപ്പോഴും ആരെയെങ്കിലും സ്നേഹിച്ചുകൊണ്ടിരിയ്ക്കാതെ ജീവിതമേ സാദ്ധ്യമല്ല. അവളുടെ സ്നേഹം വ്യക്തിനിഷ്ഠമല്ല; അതു് ഒരു വ്യക്തിയിലേയ്ക്കും, അയാളിൽനിന്നു മറെറാരാളിലേയ്ക്കും സംക്രമിക്കുന്നു.

ചെഹോവിന്റെ നാടകങ്ങളെപ്പറ്റി അധികമൊന്നും പറയേണ്ടതായിട്ടില്ല. ചെറിമരത്തോപ്പും (Cherry Orchard), കരടി (Bear), വിവാഹാലോചന (A proposal), മൂന്നു സഹോദരിമാർ (Three Sisters), കടൽക്കാക്ക (Seagull) —ഇവയൊക്കെ ഇതിനകം മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിക്കഴിഞ്ഞു. "On the harmfulness of Tobacco" എന്ന അദ്ദേഹത്തിന്റെ ഒരു ഏകാങ്കനാടകം —അതു് ഇതുവരെ മലയാളത്തിലേയ്ക്കു് പരിഭാഷപ്പെടുത്തികണ്ടിട്ടില്ല—ഫലിതരസം തുളുമ്പുന്ന അദ്ദേഹത്തിന്റെ ഭാവനയ്ക്കു് ഒരു തെളിവാണു്.

ചെഹോവു് ഒരു ഡോക്ടറായിരുന്നു. കേവലം ധനാഗമത്തിനുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണു് അദ്ദേഹം സാ

ഹിത്യസേവനം ആരംഭിച്ചത്. തുച്ഛമായ തുകകൾ സ്വീകരിച്ചുകൊണ്ട് അദ്ദേഹം ആദ്യകാലങ്ങളിൽ മുന്നോട്ടുപോയി. പക്ഷെ അന്നും തികഞ്ഞ ഒരു അദ്ധ്വാനശീലനായിരുന്നു അദ്ദേഹം. ആദ്യത്തെ പതിനേഴു കൊല്ലക്കാലത്തു് അദ്ദേഹം എഴുതിക്കൂട്ടിയിടത്തോളം, പിൽക്കാലത്തു് എഴുതീട്ടുണ്ടെന്നു് തോന്നുന്നില്ല. അങ്ങനെ ഡോക്ടർപരീക്ഷ പഠിച്ചു ജയിച്ച ചെഹോവ് വിളങ്ങിയതു് സാഹിത്യനഭസ്സിലായിരുന്നു.

ചെഹോവിൻെറ അദ്ധ്വാനശീലത്തിനു് ഒരു ഉദാഹരണംകൂടെ ചൂണ്ടിക്കാണിക്കാം. 1899–ലാണെന്നു തോന്നുന്നു ചെഹോവു് തൻെറ കൃതികളുടെ പകർപ്പവകാശം എഴുപത്തയ്യായിരം റൂബിൾ വിലയ്ക്കു് അന്നത്തെ ഒരു പ്രസിദ്ധ റഷ്യൻ പ്രസാധകനായിരുന്ന മാർക്സിനു് വിറ്റതു്. പത്തു വാല്യങ്ങളിലായി ചെഹോവിൻെറ സാഹിത്യപ്രവർത്തനങ്ങൾ മുഴുവനും റഷ്യൻ ജനതയുടെ മുമ്പിൽ അവതരിപ്പിക്കുകയെന്നുള്ളതായിരുന്നു, ആ പ്രസാധകൻെറ ഉദ്ദേശം. അതനുസരിച്ചു് 1879 മുതലുള്ള പത്രമാസികകൾ മുഴുവനും പരിശോധിച്ചു്, 'മാറ്റർ' ശേഖരിക്കേണ്ട ചുമതല ചെഹോവിൻേറതായിരുന്നു. അതു മുഷിച്ചിലുള്ള വേല—ചെഹോവുതന്നെ പറയുന്നുണ്ടു്, അതു് അതു മുഷിച്ചിലുള്ളതായിരുന്നുവെന്നു് നേരത്തെ അറിഞ്ഞിരുന്നുവെങ്കിൽ എഴുപത്തയ്യായിരത്തിനുപകരം ഒരുലക്ഷത്തിയെഴുപത്തയ്യായിരം റൂബിൾ മാർക്സിനോടു വാങ്ങുമായിരുന്നുവെന്നു—തികച്ചും കായ്ക്ഷമമായിത്തന്നെ അദ്ദേഹം ചെയ്തതീർത്തു. അങ്ങനെ മാറ്റർ ശേഖരിച്ച അവസരത്തിൽ, പഴയ കഥകളും നാടകങ്ങളും വായിച്ചു് ആവശ്യമായ തിരുത്തലുകളും അദ്ദേഹം

ചെയ്യുണ്ടായി. അനേകം ഭാഗങ്ങൾ വെട്ടിക്കളയുകയും, ചിലയിടത്തെല്ലാം പുതിയ ഭാഗങ്ങൾ അദ്ദേഹം എഴുതി ചേർക്കുകയും ഉണ്ടായി. 'പന്തയം' (The Bet) എന്ന കഥ അതിനൊരു ഉദാഹരണമായിക്കാണിക്കാവുന്നതാണ്. "പന്തയ"ത്തിന്റെ പിന്നിലുള്ള കഥ രസകരമാകയാൽ അതും ഇവിടെ വിവരിക്കാം.

ചെഹോവിന്റെ ഏറ്റവും നല്ല കഥയായി പലരും കണക്കാക്കുന്ന ഒന്നാണ് 'പന്തയം'. പക്ഷേ അത് 1889-ൽ 'നൊവോയി പ്രെമിയാ' എന്ന റഷ്യൻ വാരികയിൽ പ്രസിദ്ധപ്പെടുത്തിയ മൂന്ന് ചെറിയ അദ്ധ്യായങ്ങൾ അടങ്ങിയ "A Fairy Tale" എന്ന കഥയുടെ ആദ്യത്തെ രണ്ട് ഭാഗങ്ങൾ ചേർത്ത് മിനുക്കിയെടുത്തതാണെന്നുള്ള വസ്തുത പലർക്കും അജ്ഞാതമായിരിക്കും. എന്തുകൊണ്ടാണ് ചെഹോവ് അതിന്റെ മൂന്നാം ഭാഗം മാറ്റുകയും, അതിന്റെ തലക്കെട്ട് "പന്തയം" എന്നാക്കുകയും ചെയ്തതെന്നുള്ളതിനെപ്പറ്റി ഒരു വിവരവും ലഭിച്ചിട്ടില്ല. ഒരുപക്ഷേ "പന്തയം" ഇന്നു കാണുന്ന രൂപത്തിൽ ചെറുകഥയ്ക്ക് കൂടുതൽ ഇണങ്ങും എന്നുള്ള വിചാരമായിരിക്കണം ചെഹോവിനെ അങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചത്.

ജീവപര്യന്തം കഠിനത്തടവിനെപ്പറ്റി ഒരു ബാങ്കറും, വാഗ്മിയായ ഒരു വക്കീലും തമ്മിൽ ചർച്ചചെയ്യുന്നതുമായിട്ടാണ് "പന്തയ"ത്തിന്റെ ആരംഭം. നീണ്ട ഒരു ജയിൽ ജീവിതത്തേക്കാൾ മരണമായിരിക്കും ഒരു കുറ്റവാളി ഇഷ്ടപ്പെടുന്നത് എന്നതായിരുന്നു ബാങ്കറുടെ പക്ഷം. യുവാവായ വക്കീൽ അതിനെ എതിർത്തുവെന്നു മാത്രമല്ല, അയാളുടെ പക്ഷം സ്ഥാപിക്കുവാൻവേണ്ടി പതിനഞ്ചു കൊല്ല

ക്കാലത്തെ ഏകാന്തത്തടവിന് തയ്യാറാവുകയും ചെയ്യുന്നു. ഇരുപതു ലക്ഷം റൂബിളാണ് പന്തയമായി തീരുമാനിക്കപ്പെട്ടത്. നിശ്ചയിക്കപ്പെട്ട സമയത്തിന് ഒരു നിമിഷം മുമ്പുപോലും തടവുകാരൻ പുറത്തിറങ്ങിയാൽ ആ പന്തയം നിലനില്ക്കുന്നതല്ലെന്നും പ്രത്യേകം വ്യവസ്ഥചെയ്യപ്പെട്ടിരുന്നു.

തികച്ചും അസംഭാവ്യമായ ഒരു സംഭവമാണെന്ന് വായനക്കാർക്ക് തോന്നിയേക്കാം. പക്ഷെ, തികച്ചും സംഭവ്യമെന്നപോലെ, നിത്യജീവിതത്തിൻെറ നിറംകൊടുത്തു ചെഹോവ് ഈ കഥാവതരണം സാധിച്ചിട്ടുണ്ട്.

പതിനഞ്ചു കൊല്ലങ്ങൾ ഇഴഞ്ഞുനീങ്ങി. വക്കീൽ തടവു കഴിഞ്ഞു പുറത്തിറങ്ങേണ്ടുന്ന ദിവസം അടുത്തടുത്തു വന്നു. ആ നീണ്ട കാലയളവിൽ തടവുകാരൻ അനേകം പുസ്തകങ്ങൾക്കാവശ്യപ്പെട്ടിരുന്നതൊഴിച്ചു് യാതൊരു വിവരവും അയാളെപ്പറ്റി ബാങ്കർ അറിഞ്ഞിരുന്നില്ല. ബാങ്കുകാർക്കാകട്ടെ, ആ സമയം ധനപരമായ അവശതകളുടെ കാലമായിരുന്നു. ഇരുപതുലക്ഷം റൂബിൾ പോകട്ടെ, പതിനായിരംപോലും എടുക്കുവാൻ അയാളുടെ കൈവശം അപ്പോൾ ഇല്ലായിരുന്നു. പന്തയത്തിൽ തോൽവിയടയാനാണ് സാദ്ധ്യത എന്നു മനസ്സിലായതോടുകൂടെ അയാളെ നിരാശവലയം ചെയ്തു. തടവുകാരനെ എങ്ങനെയെങ്കിലും കൊല്ലണം എന്നായി അയാളുടെ ചിന്ത. ആ ഉദ്ദേശത്തോടുകൂടെ പന്തയത്തിൻെറ കാലാവധി അവസാനിക്കുന്നതിൻെറ തലേദിവസം അയാൾ ഒളിച്ചു തടവുമുറിയിൽ കടന്നുചെല്ലുന്നു. എന്താണ് അയാൾ അവിടെ കണ്ടത്?

തടവുകാരന്റെ മുറിയിൽ ഒരു മെഴുകുതിരി മങ്ങിമങ്ങി കത്തുന്നുണ്ടായിരുന്നു. മേശപ്പുറത്തു് കമിഴ്ന്നുകിടക്കുകയാണു് അയാൾ. അയാളുടെ പുറകുവശവും തലമുടിയും കൈകളും മാത്രമേ ബാങ്കുകാർക്കു് കാണാമായിരുന്നുള്ളൂ. മേശപ്പുറത്തും, കസേരയിലും, കാർപ്പെറ്റിലും എന്നുവേണ്ടാ എല്ലായിടത്തും പുസ്തകങ്ങൾതന്നെ പുസ്തകങ്ങൾ. മേശപ്പുറത്തു് ആ കുനിഞ്ഞ ശിരസ്സിന്റെ മുമ്പിൽ ഒരു ഷീറ്റു് കടലാസ്സു്. അതിൽ ചെറിയ അക്ഷരങ്ങളിൽ എന്തൊക്കെയോ കുത്തിക്കുറിച്ചിട്ടുണ്ടു്. ബാങ്കർ നിശ്ശബ്ദം കൈനീട്ടി ആ കടലാസ്സെടുത്തു. അതിൽ ഇപ്രകാരം എഴുതിയിരുന്നു:—

"നാളെ അർദ്ധരാത്രി പന്ത്രണ്ടു മണിക്കു് എനിയ്ക്കു് സ്വാതന്ത്ര്യം കിട്ടും; മനുഷ്യരുമായി ഇടകലരുന്നതിനുള്ള അവകാശവും. പക്ഷെ ഞാൻ ഈ മുറി വിട്ടിറങ്ങി സൂര്യനെ ഒരു നോക്കു കാണുന്നതിനുമുമ്പു് ഏതാനും ചില വാക്കുകൾ പറയേണ്ടതു് അത്യാവശ്യമാണെന്നു് തോന്നുന്നു. സർവ്വവും അറിയുന്ന ദൈവത്തിന്റെ മുമ്പിൽവെച്ചു്, എന്റെ മനസ്സാക്ഷിയെ മുൻനിർത്തി ഞാൻ പറഞ്ഞുകൊള്ളട്ടെ. സ്വാതന്ത്ര്യം, ആരോഗ്യം എന്നുതുടങ്ങി പുസ്തകങ്ങളിൽ ജീവിതഭാഗ്യങ്ങളായി വർണ്ണിക്കപ്പെട്ടിട്ടുള്ള സകലതിനേയും ഞാൻ വെറുക്കുന്നു....."

തുടർന്നു ഗ്രന്ഥങ്ങളിൽനിന്നു് അയാൾ സമ്പാദിച്ച വിജ്ഞാനത്തിന്റെ വിവിധവശങ്ങളെ, ജീവിതസുഖങ്ങളോടു് തടവുവാസംമൂലം അയാൾക്കുണ്ടായ വിരക്തിയുടെ വെളിച്ചത്തിൽ ചർച്ചചെയ്യുകയാണു് ആ കുറിപ്പിൽ. ഇതാണതിന്റെ ചുരുക്കം.

"ലൗകികസുഖങ്ങളോട് എനിക്കുള്ള വിരക്തിയുടെ ഒരു ലക്ഷ്യമെന്നോണം, ഒരു കാലത്ത് പറുദീസായ്ക്കുതുല്യം സപ്നംകണ്ടിരുന്ന ഇരുപതുലക്ഷം റൂബിളും ഞാൻ ഇതാ ഉപേക്ഷിക്കുന്നു. അതിനായി നിശ്ചയിക്കപ്പെട്ട സമയത്തിനുമുമ്പ് ഇവിടെനിന്ന് ഇറങ്ങുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. അങ്ങനെ 'പന്തയ'ത്തിൻെറ വ്യവസ്ഥ ലംഘിക്കുവാനും."

എഴുത്ത് വായിച്ചുകഴിഞ്ഞപ്പോൾ ബാങ്കർക്ക് സന്തോഷമായി. കൊലപാതകം ക്രൂരമെങ്കിലും കായ്യം നേടിയതിൽ സന്തുഷ്ടനായി അയാൾ മടങ്ങി. പിറേറദിവസം രാവിലെ 'വക്കീൽ തടവു ചാടി' എന്ന കാവൽക്കാരൻെറ കരച്ചിൽ അവിടെ വെച്ചിരുന്നാൽ പട്ടണത്തിൽ അനാവശ്യസംസാരത്തിനു കാരണമാകും എന്നോർത്ത് അയാൾ അതു എടുത്തുകൊണ്ടുവന്ന്, പണപ്പെട്ടിയിൽ സൂക്ഷിക്കുകയും ചെയ്തു..... അങ്ങനെ 'പന്തയം' എന്ന കഥ അവസാനിക്കുന്നു. എന്നാൽ 'A Fairy Tale' എന്ന കഥ വീണ്ടും തുടരുന്നു.

ഒരു കൊല്ലം ഇഴഞ്ഞു നീങ്ങി. ആ ബാങ്കർ ഒരു വിരുന്നുസല്ക്കാരം നടത്തുകയായിരുന്നു അന്ന്. അഭ്യസ്തവിദ്യരായ പലരും അവിടെ കൂടിയിട്ടുണ്ടായിരുന്നു. പല സംഗതികളെപ്പറ്റിയും വാദപ്രതിവാദങ്ങളും നടന്നുകൊണ്ടിരുന്നതിനിടയിൽ സംസാരവിഷയം മനുഷ്യജീവിതത്തിൻെറ ഉദ്ദേശത്തെപ്പറ്റിയായി. പ്രേമത്തെപ്പറ്റിയും, യുവത്വത്തെപ്പറ്റിയും, ധനത്തെപ്പറ്റിയും പലരും പലതും പറഞ്ഞു. പണക്കാരായ അതിഥികളിൽ മിക്കവാറും എല്ലാവരും പണത്തിൻെറ അത്ഥശൂന്യതയെപ്പറ്റി പ്രസംഗിച്ചു. അക്കൂട്ടത്തിൽ ഒരാൾ പറഞ്ഞു: "പരിശ്രമശാലിയും പ്രതിഭാശാ

ലികളും ആയി നാം കരുതുന്നവരിൽ പണക്കാരായിരുന്നിട്ടുള്ളവർ വളരെ ചുരുക്കമാണ്. അതിൽനിന്നും തെളിയുന്നതെന്താണെന്നുവെച്ചാൽ മനുഷ്യരാശിയുടെ പരിപൂർണ്ണതയ്ക്കു ധനം ഒരു അത്യാവശ്യഘടകമല്ലെന്നുള്ളതാണ്. ചുരുക്കം പറഞ്ഞാൽ പണമേ ആവശ്യമില്ലെന്ന്. ആവശ്യമില്ലാത്തതെല്ലാം അനാവശ്യമല്ലേ?"

"ആ പറഞ്ഞതു വാസ്തവം" വേറൊരു അതിഥി അതിനെ പിന്താങ്ങി. "മനുഷ്യമനസ്സിന്റെ പരിപൂർണ്ണതയുടെ അസംസ്കൃതരൂപമാണ് ആശ്രമവാസത്തിൽ നിഴലിച്ചുകാണുന്നതു്. ഒരു ആദർശത്തിനുവേണ്ടി ജീവിതത്തിന്റെ സകല സുഖങ്ങളും ത്യജിക്കുക എന്നുള്ളതാണ് അതിന്റെ പുറകിലുള്ള തത്വം. പണത്തേയും ദൈവത്തേയും ഒരേ സമയം സേവിക്കുക എന്നതു സാദ്ധ്യമല്ലാത്തൊരു കാര്യം."

"ആ പറയുന്നതിനോടു് ഞാൻ അനുകൂലിക്കുന്നില്ല" —മൂന്നാമതൊരാളുടെ അഭിപ്രായമായിരുന്നു അതു്. "ജീവിതസുഖങ്ങളും വെടിയുന്നതിൽ മനുഷ്യമനസ്സിന്റെ പരിപൂർണ്ണത നിഴലിക്കുന്നുവെന്നു് ഞാൻ വിശ്വസിക്കുന്നില്ല. നിങ്ങളും ഒരു കാര്യം മനസ്സിലാക്കണം. ഒരു ചിത്രകാരന്റെ ചിത്രങ്ങളെ അധിക്ഷേപിക്കുന്നുവെന്നുവരികിൽ, ആ കലാകാരനെത്തന്നെയാണ് നിങ്ങളും അധിക്ഷേപിക്കുന്നതു്. സ്ത്രീ, സമ്പത്തും, മദ്യം ഇതൊക്കെ അനാവശ്യമെന്നു് തള്ളിക്കളയുന്നതുകൊണ്ടു യഥാർത്ഥത്തിൽ നിങ്ങളും ദൈവത്തെ അവമാനിക്കയാണ്; കാരണം അദ്ദേഹമാണ് അതെല്ലാം സൃഷ്ടിച്ചതു്."

"അതു് തികച്ചും വാസ്തവം"—വ്യാപാരത്തിൽ ആ ബാങ്കുടെ എതിരാളിയായ ഒരു കോടീശ്വരൻ ഇടയ്ക്കു ക

യറിപ്പറഞ്ഞു. "ചില വയസ്സന്മാർ സ്ത്രീസുഖം ഉപേക്ഷിക്കുന്നു; സുഖമനുഭവിച്ചു മടുത്ത ചിലർ കീർത്തിയും നശിപ്പിക്കുന്നു. എന്നിരുന്നാലും അരുപത്തിയാറുകൊല്ലത്തെ എന്റെ ജീവിതത്തിനിടയിൽ പത്തു ലക്ഷം രൂബിളം കിട്ടിയാൽ വേണ്ടെന്നു പറയുന്ന അരോഗദൃഢഗാത്രനായ ഒരു യുവാവിനെ ഞാൻ കണ്ടിട്ടില്ല....."

"അങ്ങനെയുള്ള മനുഷ്യരും ഉണ്ട്" ആതിഥേയനായ ബാങ്കർ പറഞ്ഞു.

"താങ്കൾ അങ്ങിനെയുള്ളവരെ കാണാനിടയായിട്ടുണ്ടോ?"

"ഉണ്ട്."

"തീച്ചയായിട്ടും ഉണ്ടാവാനിടയില്ല." വൃദ്ധനായ കോടീശ്വരന്റെ മറുപടി അതായിരുന്നു.

"കേവലം ഒരു തമാശിനുവേണ്ടി ഇരുപതുലക്ഷം രൂബിളം ഉപേക്ഷിച്ച ഒരാളെ ഞാൻ അറിയും."

"അതൊക്കെ വെറും സങ്കല്പമായിരിക്കും" കോടീശ്വരൻ ചിരിച്ചുകൊണ്ടു പറഞ്ഞു. "ഞാൻ വീണ്ടും പറയുന്നു അത്തരം അളുകൾ ഈ ഭൂമുഖത്തു് ഇല്ലെന്നു്. എനിക്കു് അത്യാവശ്യം തീച്ചയുള്ള ഈ കാര്യത്തിൽ, എന്തു തുകയും പന്തയം കെട്ടാൻ ഞാൻ തയ്യാറാണു്. ഇരിക്കട്ടെ, ഒരു പത്തു ലക്ഷം രൂബിളം."

"ഞാൻ, മുപ്പതു ലക്ഷം രൂബിളം" ബാങ്കർ സന്തോഷത്തോടെ പറഞ്ഞു.

"സമ്മതിച്ചു; മുപ്പതുലക്ഷംതന്നെ."

സന്തോഷംകൊണ്ടു് ബാങ്കരുടെ മനസ്സു നിറഞ്ഞു. തന്റെ പക്ഷം ജയിക്കുമെന്നു് അത്യാവശ്യം തീച്ചയുണ്ടായിരുന്നി

ട്ടും ഒരു അമ്പതുലക്ഷത്തിന് പന്തയം കെട്ടിയില്ലല്ലോ എന്നോർത്തു് അയാൾക്ക് അല്പം സങ്കടമുണ്ടാകാതിരുന്നില്ല. മുപ്പതുലക്ഷം രൂപാ ലഭിക്കുകയെന്നുവെച്ചാൽ, അയാളുടെ വ്യാപാരനില എത്രയധികം ഉയരും? — ആ ചിന്തയിൽത്തന്നെ അയാളുടെ ഹൃദയം സന്തോഷഭരിതമായി.

"ശരി" കോടീശ്വരൻ ചോദിച്ചു: "താങ്കളുടെ പക്ഷത്തിനുള്ള തെളിവു് എപ്പോൾ തരും?"

"ഉടൻതന്നെ" ഒരു വിജയിയുടെ ഭാവത്തിൽ ബാങ്കർ പ്രതിവചിച്ചു.

തടവുകാരനായിരുന്ന വക്കീലിന്റെ ഇരുപതുലക്ഷം ത്യജിച്ചുകൊണ്ടുള്ള കത്തു് അയാളുടെ പണപ്പെട്ടിയിൽ അപ്പോഴും ഉണ്ടായിരുന്നു. അയാൾ അതെടുക്കുവാൻ ചെന്നു. അപ്പോഴാണു് ഭൃത്യൻ അകത്തേയ്ക്കു് കടന്നു പറഞ്ഞതു്, "സാറിനെ കാണാൻ ഒരു മനുഷ്യൻ വന്നിരിക്കുന്നു"വെന്നു്.

അതിഥികളുടെ അനുവാദത്തോടുകൂടെ ബാങ്കർ അവിടെനിന്നിറങ്ങി സ്വീകരണമുറിയിലേയ്ക്കു് കടന്നുചെന്നു; ചെന്ന താമസം 'ഡീസൻറാ'യി വസ്ത്രധാരണം ചെയ്ത ഒരു യുവാവും അയാളുടെ സമീപത്തെത്തി. അയാളുടെ മുഖം വിളറിയിരുന്നു. നിറഞ്ഞ കണ്ണുകളോടെ ബാങ്കറുടെ കൈകളെ കടന്നുപിടിച്ചിട്ടു് ഗൽഗദത്തോടെ അയാൾ പറഞ്ഞു: "ക്ഷമിക്കൂ, ക്ഷമിക്കൂ" എന്നു്.

"നിങ്ങൾക്കെന്തു വേണം?" ബാങ്കർ ചോദിച്ചു. "നിങ്ങളാരാണു്?"

"പതിനഞ്ചുകൊല്ലത്തെ സുഖകരമായ ജീവിതവും, ഇരുപതുലക്ഷം രൂപായും നഷ്ടപ്പെടുത്തിയ മഠയനാണു് ഞാൻ."

"അതുകൊണ്ട്?" വിളറിത്തുടങ്ങിയ വദനത്തോടെ, ബാങ്കർ ചോദിച്ചു.

"എനിക്കു ഭയങ്കരമായ ഒരു തെറ്റു പറ്റിപ്പോയി. ജീവിതസുഖങ്ങൾ മനസ്സിലാക്കാതെ ഒരു വ്യക്തിയുടെ ജീവിതത്തിന്മേൽ വിധിയെഴുതുവാൻ അവകാശമില്ല. ഹാ! സൂര്യൻ എത്ര ഭംഗിയായി പ്രകാശിക്കുന്നു; സ്ത്രീകൾ—എന്തൊരു സുന്ദരികൾ; മദ്യം എത്ര രുചികരം; പച്ചിലക്കാടുകൾ എത്ര മനോഹരം.....പുസ്തകങ്ങൾ—ജീവിതത്തിന്റെ ഒരു നേരിയ പ്രതിബിംബം മാത്രമാണ് അവ. ആ നിഴൽ എന്നെ വശീകരിച്ചുകളഞ്ഞു....."

"പൊന്നുസാറേ!" മുട്ടിന്മേൽ വീണ് ആ മനുഷ്യൻ കേണു യാചിച്ചു. "ഇരുപതുലക്ഷത്തിനൊന്നും എനിക്കാഗ്രഹമില്ല. അതിനൊട്ട് അവകാശമില്ലതാനും.....ഒരു നൂറോ ഇരുനൂറോ തരുവാൻ കരുണയുണ്ടായാൽ മതി..... ഇല്ലാത്തപക്ഷം ആത്മഹത്യയേയുള്ളൂ പോംവഴി."

"ഉം, ശരി." ബാങ്കർ മങ്ങിയ സ്വരത്തിൽ പറഞ്ഞു. "നാളെയാകട്ടെ."

ബാങ്കർ അവിടെനിന്നും പോയതു് നേരെ അതിഥികളുടെ സമീപത്തേയ്ക്കായിരുന്നു. അയാൾ വികാരാധീനനായി കാണപ്പെട്ടു. സ്വാതന്ത്ര്യം, സ്നേഹം, ആരോഗ്യം, ധനം അതെല്ലാം തനിക്കു പുല്ലാണെന്നു വിളിച്ചുപറയണമെന്ന് അയാൾക്ക് തോന്നി. തനിക്കുള്ള ധനമെല്ലാം പിറേ ദിവസം സാധുക്കൾക്കായി ദാനം ചെയ്തിട്ട്, ശാന്തമായ ഒരു ജീവിതത്തിനൊരുങ്ങിയെങ്കിൽ—അയാൾ ആലോചിച്ചു. പക്ഷെ അയാൾക്കെവിടെ ധനം? മുപ്പതുലക്ഷം പന്തയംകെ

ട്ടിയിട്ടില്ലേ? അത്രയുംതന്നെ അയാളുടെ പക്കലില്ല. അതൊക്കെ അയാളുടെ ഓമ്മയിൽ തിരതല്ലി. ഒരു കസേരയിലേയ്ക്ക് ചാഞ്ഞുകൊണ്ട്, കോടീശ്വരനോടായിട്ടെന്നപോലെ അയാൾ പറഞ്ഞു: "നിങ്ങൾതന്നെ ജയിച്ചു, ഞാൻ തകർന്നു"വെന്ന്.

അങ്ങനെയാണ് 'A Fairy Tale'–ന്റെ അവസാനം. എന്തു തോന്നുന്നു? ആദ്യത്തെ പന്തയമോ, രണ്ടാമത്തെ പന്തയമോ ഏതാണ് കൂടുതൽ രസകരം?

1904–ലായിരുന്നു ചെഹോവിന്റെ മരണം. മോസ്കോ ആർട്ട് തീയേറ്ററിലെ ഒരു നടിയായിരുന്ന ഓൾഗാ നിപ്പറിനെ (Olga Knipper) വിവാഹം ചെയ്ത് കഷ്ടിച്ചു മൂന്നു വർഷങ്ങൾ തികയുന്നതിനുമുമ്പ്. ക്ഷയമായിരുന്നു സുഖക്കേട്.

ചെറുകഥയുടെ സാങ്കേതികവശങ്ങളെപ്പറ്റി ചെഹോവിൽനിന്നും കുറവും കുറവുമില്ലാത്ത ഒരു നിർവചനം നാം പ്രതീക്ഷിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ കാലഘട്ടത്തിനുണ്ടായിരുന്ന കുറവുകൾ അദ്ദേഹത്തിലും പ്രതിഫലിച്ചുകണ്ടേക്കാം. ചെറുകഥയുടെ ആരംഭവും അവസാനവും അത്ര വളരെ പ്രധാനപ്പെട്ടതാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നില്ല. എവിടെ ആരംഭിച്ചു് എവിടെക്കൊണ്ടവസാനിപ്പിച്ചാലും അത് ചെറുകഥയാവും. കഥാകാരന്റെ മനസ്സിൽ രൂപമെടുക്കുന്ന ഏതു കലാവസ്തു കടലാസിലേയ്ക്കു പകർത്തിയാലും കഥയാണ്. പറയത്തക്ക കഥാവസ്തു ഇല്ലാതെയും കഥയെഴുതാം.

DHARMARAM COLLEGE LIBRARY, BANGALORE- 20132

ചെറുകഥയെപ്പറ്റി ചെഹോവ് ചൂണ്ടിക്കാണിച്ച ഒരു വസ്തുത പ്രസ്താവ്യമാണ്. പ്രത്യേകിച്ചു ഉയന്നുവരുന്ന കഥാകൃത്തുക്കളോടുള്ള സന്ദേശമാണതെന്ന് ഞാൻ വിചാരിക്കുന്നു. "ഒന്നാമത്തെ പേജിൽ, ചുമരിൽ ഒരു തോക്ക് തൂങ്ങുന്നതായി നിങ്ങൾ വർണ്ണിച്ചാൽ ഉടൻതന്നെയോ, അല്പം കഴിഞ്ഞോ ആ തോക്കുകൊണ്ട് വെടി പൊട്ടിക്കാൻ മറക്കരുത്."

ചെറുകഥ വിശ്വസാഹിത്യത്തിൽ

മനുഷ്യസമുദായത്തിന്റെ ശാസ്ത്രീയവും വൈയവസായികവുമായ പുരോഗതിയുടെ ചരിത്രത്തിൽ വളരെയധികം പ്രാധാന്യം അഹ്നിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. പഴയ കാലത്തു് എണ്ണിയാലൊടുങ്ങാത്തത്ര വശങ്ങളുള്ള നോവലുകളും പുരാണകഥാഗ്രന്ഥങ്ങളും വായിച്ചു് സമയം ചെലവഴിക്കുവാൻ മനുഷ്യനു സാധിച്ചിരുന്നു. എന്നാൽ ഈ ഇരുപതാം നൂറ്റാണ്ടിൽ അതിനു് സാദ്ധ്യമല്ല. സമയത്തിന്റെ വില അത്രമാത്രം വർദ്ധിച്ചിട്ടുണ്ടു്. എങ്കിലും മനുഷ്യന്റെ മാനസികവും ബുദ്ധിപരവും ആയ വികാസത്തിനു് സാഹിത്യാദികലകൾ അത്യന്താപേക്ഷിതമാണു്. അതു കൊണ്ടു് അവൻ പത്തുരണ്ടായിരത്തിൽപ്പുറം വശങ്ങളുള്ള നോവലുകളും മറ്റും ഉപേക്ഷിച്ചു്, വളരെ ചുരുങ്ങിയ കാലാവധിയ്ക്കുള്ളിൽ വളരെയധികം ആനന്ദം പ്രദാനംചെയ്യുന്ന സാഹിത്യവിഭാഗത്തെ അന്വേഷിച്ചു തുടങ്ങി. അതിന്റെ ഫലമായി പ്രാമാണ്യത്തിൽ വന്ന ഒരു പ്രസ്ഥാനവിശേഷമത്രേ ചെറുകഥയെന്നാണു് പണ്ഡിതമതം.

ഒരു കാലത്തു് വാസനാസമ്പന്നരായ കവികളും കഥാകാരന്മാരും സാഹിത്യത്തിൽ യാഥാർത്ഥ്യത്തിനുള്ളതിനേയ്ക്കാൾ അധികം പ്രാധാന്യം ഭാവനയ്ക്കു് നല്കിയിരുന്നതായിക്കാണുന്നു. അസ്വാഭാവികമായ സംഭവപരമ്പരകളുടെ സമ്മേളനംകൊണ്ടു് കഥകളും കാവ്യങ്ങളും അവർ രചിച്ചിരുന്നു. എന്നാൽ സാഹിത്യത്തിന്റെ ഉദ്ദേശം സമുദായസംസ്കരണമാണെന്നുള്ള പ്ലേറോനിയൻ സിദ്ധാന്തം ആധുനികർ വിലമതിക്കുവാൻ ആരംഭിച്ചതോടുകൂടെ സാഹിത്യാദി വിഷയങ്ങളിൽ ഭാവനയേക്കാളധികം പ്രാധാന്യം നിത്യജീവിതയാഥാത്ഥ്യങ്ങൾക്കു് ലഭിച്ചു. ഒരു കൃതിയുടെ മൂല്യം നിർണ്ണയിക്കേണ്ടതു് അതിന്റെ രചയിതാവു് അതിൽ എന്തുമാത്രം ചരിത്രയാഥാത്ഥ്യങ്ങളെ — നിത്യജീവിതതത്വങ്ങളെ — വിനിവേശിപ്പിച്ചിട്ടുണ്ടെന്നുള്ളതിനെ ആധാരമാക്കിയാണു് വേണ്ടതെന്നതത്രേ ഇന്നത്തെ നിരൂപകന്മാരിൽ ഭൂരിപക്ഷവും വാദിക്കുന്നതു്. മനുഷ്യനെ ജീവിതയാഥാത്ഥ്യങ്ങളുടെ വെളിച്ചത്തിലേയ്ക്കു് കൊണ്ടുവരുന്ന സാഹിത്യമാണു് ഈ ലോകത്തിനാവശ്യമെന്നും അവനെ ജീവിതോദ്ദേശങ്ങളിൽനിന്നും പിന്തിരിപ്പിച്ചു് കേവലം ഭാവനാമയമായ അന്തരീക്ഷത്തിലേയ്ക്കു് ഉയർത്തുന്ന പലായനസാഹിത്യം (Escapism) കൊണ്ടു പറയത്തക്ക പ്രയോജനം ഇല്ലെന്നുമുള്ള ഒരു നിലയിലേയ്ക്കാണു് ഈ ചിന്താഗതി വഴിനയിച്ചിട്ടുള്ളതു്. അപ്രകാരം മനുഷ്യനെ യാഥാത്ഥ്യങ്ങളുടെ ബോധത്തിലേയ്ക്കു് കൊണ്ടുവരുവാൻ മറ്റു സാഹിത്യവിഭാഗങ്ങളെ അപേക്ഷിച്ചു് ചെറുകഥയ്ക്കു് കൂടുതൽ കഴിവുള്ളതായിക്കാണുന്നു. അനാവശ്യമായ സംഭവവിവരണങ്ങൾകൊണ്ടു് വായനക്കാരന്റെ ക്ഷമയെ പരീക്ഷിക്കാതെ പ

ത്തോ ഇരുപതോ മിനിട്ടുകൊണ്ടുള്ളിൽ ജീവിതത്തിന്റെ ഒരു ഖണ്ഡം (A slice of life) സമ്മാനമായി നൽകുവാൻ അതിനു സാധിക്കുന്നു. ഇതും ചെറുകഥാസാഹിത്യത്തിന്റെ പ്രാമാണ്യത്തിനു ഇടനല്കിയ കാരണങ്ങളിൽ ഒന്നാണെന്നു പറയാം.

ചെറുകഥയ്ക്കും നോവലിനും തമ്മിൽ വളരെയടുത്ത ബന്ധം ഉള്ളതായി ചിലർ വാദിക്കുന്നു. ചെറുകഥയോട് താരതമ്യം ചെയ്യുമ്പോൾ നോവലിനു കുറേക്കൂടി നീളം ഉണ്ടെന്നല്ലാതെ, അവയുടെ ഉള്ളടക്കങ്ങൾ തമ്മിൽ ഗണനീയമായ വ്യത്യാസമില്ലെന്നാണവരുടെ വാദം. നോവൽ വലിയൊരു വ്യാപ്തിയുള്ളിൽ ജീവിതത്തിന്റെ പ്രകാശനവും നിരൂപണവും സാധിക്കുമ്പോൾ ചെറുകഥ വളരെ ചുരുങ്ങിയ സമയപരിധിക്കുള്ളിൽ അവ സാധിയ്ക്കുന്നുണ്ടെന്നുള്ളതു മാത്രമാണ് അവർ ചെറുകഥയ്ക്കും നോവലിനും തമ്മിലുള്ള ഏക വ്യത്യാസമായി ചൂണ്ടിക്കാണിക്കുന്നത്. പക്ഷെ അതു ശരിയാണെന്നു തോന്നുന്നില്ല. ആധുനികനിരൂപകർ ചെറുകഥയ്ക്കും നോവലിനും തമ്മിൽ അകന്ന ഒരു ബന്ധം മാത്രമേയുള്ളുവെന്നാണ് പ്രസ്താവിച്ചുകാണുന്നതു്. നോവൽ ജീവിതത്തിന്റെ ആകപ്പാടെയുള്ള ചിത്രീകരണം സാധിക്കുമ്പോൾ ചെറുകഥയിൽ നമുക്കു ലഭിക്കുന്നതു് അതല്ല, പ്രത്യുത ശ്രീ. ജോസഫ് മുണ്ടശ്ശേരി എവിടെയോ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ 'ജീവിതത്തിന്റെ ഒരു കടാക്ഷം' മാത്രമാണ്. ഒരു നോവലിൽ സംഭവപരമ്പരകൾ ഒന്നിനു പുറകെ ഒന്നായി ഒരു പൂമാലയിൽ പൂക്കളെന്നപോലെ കോത്തിരിക്കും. പൂമാല പൊട്ടിച്ചു് പൂക്കളോരോന്നായി വേർതിരിക്കാവുന്നതുപോലെ അവയേയും പ്രത്യേ

കം പ്രത്യേകമായി എടുത്തുകാണിക്കാം. എങ്കിലും പൂക്ക ളെ യോജിപ്പിക്കുന്ന ചരടുപോലെ ആ സംഭവങ്ങളെ ഏകീ കരിക്കുന്ന ഒരു അടിയൊഴുക്ക് നോവലിൽ ദർശിക്കാം. എ ന്നാൽ ചെറുകഥയിൽ അങ്ങിനെയല്ല. നോവലുകളിൽ കാ ണുന്നതുപോലെ സംഭവങ്ങളും കഥ പിറകെ സംഭവങ്ങളും സാ ധാരണയായി ചെറുകഥകളിൽ കാണാറില്ല. ബാരി പെ യിൻ (Barry Pain) പറഞ്ഞിരിക്കുന്നതുപോലെ, "ഒരു ചെറുകഥയിൽ ഒരു സംഭവം അല്ലെങ്കിൽ സംഭവഖണ്ഡം (Episode) മാത്രമേ ഉണ്ടായിരിക്കാവൂ." എന്നാൽ ചിലർ അഭിപ്രായപ്പെട്ടേയ്ക്കാം, അതു ശരിയല്ലെന്ന്. അതു സ്ഥാ പിക്കുവാൻ ലോകപ്രസിദ്ധരായ പല കഥാകൃത്തുക്കളുടേയും ചെറുകഥകളെ തന്നെ ചൂണ്ടിക്കാണിക്കുവാൻ അവർക്കു സാ ധിച്ചെന്നു വരാം. അതിനുള്ള സമാധാനം എച്ച്. ജി. ബെ റ്റ്സ് പറഞ്ഞിരിക്കുന്നതു മാത്രമാണ്—"ചെറുകഥയെ ന്നാലെന്തുമാവാം, അതിന്റെ രചയിതാവിന്റെ ഇഷ്ടം പോലെ."

ചെറുകഥയാകട്ടെ വായനക്കാരന്റെ മനസ്സിൽ ഒരു നോവൽ നൽകുന്നതിൽ കൂടുതൽ ചിന്തകളേയാണ് പ്രദാ നം ചെയ്യുന്നതു്. നോവലിൽ മിക്ക സംഭവങ്ങളും രചയി താവു് നൽകുന്നു. വളരെക്കുറച്ചു മാത്രമേ കൂട്ടിച്ചേർക്കുവാൻ അയാൾ നമ്മോട് ആവശ്യപ്പെടുന്നുള്ളൂ. എന്നാൽ ചെറു കഥയിൽ നേരേ മറിച്ചാണ്. അതിന്റെ രചയിതാവു് വള രെക്കുറച്ചു വിവരങ്ങളും മാത്രമേ നല്കുന്നുള്ളൂ; വളരെയധികം കൂട്ടിച്ചേർക്കുവാൻ നമ്മോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ഇതുതന്നെ ശ്രീ. ജി. ശങ്കരക്കുറുപ്പിന്റെ മധുരമായ ഭാഷ യിൽ പറഞ്ഞാൽ, "ആഖ്യായികാകാരൻ അധികം വിത

ച്ചു് സ്വല്പം കൊണ്ടുവരാം, ചെറുകഥാകൃത്താകട്ടെ സ്വല്പം വിതച്ചു് അധികം കൊയ്യുന്നു."

നോവലിൽ കഥാപാത്രങ്ങൾ ജനിക്കുകയും വളരുകയും രംഗങ്ങളിൽനിന്നു് രംഗങ്ങളിലേയ്ക്കും സ്ഥലങ്ങളിൽനിന്നു് സ്ഥലങ്ങളിലേയ്ക്കും മറുകയും ചെയ്യുന്നുവെന്നു് വെർജീനിയാ വൂൾഫ് (Verginia Woolf) ഒരിടത്തു് പറഞ്ഞിട്ടുണ്ടു്. പലപ്പോഴും നോവലിന്റെ ജീവനാഡിയായി വർത്തിക്കുന്നതു് കഥാപാത്രങ്ങളുടെ ഇങ്ങനെയുള്ള വളർച്ചയും കാലത്തിന്റെ മുന്നോട്ടുള്ള പോക്കും ആണു്. എന്നാൽ ചെറുകഥയിലാകട്ടെ കാലത്തിന്റെ പുരോഗതി ഇല്ലെന്നുതന്നെ പറയാം; അഥവാ ഉണ്ടെങ്കിൽത്തന്നെ അഗണ്യവുമാണെന്നതു് പണ്ഡിതാഭിപ്രായം. ചെറുകഥയിൽ കഥാപാത്രങ്ങൾ രംഗങ്ങളിൽനിന്നു് രംഗങ്ങളിലേയ്ക്കും, സ്ഥലങ്ങളിൽനിന്നു് സ്ഥലങ്ങളിലേയ്ക്കും മാറുന്നതായിക്കാണുന്നില്ല; അവ വളരണമെന്നുമില്ല; കഥാപാത്രങ്ങൾ വേണമെന്നുതന്നെയില്ല. എന്നാൽ കഥാപാത്രങ്ങളില്ലാത്ത നോവലിന്റെ കഥ ഒന്നാലോചിച്ചുനോക്കുക. അങ്ങനെയൊന്നുണ്ടെങ്കിൽ അതു് തീർച്ചയായും വായനക്കാരന്റെ ക്ഷമയെ പരീക്ഷിക്കുന്നതിനു മാത്രമേ ഉതകുകയുള്ളൂ.

ചെറുകഥയെ ഇതര സാഹിത്യകലാവിഭാഗങ്ങളോടു് പലരും താരതമ്യപ്പെടുത്തിയിട്ടുള്ളതായിക്കാണുന്നു. നാടകത്തോടും നാടോടിപ്പാട്ടുകളോടും, ഹൃദയഗീതങ്ങളോടും ഗീതകപ്രസ്ഥാനത്തോടും അതിനു ബന്ധമുള്ളതായി പറഞ്ഞുവരുന്നുണ്ടു്. അതിനെപ്പറ്റിയൊന്നും സവിസ്തരം ഇവിടെ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ മുപ്പതു മുപ്പത്തിയഞ്ചു് സംവത്സരങ്ങൾക്കുള്ളിൽ ഇംഗ്ലീഷിലെന്നല്ല അ

തിനോടു കിടപിടിക്കത്തക്ക കഥാസന്ദർഭത്തുള്ള സാഹിത്യങ്ങളിലും ഉണ്ടായിട്ടുള്ള ചെറുകഥകൾ പരിശോധിക്കുമ്പോൾ ചെറുകഥാപ്രസ്ഥാനത്തിനു മറേറതു കലാവിഭാഗത്തോടുള്ളതിനേക്കാളധികം ബന്ധം ചിത്രലേഖനത്തോടും സിനിമയോടും ഉണ്ടെന്നുതോന്നുന്നു. പ്രസിദ്ധ ഇംഗ്ലീഷ് കാഥികനായ എച്ച്. ഇ. ബേറ്റ്സ് "ആധുനിക ഖണ്ഡകഥയുടെ നിരൂപണപരമായ ഒരു അവലോകനം" (A Critical Survey of Modern Short Story) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

ഇനിയും ചെറുകഥ എന്നാലെന്താണെന്നുള്ള ചോദ്യത്തിനു് ഒരു സമാധാനം കണ്ടുപിടിക്കുവാൻ ശ്രമിക്കാം. കഥാചരിത്രത്തിലൂടെ കണ്ണോടിക്കുന്ന ഏതൊരു വ്യക്തിയ്ക്കും ചെറുകഥയെന്നാലെന്തെന്നുള്ളതിനു ഒരു ലക്ഷണം നല്കുവാൻ പലരും ശ്രമം നടത്തിയിട്ടുള്ളതായിക്കാണാം. ഇംഗ്ലീഷ് ചെറുകഥാസാഹിത്യത്തിനു് മറക്കുവാനോ മറയ്ക്കുവാനോ കഴിയാത്ത ഒരു വ്യക്തിയായ എച്ച്. ജി. വെൽസ് പറഞ്ഞിട്ടുള്ളതു് അരമണിക്കൂറിനുള്ളിൽ വായിക്കുവാൻ കഴിയുന്ന ചെറിയ ഒരു സാങ്കല്പികകഥയാണു് ചെറുകഥയെന്നത്രേ. ആധുനികഖണ്ഡകഥാപ്രസ്ഥാനത്തിന്റെ ജനയിതാവെന്ന അപരാഭിധാനത്താൽ അറിഞ്ഞുവരുന്ന എഡ്ഗർ അല്ലൻ പോ ആകട്ടെ സമയദൈർഘ്യം അല്പംകൂടി വർദ്ധിപ്പിച്ചു് ഒരു മണിക്കൂറിനുള്ളിൽ വായിച്ചുതീർക്കാവുന്ന ഒരു കഥയാണു് ചെറുകഥയെന്നു പ്രസ്താവിച്ചിരിക്കുന്നു. മേൽക്കൊടുത്ത രണ്ടു നിർവ്വചനങ്ങളുടേയും സാരം ഗ്രഹിച്ചിട്ടാണെന്നു തോന്നുന്നു, "അധികം നീളമില്ലാത്ത കഥയാണു് ചെറുകഥ"യെന്നു് "ആധുനിക ഖണ്ഡകഥകൾ"

(Modern Short Stories)എന്ന കഥാസമാഹാരത്തിന്റെ മുഖവുരയിൽ ജോൺ ഹാഡ്ഫീൽഡ് പറഞ്ഞുകാണുന്നതു്. ഇവ മൂന്നും ഒരു ചെറുകഥ വായിക്കുവാനെടുക്കുന്ന സമയത്തിന്റെ പരിധി നിർണ്ണയിക്കുവാൻ സഹായിക്കുന്നുണ്ടെങ്കിലും അവയെ ഒന്നുംതന്നെ ചെറുകഥയുടെ ശാസ്ത്രീയവിവരണമായിക്കരുതുവാൻ നിവൃത്തിയില്ല.

സർ ഹ്യൂ വാൽപ്പോൾ (Sir Hugh Walpole) ചെറുകഥയെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു— "ചെറുകഥയെന്നാൽ അതു് ഒരു ചെറുകഥതന്നെയായിരിക്കണം; എന്നുവെച്ചാൽ വിചാരിതവും അവിചാരിതവുമായ സംഭവങ്ങൾ നിറഞ്ഞതും ദ്രുതഗതിയിലുള്ള പെരുമാറ്റം, അവിചാരിതമായ വളച്ചു്, ഇവയിൽക്കൂടെ കഥാമർമ്മത്തിലെത്തി വായനക്കാരനെ പ്രീതിപ്പെടുത്തത്തക്കവിധം പര്യവസാനിക്കുന്നതും ആയിരിക്കണം." ഈ. ജെ. ഓബ്രിൻ എന്ന ഇംഗ്ലീഷ് കഥാകാരൻ പറയുന്നു, ഒരു ചെറുകഥയുടെ വിജയം അതിൽ വിനിവേശിപ്പിച്ചിരിക്കുന്ന തിരഞ്ഞെടുത്ത സത്യങ്ങളേയോ സംഭവങ്ങളേയോ ആശ്രയിച്ചിരിക്കുന്നുവെന്നു്. റഷ്യൻ കാഥികനായ ചെഹോവ് ഒരു ചെറുകഥയുടെ ആരംഭവും അവസാനവും അപ്രധാനമാണെന്നു് വാദിക്കുമ്പോൾ സുപ്രസിദ്ധ അമേരിക്കൻ സാഹിത്യകാരനായ ഏണസ്റ്റ് ഹെമിങ്ങ്വേയുടെ ഒരു ചെറുകഥയെ വിമർശിച്ചുകൊണ്ടു് ഒരു പത്രാധിപരായ എല്ലെറി സെഡ്ജ്വിക് പറഞ്ഞിരിക്കുന്നു, "ഒരു കുതിരപ്പന്തയത്തോടു് ചെറുകഥയെ ഉപമിക്കാം. അതിന്റെ ആരംഭവും അവസാനവുമാണു് ഏറ്റവും പ്രാധാന്യം അർഹിക്കുന്നതു്."

വെത്സിന്റേയും അല്ലൻ പോയുടേയും ജോൺ ഫാഡ് ഫീൽഡിന്റേയും നിർവ്വചനങ്ങളുടെ വേലിക്കെട്ടിനുള്ളിൽ നിൽക്കുന്ന വിശ്വപ്രസിദ്ധങ്ങളായ ചില ചെറുകഥകൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. വാൽപ്പോളിന്റെ നിർവ്വചനം അമേരിക്കൻ ചെറുകഥാകൃത്തായ ഒ. ഹെൻറി(O. Henry) യുടെ പല കഥകൾക്കും അനുയോജ്യമായിരിക്കുമ്പോൾ ചെഹോവിന്റെ 'ഓമന' (Darling) എന്ന കഥയ്ക്കതു ചേരുന്നില്ല. ചെഹോവിന്റേയും എല്ലെറി സെഡ്ജ് വിക്കിന്റേയും മേൽക്കൊട്ടത്ത വിവരണങ്ങൾ പരസ്പരവിരുദ്ധങ്ങളായിക്കാണുന്നു. ഇത്തരം ലക്ഷണങ്ങൾ നിരൂപണഗ്രന്ഥങ്ങളിൽ നിന്നും മറവും എണ്ണമില്ലാതെ ഉദ്ധരിക്കാവുന്നതാണ്. ചെറുകഥയുടെ സാമാന്യമായ സ്വഭാവത്തിന്റെ ഏതെങ്കിലും ഒരംശം വെളിപ്പെടുത്തുവാൻ അവയ്ക്കോരോന്നിനും കഴിഞ്ഞുവെന്നുവരാം. എന്നാൽ 'ചെറുകഥയെന്നാലെന്ത്?' എന്ന ചോദ്യത്തിന് സംശയാതീതമായ ഒരു ഉത്തരം നല്കുന്ന നിർവ്വചനം ഒന്നുംതന്നെ കണ്ടുപിടിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ചെറുകഥയെന്നാലെന്താണെന്ന് തീർത്തുപറയുവാൻ പ്രയാസമായിരിക്കുന്നതുപോലെ, ആ പ്രസ്ഥാനത്തിന്റെ ആദ്യകാലചരിത്രവും വ്യക്തമായി കുറിക്കുവാൻ സാധിക്കുന്നതല്ല. സമുദായത്തിനുള്ളിലെ ഏതൊരു ദശയിലാണോ സാഹിത്യാദി സുകുമാരകലകൾ മനുഷ്യമനസ്സിനെ ആകർഷിക്കുവാനും ആനന്ദിപ്പിക്കുവാനും തുടങ്ങിയത് ആ കാലം മുതല്ക്കുതന്നെ ചെറുകഥയും ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ രൂപമെടുത്തു തുടങ്ങിയിരുന്നുവെന്ന് വാദിച്ചുറപ്പിക്കാവുന്നതാണ്. എന്നാൽ ആ കാലം ഏതാണെ

ന്ന ചോദിച്ചാൽ ഉത്തരം പറയുക അത്ര എളുപ്പമല്ല. അങ്ങനെ ഉണ്ടായ ചെറുകഥയ്ക്ക് യുഗയുഗാന്തരങ്ങളിലായി പുരാണം, ഇതിഹാസങ്ങൾ ഇവയിലൂടെയുണ്ടായ പുരോഗതിയുടെ ചരിത്രം സൃഷ്ടിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലല്ലോ.

പിന്നെ എന്നുമുതലുള്ള ഖണ്ഡകഥാപ്രസ്ഥാനത്തിന്റെ ചരിത്രമാണ് ഇവിടെ പകർത്തുവാൻപോകുന്നതെന്ന് ചോദിച്ചേയ്ക്കാം. ചെറുകഥയ്ക്ക് രൂപമിണങ്ങുന്ന രൂപം സിദ്ധിച്ച കാലം മുതലുള്ള ചരിത്രം മാത്രമേ ഇവിടെ കുറിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. അപ്രകാരം രൂപം കിട്ടിയതു പത്തൊമ്പതാം ശതകത്തിന്റെ ആരംഭത്തിലാണെന്നത്രേ സാഹിത്യചരിത്രകാരന്മാരുടെ ഏകകണ്ഠമായ അഭിപ്രായം. ഏ. ജെ. ജെ. റാറ്റ്ക്ലിഫ്, എലിസബെത്ത് ബോവൻ തുടങ്ങിയവരാകട്ടെ ചെറുകഥയെ കേവലം ഈ ശതാബ്ദത്തിന്റെ ശിശുവായി (The child of this Century) മാത്രമേ കരുതുന്നുള്ളൂ.

ഇന്നത്തെ ഖണ്ഡകഥാപ്രസ്ഥാനത്തിന്റെ ജനയിതാക്കന്മാരായി കരുതിവരുന്നതു് റഷ്യയിൽ സോറോച്ചിൻസ്കി എന്ന സ്ഥലത്തു് 1809-ൽ ജനിച്ചു് നീഷിൻ വിദ്യാഭ്യാസകേന്ദ്രത്തിൽ പഠിച്ചു് 1852-ൽ മരിച്ച നിക്കോളേയിച്ചു് വാസിലീവിച്ചു് ഗോഗോളിനേയും, അതേ വർഷത്തിൽത്തന്നെ ബാൾട്ടിമോറിൽ ജനിച്ചു് സ്റ്റോക്ക് ന്യൂയിങ്ങ്ടണിൽ വിദ്യാഭ്യാസം ചെയ്തു് 1849-ൽ മൃതിയടഞ്ഞ എഡ്ഗർ അല്ലൻ പോയേയും ആണു്. ചെറുകഥയ്ക്കു് അതിനു് യോജിച്ച രൂപവും വേഷവും നല്കി സാഹിത്യരംഗത്തിലേയ്ക്കു് പ്രവേശിപ്പിച്ചതിനു് ആ പ്രസ്ഥാനം അവരോടു് എത്രമാ

ത്രം കടപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല.

റൊമാൻറിക് പ്രസ്ഥാനത്തിൻറെ മൂടുപടത്തിൽക്കൂടെ പ്രത്യക്ഷപ്പെട്ടിരുന്ന ചെറുകഥയുടെ ആവരണം നീക്കി അതിനെ യഥാതഥപ്രസ്ഥാനത്തിൻറെ വെളിച്ചത്തിലേയ്ക്ക് ആദ്യമായി ആനയിച്ചതു് റഷ്യൻ കഥികനായ ഗോഗോളാണെന്നു് കരുതിവരുന്നു. ഒരിക്കൽ മാക്സിംഗോർക്കി പ്രസ്താവിക്കുകയുണ്ടായി, റഷ്യയിലെ പേരുകേട്ട ചെറുകഥാകാരന്മാരെല്ലാം ഗോഗോളിൻറെ 'പുറംകുപ്പായത്തിൽ'നിന്നു് മുളച്ചുവളർന്നവരാണെന്നു്. അതിലടങ്ങിയിരിക്കുന്ന പരമാത്മം എന്തുമാത്രമാണെന്നു് ചെറുകഥാസാഹിത്യചരിത്രത്തിൻറെ പുറങ്ങൾ മറിച്ചുനോക്കുമ്പോഴാണു് വ്യക്തമാവുന്നതു്.

ചെറുകഥയെ വളർത്തിയെടുത്തവരുടെക്കൂട്ടത്തിൽ റഷ്യാക്കാരനായിരുന്ന ആൻറൺ ചെഹോവിൻറേയും (1860–1904) ഫ്റഞ്ചുകാരനായിരുന്ന ഗീ ദെ മോപ്പസാങ്ങിൻറേയും (1850–1893) പേരുകൾ പ്രസ്താവ്യമാണു്. ചെഹോവിനെപ്പോലെ ആഗ്ലേയകഥാസാഹിത്യത്തെ ഇത്രയടുത്തകാലത്തു് ഇത്രയധികം സ്വാധീനിച്ചിട്ടുള്ള ഒരു റഷ്യൻ കഥാകൃത്തു് ഉണ്ടെന്നു് തോന്നുന്നില്ല. അദ്ദേഹത്തിൻറെ പല നല്ല കഥകളും ഇതിനകം നമ്മുടെ ഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്തിക്കഴിഞ്ഞു. ഒരു കുതിരവണ്ടിക്കാരനായ ജോനാ പൊട്ടോപ്പോഫിൻറെ മനോവിഷമത്തെ ആവിഷ്കരിച്ചുകൊണ്ടു് എഴുതിയിട്ടുള്ള 'ഹൃദയവേദന'(Heartache), എപ്പോഴും ആരെയെങ്കിലും സ്നേഹിച്ചുകൊണ്ടിരിക്കുകയെന്നതു് ജീവിതത്തിൻറെ ഒരാവശ്യമായിക്കരുതിയിരുന്ന ഒബ്ളയിൻകായുടെ ജീവിതത്തെ ഒരു മനശ്ശാസ്ത്രജ്ഞൻറെ സാമർത്ഥ്യ

ത്തോടെ വിശകലനംചെയ്യുകാണിക്കുന്ന 'ഓമന' (Darling) ആദിയായവ അക്കൂട്ടത്തിൽപ്പെടുന്നു. ചെഹോവിന്റെ കഥകൾ പുറത്തിറങ്ങിയിട്ട് അൻപതുവർഷം കൊല്ലങ്ങൾ കഴിഞ്ഞുവെങ്കിലും അവയുടെ പുതുമ ഇന്നും നശിച്ചിട്ടില്ല. ചെഹോവിന്റേതിനേക്കാൾ അല്പംകൂടെ ഇരുണ്ട ജീവിതവീക്ഷണഗതിയായിരുന്നു മോപ്പസാങ്ങിന്റേതു്. പച്ചപ്പരമാർത്ഥങ്ങളുടേതായ ടോച്ചുകൊണ്ടു് ജീവിതത്തിന്റെ അന്ധകാരപൂർണ്ണമായ മൂലകളിലേയ്ക്കു് വെളിച്ചമടിയ്ക്കുന്നവയാണു് അദ്ദേഹത്തിന്റെ കഥകൾ. എത്ര മലീമസമായ വിഷയമായാലും ശരി അതു മോപ്പസാങ്ങിന്റെ വിദഗ്ധകരങ്ങളിൽ സുന്ദരമായ കലാസൃഷ്ടിയായി രൂപാന്തരപ്പെടുന്നു. 'ബ്രാനിസയിലെ വീനസ്' (Venus of Braniza) അതിനൊരു നല്ല ഉദാഹരണമാണു്. 'ചന്ദ്രിക' (Moonlight), 'ഒരു പ്രേമകഥ' (A Love Story) തുടങ്ങിയ കഥകൾ മനോഹരമായ പ്ലോട്ടുകൾ ഉൾക്കൊള്ളുന്നവയത്രെ. അദ്ദേഹത്തിന്റെ പല പ്രസിദ്ധ കഥകളും ശ്രീ. എ. ബാലകൃഷ്ണപിള്ള പരിഭാഷപ്പെടുത്തി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാകയാൽ അവയെപ്പറ്റി കൂടുതലൊന്നും പറയുന്നില്ല.

ഗോഗോളിന്റെ പിൻഗാമികളുടെ കൂട്ടത്തിൽ ടോംസ്റ്റോയി, ഗോർക്കി, ടർജനീവ് തുടങ്ങിയവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണു്. ടോംസ്റ്റോയിയുടെ 'ഇരുപത്തിയാറു് ആണും ഒരു പെണ്ണും' (Twenty-six men and a girl), 'അവളുടെ കാമുകൻ' (Her lover) തുടങ്ങിയ കഥകൾ ഒരിക്കൽ വായിച്ചാൽ ഒരു കാലവും മറക്കുവാൻ കഴിയുന്നതല്ല. ഭീതികരമായ ചിന്താഗതിയാണു് ഗോർക്കിയുടെ കഥകളിൽ അലതല്ലുന്നതു്. ടോംസ്റ്റോയിയുടെ കഥകൾ

സന്മാർഗ്ഗപരമായ ഒരടിസ്ഥാനത്തിൽ ഉറച്ചുനില്ക്കുന്നു. ഈയടുത്ത കാലത്തു് റഷ്യൻ സാഹിത്യാന്തരീക്ഷത്തിൽ ഉയന്നുവന്ന ഒരു കഥാകാരനാണു് ഫെഡോർ സോലോഗബ് (Fedor Sologub). ശ്രദ്ധാത്മകപ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന കഥകൾ രചിക്കുന്നതിൽ പ്രശസ്തിയാർജ്ജിച്ചുകഴിഞ്ഞ ഒരു സാഹിത്യകാരനാണു് അദ്ദേഹം. 'വെളുത്ത പട്ടി' (White Dog) തുടങ്ങിയ ഏതാനും കഥകളൊഴിച്ചു് അദ്ദേഹത്തിന്റെ മിക്ക കഥകളും അന്തരാത്മം ഉൾക്കൊള്ളുന്നവയാണു്. 'ബോധോദയം' എന്ന പേരിൽ ശ്രീ. എൻ. പി. നാരായണൻനായർ പരിഭാഷപ്പെടുത്തിയിട്ടുള്ള 'The Enlightened Cobble Stone' എന്ന അദ്ദേഹത്തിന്റെ ചെറിയ ചെറുകഥ അവയ്ക്കൊരു നല്ല ഉദാഹരണമാണു്.

എഡ്ഗർ അല്ലൻ പോയോളംതന്നെ പ്രസിദ്ധിയാർജ്ജിച്ച മറ്റു അമേരിക്കൻ ചെറുകഥാകാരന്മാരാണു് മാക്ക് ടെയിൻ, ബ്രെറ്റ് ഹാർട്ടെ, അംബ്രോസ് ബിയേഴ്സ്, ഒ. ഹെൻറി, ഷെർവുഡ് ആൻഡേഴ്സൺ തുടങ്ങിയവർ. ചെറുകഥാപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അവക്കൊക്കെ മാന്യമായ സ്ഥാനമാണുള്ളതു്. അംബ്രോസ് ബിയേഴ്സിന്റെ 'എ ഹോഴ്സ്മാൻ ഇൻ ദി സ്കൈ' (A Horseman in the Sky) തുടങ്ങിയ കഥകളും മാക്ക്ടെയിനിന്റെ ഹാസ്യപ്രധാനമായവയിൽ പലതും ശാശ്വതമൂല്യം ഉൾക്കൊള്ളുന്നവയാണു്.

ഇംഗ്ലണ്ടിൽ എൺപത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലാണു് ചെറുകഥയ്ക്കു് ഒരു പ്രത്യേക സാഹിത്യരൂപമെന്ന നിലയിൽ പൊതുജനങ്ങളുടെ ഇടയിൽ പ്രചാരം സിദ്ധിച്ചതു്. ഡബ്ളിയു. ഡബ്ളിയു. ജേക്കബ്

സ്, ആർനോൾഡ് ബെന്നറ്റ്, കാതറീൻ മാൻസ്ഫീൽഡ്, ജി. കെ.ചെസ്റ്റർട്ടൻ, ഡി. എച്ച്. ലോറൻസ്, ഇ. എം. ഫോർസ്റ്റർ, ജെയിംസ് ജോയിസ് തുടങ്ങിയവരാണ് ഇംഗ്ലണ്ടിൽ ചെറുകഥാപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സഹായിച്ചിട്ടുള്ളവർ. ജെയിംസ് ജോയിസിന്റെ 'ഡബ്ളിനേഴ്സ്' (Dubliners) മനോഹരമായ പതിനഞ്ചു കഥകളുടെ ഒരു സമാഹാരമാണ്. കഥാവതരണത്തിൽ ജോയിസ് അവലംബിച്ച പുതുമയുള്ള സാങ്കേതികരീതി ചെഹോവിന്റെയും മോപ്പസാങ്ങിന്റേയും ചുവടുകൾ നോക്കി പിന്തുടർന്നിരുന്ന ഇംഗ്ലണ്ടിലെ ചെറുകഥയ്ക്ക് പുതിയൊരു മാർഗ്ഗം തുറന്നുകൊടുത്തുവെന്നു പറഞ്ഞാൽ തെറ്റില്ല.

ഫ്റാൻസും ഇറാലിയും ചെറുകഥയ്ക്ക് നല്കിയിട്ടുള്ള സംഭാവന അഗണ്യമല്ല. പോയുടേയും ഗോഗോളിന്റേയും കാലഘട്ടത്തിൽത്തന്നെ ഫ്റാൻസിൽ ഒരു നല്ല കഥാകൃത്ത് ജീവിച്ചിരുന്നു—ബാൾസാക് (1799–1850). ഈ നൂറ്റാണ്ടിൽ ബാൾസാക്കിന്റെ കഥകൾക്ക് വായനക്കാർ ക്രമേണ്ടിവരികയാണ്. അൽഫോൺസ് ഡോഡേ, ക്യാമ്പൂലെ മെൻഡിസ്, പോൾ മൊറാണ്ട് തുടങ്ങിയ ഫ്റഞ്ചു കഥാകാരന്മാരുടേയും ഗിയോവനി വെർഗാ, എഡ്മണ്ടോ ഡി അമിസിസ് ആദിയായ ഇറാലിയന്മാരുടേയും പേരുകൾ ചെറുകഥാസാഹിത്യത്തിന്റെ ചരിത്രത്തിൽനിന്ന് ഒഴിച്ചുനിർത്തുന്നതു തീർച്ചയായും ഒരപരാധമായിരിക്കും. ജർമ്മൻകാരനായ സ്റ്റീസ്ലർ, വാസ്സർമാൻ, തോമസ്സ്മാൻ എന്നിവർക്കും സ്വിറ്റ്സർലണ്ടുകാരനായ ആഗസ്റ്റ് സ്റ്റ്റിൻഡ്ബർഗ്ഗിനും, ബൾഗേറിയക്കാരനായ ടൊഡോർ പാനോവിനും ഇന്ത്യാക്കാരായ രവീന്ദ്രനാഥടാഗോർ, പ്രേംചന്ദ്

തുടങ്ങിയവർക്കും വിശ്വപ്രസിദ്ധരായ ചെറുകഥാകൃത്തുക്കളുടെ ക്രൂട്ടത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞു.

ഇങ്ങനെ വിവിധ സാഹിത്യകാരന്മാരുടേയും പരിലാളനകൊണ്ട് എണ്ണിയാൽ തീരാത്തത്ര ചെറുകഥകൾ ഉണ്ടായിക്കഴിഞ്ഞു; ഉണ്ടാകുന്നുമുണ്ട്; ഉണ്ടാവുകയും ചെയ്യും. ആ ക്രൂട്ടത്തിൽ ശാശ്വതമായി നിലനില്ക്കുന്നവയും നശ്വരമായവയും ഉണ്ട്. കൃമികൾ ഉണ്ടാവുകയും നശിക്കുകയും ചെയ്യുന്നതുപോലെയായിത്തീർന്നിട്ടുണ്ട്, ചെറുകഥകളുടെ കാര്യം. കാലം ഒരു കരംകൊണ്ട് ചെറുകഥകൾക്ക് ജീവൻ പ്രദാനം ചെയ്യുന്നുണ്ടെങ്കിൽ മറുകരംകൊണ്ട് അവയിൽ ഒരു നല്ല അംശം നശിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ കാലത്തിനോ ദേശത്തിനോ നശിപ്പിക്കുവാൻ കഴിയാത്ത കഥകളുണ്ട്. അവയാണ് യഥാർത്ഥത്തിൽ ചെറുകഥകൾ എന്ന പേരിന് യോഗ്യതയുള്ളവ.

DHARMARAM COLLEGE LIBRARY, BANGALORE. 20132

തിരുത്തിവായിക്കുക.

പുറം	വരി	തെറ്റ്	ശരി
10	22,23	സാഹിങ്ങളി	സാഹിത്യങ്ങളി
15	23	അതുകെ,	അതുകൊ
15	24	നേരിട്ടാൽാ	നേരിട്ടാൽ,
36	7,8	മൂഷ്ണം	മൂഷ്ണം
83	4,5	പ്രണത്തിലാ യതിൻെറ	പ്രണയത്തി ലായതിൻെറ
106	5	മറുകയും	മാറുകയും
111	17	ആഗ്ലേയ	ആംഗ്ലേയ
112	21	ടോംസ്റ്റോയിയുടെ	ഗോക്കിയുടെ
113	23	എൺപത്തൊമ്പതാം	പത്തൊമ്പതാം
114	25	ടൊഡോർ	ടെഡോർ

24-ാം പേജിലെ പദ്യങ്ങളം താഴെ കാണിക്കും പ്രകാരം വായിക്കുക.

"നമ്മുടെ മകനുടെ കയ്യിൽ
ചുമ്മാ നില്ക്കുന്ന നേരമൊരു പട്ടി
നിമ്മ്യാദം കടിപിടി-
യമ്മേ പററിച്ചു പറവ പററിച്ചു

പതിനഞ്ചു ദിനം കഴിഞ്ഞുവെന്നാ-
ലതിലിന്നും വ്രണമുണ്ടുണങ്ങിടാതെ
അതിസങ്കടമേകിടുന്ന പാത്താ-
ലതുകൊണ്ടുണ്ടധികം സഖേ! വിഷാദം."

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

ഗ്രന്ഥകാരനെപ്പറ്റി

"നമ്മുടെ സാഹിത്യത്തിന്റെ ചക്ര
വാളത്തെ വികസ്വരമാക്കാൻ ഉപകര
ക്കുന്ന വിശിഷ്ട ലേഖനങ്ങളാണു്, ശ്രീ
തോമസ് എഴുതികൊണ്ടിരിക്കുന്നതു
ഈ പ്രതിഭാസമ്പന്നനായ ലേഖകന
ഉൗർജ്ജസ്വലമായ ആശയപ്രകാശന
ശൈലി സ്വാധീനമാണു്."

—ശ്രീ. ജി. ശങ്കരക്കുറുപ്പ്.

* * *

"നിങ്ങളുടെ സ്വതന്ത്രമായ സമീക്ഷനം എ
നിക്കിഷ്ടമാണു്. നിങ്ങൾ ചെയ്യുന്നതുപോലെ,
ലോകസാഹിത്യത്തിലെ പ്രവണതകളുടെ പ
ശ്ചാത്തലത്തിൽതന്നെവേണം നമ്മുടെ കൃതിക
ളെ മേലിൽ പരിശോധിക്കാൻ. നിങ്ങളുടെ അ
പഗ്രഥനത്തിൽ സൂക്ഷ്മതയും ആവിഷ്കരണ
ത്തിൽ ഭംഗിയുമുണ്ടു്." (ഒരു സഹകാരിക്ക
ത്തിൽ നിന്നു്)

—ശ്രീ. എസ്. ഗുപ്തൻനായർ

* * *

"ലളിതസുന്ദരമായ ഗദ്യശൈലിയിൽ ഗ്ര
ന്ഥങ്ങളേയും ഗ്രന്ഥകാരന്മാരേയും പറ്റി സമ
ഗ്രവീക്ഷണത്തോടെ നിരൂപിക്കുന്നതിനും ഗഹ
നങ്ങളായ ശാസ്ത്രവിഷയങ്ങളെ സുഗ്രാഹ്യവും
സമാകർഷകവുമായ രീതിയിൽ വിശദീകരിക്കു
ന്നതിനും ശ്രീ. കെ. എം. തോമസിനുള്ള കഴി
വു് അഭിനന്ദനീയമാണു്".

DC Library
00020132
T64 T36